
# NEW VISION
# FOR A CHANGING WORLD

VOL. 5 ■ ISSUE 4 ■ DECEMBER 2004

## A Merry Christmas & A Bright New Year
## To All Our Esteemed Readers



യേശുക്രിസ്തുവിന്റെ ജഡാവതാരവും പരസ്യശുശ്രൂഷയുടെ നിലപാടുകളും, മാനുഷിക പ്രശ്നങ്ങളോടുള്ള പ്രതികരണമെന്തായിരിക്കണമെന്നതിന്റെ ഉദാത്ത മാതൃകയാണ്. ലോകത്തിൽനിന്ന് ഉൾവലിഞ്ഞുള്ള ഒരു ആത്മീയത ക്രിസ്തുശിഷ്യർക്കു യോജിച്ചതല്ല. കാലത്തിന്റെ ചുവരെഴുത്ത് വായിച്ചറിഞ്ഞ്, അനുയോജ്യമായ പ്രതികരണങ്ങൾ നൽകുവാൻ യുവജനങ്ങൾക്കു കഴിയണം.

-ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പ

# NEW VISION FOR A CHANGING WORLD


## EDITORIAL BOARD

**Dr. Mathew Koshy Punnackad**
Chief Editor, New Vision,
Punnackad, Kozhencherry - 689 652
Phone/Fax: 0468-2214068
e-mail : mkoshy@satyam.net.in.

**The Rev.Prof. K.C. Mathew**
Manager & Publisher, New Vision,
Manganam,Kottayam-686 018
Phone: 95481-2351841, Fax: 95481-2574987
e-mail: ktm_mandiram@sancharnet.in.

**The Rev. A.C. Oommen, Oddanchatram**
Phone: 04553 - 40803

**The Rev. Dr. A.T.Abraham, Muvattupuzha**
Phone: 0485-835120

**The Rev. Dr. K.V. Mathew, Kottayam**
Phone: 95481-2573795

**The Rev. Mathew P. Idicula, Chicago**
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

**Mr. M. Kurian, Manganam**
Phone: 95481-2578599

**Prof. George Jacob, Kottayam - 4**
Phone: 95481 - 2573476

**Prof. Zachariah Mathew, Kottayam**
Phone: 95481 - 2566135

## ADVISORY BOARD

Rt. Rev. T.B.Benjamin,Kottayam • Rt.Rev. K.Michael John, Melukavu• Rt.Rev. Dr.Isaac Mar Philoxenos,Kottayam • Rt.Rev.Geevarughese Mar Osthathiose, Parumala • Rt.Rev. Dr. Thomas Mar Athanasius, Muvattupuzha • Rev. Dr. E.C. John,Bangalore • Fr.Dr.K.M. George, Kottayam • Fr. A.P. George,Perumbavoor • Rev. Prof. Mathew Daniel, Kozhencherry • Rev. Shajan Idicula, Thiruvananthapuram • Prof. Philip N.Thomas, Tiruvalla • Prof. Mammen Varkey, Mavelikara • Mr. C. John Mathai, Kottayam • Mr. M.M. Yobel, Kottayam • Adv. K.I. Ninan, Aymanam • Ms. Accamma Paul, Mavelikara • Mr. J.T. Wattachanackal, Chicago • Mr. C.J. Rajan, Chennai

***Contact person in Tamilnadu***
Mr. C.J. Rajan
25 Razak Gardens,8-Cross Street,
Arumbakkam, Chennai-106

***Contact person in Canada***
Major (Retd.) Jacob K. Philipose
98 Arbour Wood Cres. N.W.
Calgary, Alberta, Canada T3G 4C3
Phone: (403) 239 - 8489, e-mail: jacob_p@shaw.ca

***Contact person in USA***
The Rev. Mathew P. Idicula
8548 Wedge Wood Dr.
Burr Ridge, IL 60521, USA
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

***Co-ordinators in USA***
Mr. Kuryan Thampy Jacob, Texas
Mr. Koshy George.,NewYork
Dr. George Joseph,Chicago
Dr. Thomas Koshy, Boston
Mr. Varghese K. David, New Jersey


## വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയുടെ ഓരോ ലക്കവും തലേമാസം കൃത്യം 28ന് കോട്ടയം ആർ.എം.എസ്. വഴി തപാലിൽ നിങ്ങൾക്കയച്ചുവരുന്നു. നിങ്ങളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ മാനേജരെ വിവരമറിയിക്കുമല്ലോ.

### വരിസംഖ്യ

| | | |
|---|---|---|
| ഒരു വർഷത്തേക്ക് | : 75/- രൂപ (വിദേശത്തുള്ളവർക്ക് | US $15) |
| രണ്ടു വർഷത്തേക്ക് | : 140/- രൂപ ( " | US $25) |
| മൂന്നു വർഷത്തേക്ക് | : 200/- രൂപ ( " | US $40) |

സഭാ ശുശ്രൂഷകർക്ക് ഈ നിരക്കുകൾ യഥാക്രമം 60 രൂപ, 110 രൂപ, 150 രൂപ

| | | |
|---|---|---|
| ലൈഫ് മെമ്പർഷിപ്പ് | : 1000/- രൂപ ( " | US$200) |
| പേട്രൺ മെമ്പർഷിപ്പ് | : 10,000/- രൂപ ( " | US $1000) |

### പണവും എഴുത്തുകളും അയയ്ക്കേണ്ട വിലാസം

**മാനേജർ, ന്യൂ വിഷൻ**
മാങ്ങാനം, കോട്ടയം - 686 018
Phone: 95481 - 2351841, Fax: 95481 - 2574987
e-mail: ktm_mandiram@sancharnet.in

*(ചെക്കുകൾ മുഖേന പണമയയ്ക്കുന്നവർ ബാങ്കു കമ്മിഷൻ കൂടെ ചേർക്കണം)*

**കോട്ടയത്തെ സി.എസ്.ഐ. ഡയോസിസൻ ബുക്കു ഡിപ്പോയിലും വരിസംഖ്യയൊടുക്കാവുന്നതാണ്.**

### പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ, പ്രതികരണങ്ങൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം

**ചീഫ് എഡിറ്റർ, ന്യൂ വിഷൻ**
പുന്നയ്ക്കാട്, കോഴഞ്ചേരി - 689 652
Phone/Fax: 0468 - 2214068
e-mail: mkoshy@satyam.net.in

### പരസ്യനിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 3000 | Rs. 2000 | Rs. 1200 |
| Back Cover (inside) | Rs. 2500 | Rs. 1500 | Rs. 1000 |
| Inner Pages | Rs. 2000 | Rs. 1000 | Rs. 800 |


**'NEW VISION FOR A CHANGING WORLD'** is an ecumenical magazine owned by Nava Darshan Trust, a public charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since Feb. 2001. It serves as a forum for exchange of views and a source of inspiration for enlightened action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome.

*Page Layout:* Learners' Kottayam, Tel: 95481 - 2567438

## CONTENTS


- **Sermon**
  **Fear Not**
  ***Dr. Rowan Williams*** 4
- **Theology**
  അബ്രഹാമിന്റെ ബലി
  *പ്രൊഫ. എം. തോമസ് മാത്യു* 5
- **Current Affairs**
  ഗ്ലാമർ ലോകത്ത് കണ്ണുകളുടക്കുമ്പോൾ
  *സിസ്റ്റർ ശോഭ* 7
- **Church Affairs**
  സഭയെക്കുറിച്ചുള്ള വേദനകൾ
  *ഡോ. ജോസ് പാറക്കടവിൽ* 8
- **Science**
  സസ്യങ്ങളില്ലാതിരുന്നാൽ?
  *ഡോ. ജോർജ് എം. തോമസ്* 9
- **Miscellaneous**
  ദൈവത്തിന്റെ സ്വകാര്യവൽക്കരണം 11
  *യൂഹാനോൻ മാർ മിലിത്തോസ്*
- **Education**
  വിദ്യാഭ്യാസമെന്ന കച്ചവടം
  *പ്രൊഫ. എം. തോമസ് മാത്യു* 13
  നാം നേരിടുന്ന സാംസ്കാരിക പ്രതിസന്ധി
  *റവ. പ്രൊഫ. തോമസ് ജോൺ* 14
- **Portrayal**
  പരേതാത്മാക്കൾ ദൈവനീതിയുടെ മുമ്പിൽ
  *ഫാദർജി* 15
- **Devotional**
  വിശുദ്ധ സ്തേഫാനോസ്
  *ഫാ. ഡോ. മർക്കോസ് ജോസഫ്* 16
- **Psychology**
  വാർദ്ധക്യത്തിന്റെ മാധുര്യം
  *ജോർജ് ബഹനാൻ ടി.* 17
- **Literary Review**
  പാർശ്വചിന്തകൾ
  *ഡോ. സി.ജെ. റോയ്* 19
- **Christmas**
  നിസ്സാരതകളിൽ വെളിപ്പെടുന്ന ദൈവിക സാന്നിദ്ധ്യം
  *സാജു ചാക്കോ* 20
- **Glimpses**
  കഥയില്ലാത്ത അൽപ്പം ചില്ലറക്കാര്യങ്ങൾ
  *ഡോ. കെ.വി. വർഗീസ്* 21
- **Responses** 22


## EDITORIAL

# നല്ല മാതൃക

സീറോ മലബാർ സഭയുടെ രണ്ടാം മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിലെ ചർച്ചകളും തീരുമാനങ്ങളും കേരളത്തിലെ ക്രൈസ്തവസഭകൾ ഗൗരവമായി പരിഗണിക്കേണ്ട വിഷയങ്ങളാണ്. സഭയുടെ വിവിധ തലങ്ങളിൽ നേതൃത്വം കൊടുക്കുന്ന നാനൂറോളം പേർ ഒന്നിച്ചിരുന്നാണ് കാലികപ്രസക്തമായ വിഷയങ്ങൾ ചർച്ച ചെയ്തു തീരുമാനങ്ങളെടുത്തത്.

കുടുംബങ്ങളുടെ കെട്ടുറപ്പ് സഭയുടെ വലിയ ശക്തിയായി കാണുന്ന കാത്തോലിക്കാസഭ എയ്ഡ്സ് ഭീഷണിയെ ഒരു പുതിയ തലത്തിൽ നേരിടുവാൻ ഒരുങ്ങുകയാണ്. എയ്ഡ്സ് പോലുള്ള മാരകരോഗങ്ങൾ, രക്തഗ്രൂപ്പുകൾ തമ്മിലുള്ള ചേർച്ചയില്ലായ്മ, മാനസികവൈകല്യം എന്നിവ മൂലം ഗുരുതരമായ പ്രശ്നങ്ങൾ വിവാഹജീവിതത്തിലുണ്ടാകുന്നതൊഴിവാക്കാൻ വിവാഹത്തിനു മുമ്പ് വൈദ്യപരിശോധന നടത്തുന്നതു അഭിലഷണീയമാണെന്ന് അസംബ്ലി അഭിപ്രായപ്പെട്ടിരിക്കുകയാണ്. വിവാഹത്തിനു മുമ്പ് കൗൺസലിംഗ് കൊടുക്കുക വഴി ധാർമ്മിക മൂല്യങ്ങളിലധിഷ്ഠിതമായ കുടുംബജീവിതത്തിന് ദമ്പതികളെ ഒരുക്കണം. വിവാഹം, മരണം വരെ നിലനിൽക്കുന്ന പാവനബന്ധമായതിനാൽ വിവാഹത്തിനു മുൻപ് സ്ത്രീപുരുഷന്മാർ പരസ്പരം മനസ്സിലാക്കുന്നതിനു സാവകാശം കൊടുക്കണമെന്ന് നിർദ്ദേശിക്കുന്നു. ഇനി കുടുംബപശ്ചാത്തലത്തോടൊപ്പം മെഡിക്കൽ രേഖകളും നിർണ്ണായകമാകും. പല കുടുംബങ്ങളെയും കൂട്ട ആത്മഹത്യയിലേക്ക് നയിക്കുന്നതിൽ നിന്ന് വിമോചിപ്പിക്കുവാൻ ഇവയൊക്കെ ഒരു പരിധി വരെ സഹായകമായേക്കാം.

വിദ്യാലയങ്ങളിൽ മൂല്യപ്രചാരണത്തിന് കൂടുതൽ ഊന്നൽ നൽകണമെന്നതാണ് അസംബ്ലിയുടെ മറ്റൊരു നിർദ്ദേശം. വിദ്യാർത്ഥികളുടെ വ്യക്തിത്വവികസനത്തിൽ സഭയുടെ സ്കൂളുകൾ എത്രമാത്രം വിജയിക്കുന്നുണ്ടെന്നു വിലയിരുത്തുവാനും, അതിനനുസൃതമായ തിരുത്തലുകൾ വരുത്തുവാനുമാണു ശ്രമം. അസംബ്ലിയുടെ നിർദ്ദേശങ്ങൾ മറ്റു സഭകളും പഠിക്കണം. അഭിപ്രായം പ്രകടിപ്പിക്കണം. 2004-ലെ ക്രിസ്മസാഘോഷം അർത്ഥസമ്പൂർണ്ണമാകുവാൻ ചില പുതിയ തുടക്കങ്ങൾ കുറിക്കാം. ചില പുതിയ മാതൃകകൾക്ക് തുടക്കമിടാം.

***ചീഫ് എഡിറ്റർ***

യേശുക്രിസ്തുവിന്റെ ജഡാവതാരവും പരസ്യശുശ്രൂഷയുടെ നിലപാടുകളും, മാനുഷിക പ്രശ്നങ്ങളോടുള്ള പ്രതികരണമെന്തായിരിക്കണമെന്നതിന്റെ ഉദാത്ത മാതൃകയാണ്. ദേവാലയത്തിലും തെരുക്കോണുകളിലും കടൽത്തീരത്തും പട്ടണങ്ങളിലും യേശുവിനെ നയിച്ചത് താൻ അഭിമുഖീകരിച്ച പ്രശ്നങ്ങളോടുള്ള പ്രതികരണമായിരുന്നു. താൻ പ്രവർത്തിച്ച അത്ഭുതങ്ങളും അടയാളങ്ങളും മാനുഷികാവശ്യങ്ങളോടുള്ള യേശുവിന്റെ മറുപടിയായിരുന്നു. പ്രശ്നങ്ങളോടുള്ള പ്രതികരണമായിരുന്നു യേശുവിനെ ക്രൂശിലേക്കു നയിച്ചത്. യേശുവിന്റെ ഉത്ഥാനം പ്രതികരണങ്ങളുടെ അതിജീവനം വെളിവാക്കുന്നു. ലോകത്തിൽനിന്ന് ഉൾവലിഞ്ഞുള്ള ഒരു ആത്മീയത ക്രിസ്തുശിഷ്യർക്കു യോജിച്ചതല്ല. കാലത്തിന്റെ ചുവരെഴുത്ത് വായിച്ചറിഞ്ഞ്, അനുയോജ്യമായ പ്രതികരണങ്ങൾ നൽകുവാൻ യുവജനങ്ങൾക്കു കഴിയണം.

*-ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പ*



> **The uniqueness of our Christian faith is that it is inscribed for us not only in a text but in a living human presence in which dwells all the fullness of God. We may confidently say to a nervous secular world, 'Fear not!' God is not coming to abolish but to fulfil the hopes of liberty and human dignity.**

# FEAR NOT

DR. ROWAN WILLIAMS
*Archbishop of Canterbury*

'Fear not', says the angel to Joseph, to Mary, to the shepherds. It is recurring motif in the Christmas stories, and a significant reminder that the overwhelming news of God the Saviour's coming is both all that the human heart could hope for, and also something that powerfully disrupts the way the world goes and the way our lives go. There is something to be afraid of in the renewal of a world: I may not welcome being reconstructed or interrupted. Religious commitment of any depth is bound to say to the world around it that the assumptions and habits of that world are not beyond question. It isn't all that surprising if a secular environment looks at religion not only with suspicion or incomprehension but with fear. There's more than one reason for religious commitment to be made invisible; sometimes invisibility is sought. Here, then, are two quite different aspects of the public face of religious belief and the complex reactions and feelings it produces-a secular world determined to protect itself against any show of religious faith; a religious community fearful about proclaiming its identity in



public because of hatred towards its members. Different problems, different motivations; but behind both lies one central and urgent challenge to do with public face of religious belief in the modern world. Discomfort about religion or about a particular religion may be the response of an educated liberal or, at the opposite extreme, the unthinking violence of an anti-Semite; it isn't easy to face the fact that sometimes the effects are similar for the believer. The fear of faith itself is part of what can breed fear in a vulnerable or minority community, of whatever tradition. And before we rise up and angrily deplore this, it's worth pausing to ask just why faith provokes such a passionate protectiveness.

The believer says to the secular world, 'Don't be afraid!' Yet religion has appeared as something fighting to take over territory in the human soul and the human world-an empire pushing at the frontiers, struggling to defeat the independence and dignity of people. You may remember Swinburne's famous lines-'Thou hast conquered, O pale Galilean! The world has grown grey with thy breath.' That sums up what a great many people believe. It comes from a highly selective version of history, yet it has enough plausibility to need an answer at the very deepest level.

And this is what our Christmas story and our Christmas faith offer. Why should Joseph and Mary and the shepherds not be afraid? Because what happens when God comes to earth is not something like the first landing of an occupying army, the first breach in our defences by a powerful enemy who wants to take all that is ours. The truth is as different as could be; and the clue is in those simple words, 'The Word was made flesh'. When God comes among us, he donesn't first of all clear humanity out of the way so that he can take over; he becomes a human being. He doesn't force his way in to dominate and crush; he announces his arrival in the sharp, hungry cry of a newborn baby. He changes the world not by law and threat but by death and resurrection. He comes in stillness. He comes in dependency and weakness. He comes by God's absolutely free gift. Yet he comes from the heart of our own human world and life, from the womb of a mother, from the free love of Mary's

*(Contd. on Page 8)*



# അബ്രഹാമിന്റെ ബലി

പ്രൊഫ. എം. തോമസ് മാത്യു

അബ്രഹാം അതികാലത്തെ എഴുന്നേറ്റ് കഴുതയ്ക്കു കോപ്പിട്ട് ബാല്യക്കാരെയും കൂട്ടി ഹോമയാഗത്തിനുള്ള തീയും വിറകുമായി മകനുമൊത്ത് പുറപ്പെട്ടു. മൂന്നു നാൾ യാത്ര ചെയ്തു കഴിഞ്ഞപ്പോൾ ദൂരെ യാഗത്തിനു നിശ്ചയിക്കപ്പെട്ട മല കണ്ടു. മോരിയാ ദേശത്ത് എത്തുവോളം ആ നാൽവർ സംഘം എന്തെങ്കിലും ഉരിയാടിയതായി രേഖപ്പെടുത്തിയിട്ടില്ല. അബ്രഹാമും യിസ്ഹാക്കും മാത്രമായി മലകയറി തുടങ്ങിയപ്പോൾ മകൻ ഒരു സംശയം ചോദിച്ചതാണ് ഇവിടെ ആകെയുള്ള നാലു വാക്ക്! അതിന് അബ്രഹാം നൽകിയ മറുപടി അർത്ഥഗർഭമായിരുന്നു; പക്ഷേ, അർത്ഥശങ്ക തീർക്കാത്തതുമായിരുന്നു. ആ യാത്രയ്ക്കിടയിൽ വേറൊരു വർത്തമാനവും ഉണ്ടായില്ലെന്ന് ശാഠ്യത്തോടെ നാം തീരുമാനിക്കേണ്ടതില്ല. എന്നാലും കനം വായ്ക്കുന്ന മൗനം ആ യാത്രാസംഘത്തെ പൊതിഞ്ഞിരുന്നുവെന്ന പ്രതീതിയല്ലേ ആ ആഖ്യാനത്തിലൂടെ കടന്നുപോകുമ്പോൾ തോന്നുന്നത്?

എങ്ങനെ സംസാരിക്കാനാണ്? അബ്രഹാം മനസ്സിൽ പേറുന്നത് ഒരു ദാരുണ രഹസ്യമാണ്. താൻ എല്ലാ പ്രതീക്ഷയും അർപ്പിച്ച് ഓമനിച്ചു വളർത്തുന്ന ഏകമകനെ ദൈവത്തിനർപ്പിക്കാനുള്ള യാത്രയാണത്. ഒരു മകൻ ജനിക്കുമെന്ന ആശ മനസ്സിൽ നിന്ന് മുക്കാലും മാഞ്ഞുപോയ കാലത്താണ് അവന്റെ പിറവി. നിന്നെ ഒരു വലിയ ജനതയാക്കുമെന്ന വാഗ്ദാനം ഒരു വശത്ത്; പടുവാർദ്ധക്യത്തിലേക്കു നീണ്ടുകഴിഞ്ഞ ആയുസ്സ് ഇനി എന്ത് ആശിക്കാൻ എന്ന നിരാശതയിൽ ആണ്ടുപോകുന്നു. എന്നാൽ, വിശ്വാസത്തിന്റെ ശക്തിയിൽ ആ ഇരുണ്ട ആഴങ്ങളിൽനിന്ന് ഉയർന്ന് പ്രത്യാശയുടെ പ്രകാശത്തിലേക്ക് കണ്ണു മിഴിക്കാൻ കഴിയുന്നു. ഇങ്ങനെ നിരാശതയും പ്രത്യാശയും മാറി മാറി ഉദിക്കുന്ന കാലം എത്ര കഴിഞ്ഞുപോയി! ഇനി ആശിച്ചിട്ടെന്തിന് എന്ന തോന്നൽ ഉറച്ചുതുടങ്ങിയ കാലത്താണ് വീണ്ടും വാഗ്ദാനം. അതിൽ പിടിമുറുക്കാൻ അബ്രഹാമിനു ധൈര്യമില്ലായിരുന്നു; സാറാ യഥാർത്ഥത്തിൽ സംശയിക്കുക തന്നെ ചെയ്തു. ആതിഥേയ മര്യാദയാൽ അവൾ പുച്ഛിച്ചു ചിരിച്ചില്ലെന്നേയുള്ളു; ഉള്ളിൽ ചിരി പൊട്ടി!

അങ്ങനെ, ഒടുവിൽ യിസ്ഹാക്ക് ജനിച്ചു. ദൈവത്തിന്റെ വാഗ്ദാനം നിറവേറി. എന്നിട്ടോ? ഇതാ ദൈവം അവനെ ചോദിക്കുന്നു. അവനെ യാഗം കഴിക്കാനുള്ള യാത്രയാണ്. ആ രഹസ്യം അറിയാവുന്നവൻ താൻ മാത്രവും. വെളിപ്പെടുത്താനാകാത്ത ഈ രഹസ്യത്തിന്റെ ദുർവഹ ഭാരംകൊണ്ട് ഹൃദയം നുറുങ്ങുമ്പോൾ വാക്കുകൾ കണ്ഠനാളത്തിൽ ഞെരിഞ്ഞസ്തമിക്കുകയേയുള്ളു. അപ്പന്റെയും മകന്റെയും മദ്ധ്യത്തിൽ ഈ രഹസ്യത്തിന്റെ കനത്ത ഭിത്തിയുണ്ട്. അവർ ചേർന്നു നടക്കുമ്പോഴും അവർ ഒരേ ലോകത്തിലല്ല. അർത്ഥാന്തരങ്ങൾ ഊഹിക്കാൻ വേണ്ടി വളർച്ചയാകാത്ത ഒരു കൗമാരസാരള്യം വിളങ്ങുന്ന യിസ്ഹാക്ക് മനസ്സിലാക്കാൻ പറ്റാത്തതായി ഒന്നേ കണ്ടുള്ളു; എവിടെ യാഗത്തിനുള്ള കുഞ്ഞാട്-വിറകുണ്ട്, തീയുണ്ട്, കത്തിയുണ്ട്, ആട്ടിൻകുട്ടി മാത്രമില്ല. യാഗമൃഗവുമുണ്ടെന്നറിയാവുന്ന പിതാവിനുണ്ടോ അക്കാര്യം തുറന്നു പറയാൻ നാവു വളയുന്നു? ആ വിഷമസന്ധിയിൽ ഉരുകിത്തീരുന്ന മനസ്സുമായല്ലേ അബ്രഹാമിന്റെ യാത്ര?

ഈ വൈകാരികതയ്ക്കു പ്രസക്തിയേറ്റുന്ന ഒരു ചോദ്യം ഇവിടെ ചോദിക്കേണ്ടതുണ്ട്. മൂന്നു ദിവസത്തെ വഴിയാത്രയ്ക്കപ്പുറമുള്ള മോരിയാ ദേശത്തെ മലയിൽ വേണം, മകനെ യാഗം കഴിക്കാനെന്ന് ദൈവം കല്പിച്ചതെന്തിനാണ്? ദൈവം കല്പിച്ചാൽ അബ്രഹാം മകനെയും കൊടുക്കുമോയെന്നു പരീക്ഷിച്ചാൽ മതിയായിരുന്നെങ്കിൽ ഈ വഴിയാത്രയൊന്നും ആവശ്യമില്ല. വെട്ടൊന്ന് മുറി രണ്ട് എന്ന മട്ടിൽ കാര്യം കഴിക്കാവുന്നതേയുള്ളു. ആ വഴിയല്ല ദൈവം തിരഞ്ഞെടുത്തത്.

**ഒരു പൂവു കൊടുക്കാൻ നാം തയാർ; ദൈവം ഉദ്യാനം തന്നെ, ജീവിതം തന്നെ, ആവശ്യപ്പെടുന്നു. ഒരു പൂവു കൊടുക്കുമ്പോഴല്ല, ഉദ്യാനം മുഴുവൻ കൊടുക്കേണ്ടി വരുമ്പോഴാണ്, ഇതെല്ലാം അവിടുത്തേതായിരുന്നല്ലോയെന്നറിയുന്നത്. ദൈവത്തിനു വേണ്ടിയിരുന്നത് അബ്രഹാമിന്റെ മകനെ ആയിരുന്നില്ല, അബ്രഹാമിനെത്തന്നെ ആയിരുന്നു. യിസ്ഹാക്കിനെ അർപ്പിക്കാൻ സന്നദ്ധനായപ്പോഴാണ് അബ്രഹാം തന്നെത്തന്നെ പൂർണ്ണമായി അർപ്പിച്ചത്.**

ഒരു മകനെ നൽകാൻ, മകനെ നൽകുമെന്ന വാഗ്ദാനം പാലിക്കാൻ, അബ്രഹാമിന്റെയും സാറായുടെയും വാർദ്ധക്യം വരെ കാത്തിരുന്ന പരീക്ഷണത്തിന്റെ തുടർച്ച ഇതിൽ കാണാം. ദൈവത്തിന്റെ വാഗ്ദാനത്തിലുള്ള വിശ്വാസം ആവിയായിപ്പോകാൻ ഇടയുള്ളിടത്തോളം കാലം ദൈവം കാത്തിരുന്നു. വാഗ്ദാനം നിറവേറുക സാറാ പ്രസവിക്കുന്ന മകനിലൂടെ ആയിരിക്കുകയില്ലെന്ന വിചാരം ഉറച്ചു വരികയായിരുന്നു. അബ്രഹാം അതു തുറന്നു പറയുകപോലും ചെയ്യുന്നുണ്ട്. അങ്ങനെ ആശ കൈവിട്ടപ്പോൾ, അപ്പോഴും അബ്രഹാമിന്റെ വിശ്വാസം ഉലഞ്ഞില്ല-ദൈവം

മകനെ കൊടുത്തു. അങ്ങനെ കിട്ടിയ മകനോടു ചേർന്നുള്ള യാത്രയാണിത്. യിസ്ഹാക്കിനോടുള്ള സ്നേഹവാത്സല്യങ്ങൾ മുഴുവൻ പതഞ്ഞൊഴുകുന്ന സന്ദർഭമാണത്. താൻ ചെയ്യാൻ പോകുന്ന കാര്യത്തെക്കുറിച്ച് ഏറെ ചിന്തിക്കാൻ അവസരമുണ്ട്. ദൈവത്തോടുള്ള ഭക്തിയും മകനോടുള്ള സ്നേഹവും പരസ്പരം എതിരിടുന്ന അനുഭവം ഏറ്റുവാങ്ങി ഏതു ജയിക്കുമെന്ന് ഭയസംഭ്രമങ്ങളോടെ വീക്ഷിക്കാൻ നിർബന്ധിക്കുന്ന വേളയാണത്. മനസ്സിന്റെ കരുത്തു മുഴുവൻ സമാഹരിച്ച് ഒരു നിമിഷംകൊണ്ട് നടത്തേണ്ട തിരഞ്ഞെടുപ്പല്ല അത്. നീണ്ട മൂന്നു ദിനരാത്രങ്ങൾ ഭക്തിയും സ്നേഹവും നിമിഷം പ്രതി മാറി മാറി ജയിച്ചും തോറ്റും ഒരു മനസ്സിനെ ചവിട്ടിയരച്ച ദീർഘപരീക്ഷണമായിരുന്നില്ലേ അത്? ദൈവം കല്പിച്ചു, അബ്രഹാം അനുസരിച്ചു എന്ന് എളുപ്പത്തിൽ പറയാവുന്ന പരീക്ഷയായിരുന്നില്ല അതെന്നർത്ഥം. അബ്രഹാം അനുസരിക്കുമോ എന്നു മാത്രമല്ല, അനുസരിക്കാനുള്ള തീരുമാനത്തിൽ നിന്നു പിന്മാറുമോ എന്നു കൂടിയാണ് പരീക്ഷിക്കുന്നത്. പിന്മാറാനുള്ള എല്ലാ സാഹചര്യങ്ങളും പ്രേരണകളുമുണ്ട്. മകനെ ബലി കൊടുക്കുകയെന്ന കല്പന അനുസരിക്കുക തന്നെ എത്ര കഠിനം; അതിനെക്കുറിച്ച് മൂന്നു ദിവസങ്ങൾ നിരന്തരം ആലോചിക്കാനും വേണമെങ്കിൽ പിന്മാറാനുമുള്ള അവസരം ഉണ്ടായിരുന്നിട്ടും ആ തീരുമാനത്തിൽ ഉറച്ചു നിൽക്കുന്നത് അതിനേക്കാൾ കഠിനം. ആപൽഭീതി തെല്ലുമില്ലാതെ നിഷ്കളങ്കനായും നിർവിചാരനായും ഒപ്പം നടക്കുന്ന മകനെയാണ് ബലി നൽകേണ്ടത്. അവന്റെ സാന്നിദ്ധ്യം തന്നെ ആ തീരുമാനത്തെ ഉലച്ചുകളയുന്നതാണ്. ഈ പരീക്ഷയിൽനിന്ന് എന്നെ മുക്തനാക്കണമേ എന്ന മൂകമായ പ്രാർത്ഥന നെടുവീർപ്പിന്റെ രൂപത്തിൽപ്പോലും അബ്രഹാമിന്റെ വേകുന്ന മനസ്സിൽ നിന്ന് പുറപ്പെട്ടില്ല. മോരിയായിലേക്കുള്ള ദൂരം പ്രസക്തമാകുന്നത് ഇങ്ങനെയാണ്. ഈ ധർമ്മസങ്കടത്തിൽ പതറാതിരിക്കാൻ അബ്രഹാമിന് എങ്ങനെ കഴിഞ്ഞു?

മകനെ യാഗം കഴിക്കുകയെന്നു കല്പിക്കുന്നതിനും ബാലന്റെ മേൽ കൈവയ്ക്കരുതെന്നു തടുക്കുന്നതിനുമിടയിലുള്ള ആഖ്യാനത്തിലൊരിടത്തും ദൈവത്തെക്കുറിച്ചു പരാമർശമില്ല. എന്നാൽ, ഈ അന്തരാളത്തിൽ ദൈവം സന്നിഹിതനല്ലായിരുന്നുവെന്നു വിചാരിക്കുന്നതു ശരിയാണോ? മോരിയാ വരെയുള്ള യാത്രയിലുടനീളം അബ്രഹാം പരീക്ഷിക്കപ്പെടുകയായിരുന്നുവെന്ന് നാം നിരീക്ഷിക്കുകയുണ്ടായി. അതിനോടു കൂട്ടിച്ചേർക്കേണ്ട മറ്റൊരു കാര്യം കൂടിയുണ്ട്. ഈ പരീക്ഷയിൽ അബ്രഹാം തോൽക്കരുതെന്ന് അഭിലഷിച്ച ഒരാളുണ്ട്. അതു ദൈവം തന്നെയാണ്. അബ്രഹാം ജയിക്കട്ടെയെന്ന് അനുഗ്രഹിക്കാൻ നിർവാഹമില്ല. കാരണം, അങ്ങനെ അനുഗ്രഹിച്ചാൽ പരീക്ഷ അതോടെ തീരും. എന്നാൽ, അബ്രഹാമിന്റെ ഹൃദയപേശികൾ വലിഞ്ഞുമുറുകുകയും ഞരമ്പുകൾ പിടഞ്ഞു തിണർക്കുകയും ചെയ്യുമ്പോൾ തന്റെ ഈ ദാസനിലേക്ക് കൃപ ചൊരിഞ്ഞു കാവൽ ചെയ്ത ദൈവസാന്നിദ്ധ്യം കൂടി അറിഞ്ഞാലല്ലേ ഈ ചിത്രം പൂർണ്ണമാകൂ? ഒരു മഹാപദ്ധതിയുടെ ആരംഭബിന്ദുവാണ് ഈ അബ്രഹാം-അനേക ജനവിഭാഗങ്ങൾക്ക് അനുഗ്രഹമായിത്തീരാൻ, അനേക തലമുറകളിലേക്കു നീളുന്ന വിശ്വാസ സമൂഹത്തിന് പിതാവായിരിക്കാൻ, സവിശേഷ ദർശനത്താൽ താൻ അനുഗ്രഹിച്ച ദാസൻ. എത്രയെത്ര പരീക്ഷകളിലൂടെ കടത്തി ഒലുമ്പിക്കഴുകി സ്ഫുടം ചെയ്ത വിശ്വാസത്തിന്റെ ജീവൽമാതൃകയാണവൻ. അവൻ പരാജയപ്പെടുകയെന്നാൽ ഒരു വൻപദ്ധതി പിൻവലിക്കപ്പെടുകയെന്നാണർത്ഥം.

പിന്നെയെന്തിന് ഇത്ര ക്രൂരമായ പരീക്ഷ അബ്രഹാമിനു നൽകി? ഈ ചോദ്യത്തിന്റെ ഉത്തരം മറ്റൊരു ചോദ്യത്തിന്റെ ഉത്തരത്തിൽ കിടക്കുന്നു. ഈ പരീക്ഷ ഇല്ലായിരുന്നെങ്കിൽ അബ്രഹാം അബ്രഹാമാകുമായിരുന്നോ? വിശ്വാസ സമൂഹം തങ്ങളുടെ ഉദാത്തപൈതൃകം തേടിയെത്തുന്നത് ഇവിടെയാണ്? അബ്രഹാമിന്റെ സന്തതിയെന്ന അഭിമാനമാണ് ഇസ്രയേലിന്റെ അഹംബോധത്തിന്റെ- സ്വത്വവിചാരത്തിന്റെ- ദീപ്രബിന്ദു. കൽദയരുടെ ഊരിൽ നിന്ന് വാഗ്ദത്തഭൂമിയിലേക്കുള്ള അബ്രഹാമിന്റെ യാത്ര പൂവിരിച്ച പാതയിലൂടെയായിരുന്നില്ല. നിരന്തരമായ പരീക്ഷകളിലൂടെ ഇടറിയിടറിയായിരുന്നു ആ യാത്ര. ദൈവത്തിന്റെ വാഗ്ദാനം നിറവേറാൻ സ്വാഭാവികമായ സാദ്ധ്യതകൾ അസ്തമിച്ചുവെന്ന തീരുമാനത്തിൽ എത്തിയപ്പോഴാണ് അതിന്റെ നിറവേറലിനുള്ള ഒരു മുള പൊട്ടുന്നത്. ആ മുളയാണ് ഇപ്പോൾ നുള്ളിത്തരൂയെന്ന് ദൈവം ആവശ്യപ്പെടുന്നത്.

നിന്റെ ഭാര്യയായ സാറായിൽ നിനക്കൊരു സന്തതിയെ തരുമെന്ന ഉറപ്പായ വാഗ്ദാനം ലഭിക്കുമ്പോൾ അബ്രഹാം സംശയിക്കുകയാണു ചെയ്തത്. സംശയിക്കുന്നതല്ലേ സ്വാഭാവികവും? മക്കളില്ലാത്തതിൽ അവൻ ദുഃഖിതനായിരുന്നുവെന്ന് നമുക്കറിയാം. തന്റെ അവകാശി ദമ്മേശെക്കുകാരനായ എല്യേസർ ആകുന്നതിൽ അവനു പരാതിയും ദുഃഖവുമുണ്ട്. ദൈവത്തിന്റെ അനുഗ്രഹങ്ങൾ എത്രയുണ്ടെങ്കിലെന്ത്? അവകാശിയായി പുത്രൻ വേണ്ടേ? ഇതാണ് ആ വിചാരം. പ്രകൃതിയെ സൃഷ്ടിച്ചവന് പ്രകൃതിനിയമം ബാധകമല്ലെന്നു കാണിക്കാൻ കൂടിയാവാം ദൈവം ഇത്ര സമയമെടുത്തത്. പരിഹാസം കൊണ്ട് ഉള്ളിൽ ചിരിച്ചുപോയ സാറായോട് ദൈവം അങ്ങനെ പറയുന്നുമുണ്ട്. സാദ്ധ്യവും അസാദ്ധ്യവും എന്ന വേർതിരിവ് സൃഷ്ടിക്കേയുള്ളൂ. സ്രഷ്ടാവ് ആ പരിമിതിക്ക് അതീതനാണ്. ഇങ്ങനെ, വാർദ്ധക്യത്തിൽ നൽകപ്പെട്ട ഈ മകന്റെ മേൽ ആ പിതാവിനു വാത്സല്യമേറുന്നത് സ്വാഭാവികം മാത്രം. ആ പിടി എത്ര മുറുക്കമുള്ളതെന്ന് പരീക്ഷിച്ചാലേ അറിയൂ. ഇവൻ എന്റെ പുത്രൻ, എന്റെ അവകാശി എന്ന മമതയും അഹങ്കാരവും യിസ്ഹാക്ക് വളരുന്നതിനൊത്ത് അബ്രഹാമിൽ വളരുന്നുണ്ടായിരുന്നുവോ? ദൈവകല്പനയുടെ മുമ്പിൽ ഈ കെട്ട് അറുത്തുവിടാൻ അബ്രഹാം സന്നദ്ധനാകുമോ? അതോ, ഇവൻ എന്റേതെന്ന് അണച്ചു പിടിക്കുമോ?

ടഗോറിന്റെ ഒരു കവിതയുണ്ട്:

"അവിടുത്തെ ശ്രീകോവിലിൽ
ഒരു പുവർച്ചിക്കാൻ ഞാൻ ചെന്നു
അവിടുന്നാകട്ടെ, എന്നോട്
ഉദ്യാനം മുഴുവൻ ചോദിച്ചു."

ഇതാണ് ദൈവത്തിന്റെ രീതി. ഒരു പൂവു കൊടുക്കാൻ നാം തയാർ; ദൈവം ഉദ്യാനം തന്നെ, ജീവിതം തന്നെ, ആവശ്യപ്പെടുന്നു. ഒരു പൂവു കൊടുക്കുമ്പോഴല്ല, ഉദ്യാനം മുഴുവൻ കൊടുക്കേണ്ടി വരുമ്പോഴാണ്, ഇതെല്ലാം അവിടുത്തേതായിരുന്നല്ലോയെന്നറിയുന്നത്. ദൈവത്തിനു വേണ്ടിയിരുന്നത് അബ്രഹാമിന്റെ മകനെ ആയിരുന്നില്ല, അബ്രഹാമിനെത്തന്നെ ആയിരുന്നു. യിസ്ഹാക്കിനെ അർപ്പിക്കാൻ സന്നദ്ധനായപ്പോഴാണ് അബ്രഹാം തന്നെത്തന്നെ പൂർണ്ണമായി അർപ്പിച്ചത്. കൊടുക്കലിന്റെ തത്ത്വശാസ്ത്രം അതാണ്. എത്ര വരെ, എത്ര തന്നെ പ്രിയപ്പെട്ടത്, പിരിയാനാകാത്തത്, കൊടുക്കുമോ എന്നാണ് പരീക്ഷ. അബ്രഹാം ആ പരീക്ഷയുടെ മുമ്പിലാണു നിൽക്കുന്നത്.

*പ്രസിദ്ധ ചിന്തകനും ഗ്രന്ഥകാരനുമായ ദിലീപ്കുമാർ റോയി അതിപ്രശസ്തനായ ഹിന്ദുസ്ഥാനി സംഗീതജ്ഞനുമായിരുന്നു. സംഗീതം അദ്ദേഹത്തിന് പ്രാണനെപ്പോലെ പ്രിയങ്കരവുമായിരുന്നു. അദ്ദേഹം സന്യാസം സ്വീകരിക്കാൻ അരവിന്ദോ ആശ്രമത്തിൽ ചെന്നു. ഗുരുവായ മഹർഷി അരവിന്ദൻ അദ്ദേഹത്തിന്റെ മുന്നിൽ വച്ച ഉപാധി സംഗീതം ഉപേക്ഷിക്കണമെന്നതായിരുന്നു. എന്തൊരു കഠിനമായ പരീക്ഷ! റോയിയുടെ മനസ്സിലൂടെ കടന്നുപോയ ചിന്തകൾ എന്തൊക്കെയായിരുന്നുവെന്ന് അറിഞ്ഞുകൂടാ. എതിർയുക്തികൾ എന്തെല്ലാം പറയാനുണ്ട്. സംഗീതം സാധനയല്ലേ, ഈശ്വരാർച്ചനയല്ലേ? എല്ലാമാണ്. യഥാർത്ഥത്തിൽ ഇവിടെ സംഗീതമുപേക്ഷിക്കലല്ല കാര്യം. അതിലുള്ള അഭിമാനം, അഹങ്കാരത്തിന്റെ ഒരു നിഴൽപാട്. അതു കൂടി ത്യജിച്ചാലേ സന്യാസമാകൂ. അതാണ് അരവിന്ദൻ പറ*

*(ശേഷം പേജ് 10)*



# ഗ്ലാമർ ലോകത്ത് കണ്ണുകളുടക്കുമ്പോൾ



സിസ്റ്റർ ശോഭ

ഇനിയൊരു സൂര്യനെല്ലി ഉണ്ടാകരുതെന്ന് ഹൃദയപൂർവം ആഗ്രഹിച്ചവരാണു നാം. പക്ഷേ, ആസുരത നിറഞ്ഞ ഈ കാലം നമ്മുടെ ആഗ്രഹങ്ങൾക്കനുസരിച്ചല്ലല്ലോ നീങ്ങുന്നത്. കോട്ടയത്തിനടുത്ത് ഒരു സ്വകാര്യ ആശുപത്രിയിൽ ഒന്നരമാസം ജീവനുവേണ്ടി മല്ലിട്ടശേഷം മരണത്തിനു കീഴടങ്ങിയ ശാരി എസ്. നായർ എന്ന പതിനെട്ടുകാരിയും അവളെ അങ്ങനെയാക്കിയ ലതാ നായരും വാർത്തകളിൽ നിറഞ്ഞു നിൽക്കുന്നു. കവിയൂരിൽ ആത്മഹത്യ ചെയ്ത നമ്പൂതിരി കുടുംബത്തിലെ അനഘയുടെയും കൊല്ലം സ്വദേശി ദിവ്യയുടെയും കഥ ഇതിനോടു ചേർത്തു വായിക്കേണ്ടതാണ്. **പെൺവാണിഭമെന്നും സ്ത്രീപീഡനമെന്നുമൊക്കെ കേട്ട് മലയാളിയുടെ മനസ്സ് തണുത്തുറയുകയാണ്. കൂടുതൽ ക്രൂരവും ദാരുണവുമായ സംഭവങ്ങളുണ്ടാകുമ്പോൾ ഒന്നനങ്ങും. പിന്നെയും നമ്മൾ നമ്മുടെ ലോകത്തേക്ക്....**സ്നേഹിച്ച പുരുഷനെ വിശ്വസിച്ചതാണ് സൂര്യനെല്ലി പെൺകുട്ടിക്കു വിനയായതെങ്കിൽ സീരിയൽ നടിയാകാനുള്ള മോഹമാണ് മറ്റു പെൺകുട്ടികൾക്കു കെണിയായത്. അവർക്കു കെണിയൊരുക്കിയതോ - മാതൃസ്ഥാനീയരായ സ്ത്രീകളും! ഈ കാലഘട്ടം മനസ്സിൽ കണ്ടുകൊണ്ടായിരിക്കുമോ, വിനാശത്തിന്റെ അശുദ്ധ ലക്ഷണം നിൽക്കരുതാത്തിടത്ത് നിൽക്കുന്നത് കാണുമെന്നും, മാതാപിതാക്കൾ മക്കളെ ഒറ്റിക്കൊടുക്കുമെന്നും ക്രിസ്തു പറഞ്ഞത്?

പണവും പേരും പ്രശസ്തിയും ആഡംബരവുമൊക്കെ എക്കാലത്തും മനുഷ്യന്റെ പ്രലോഭനമായിരുന്നു. അനീതിയും അക്രമവും ചെയ്യാൻ മാത്രം മനുഷ്യനെയത് അന്ധമാക്കിയിട്ടുമുണ്ട്. എന്നാൽ, നമ്മുടെ കാലമാകട്ടെ അതിന്റെ എല്ലാ അതിരുകളെയും ലംഘിക്കുന്നതാണ്. **ലോട്ടറികളുടെയും ചൂതാട്ടത്തിന്റെയും പിന്നാലെ ഒരു കൂട്ടർ പോകുമ്പോൾ വേറൊരു വിഭാഗത്തെ മോഹിപ്പിക്കുന്നത് സിനിമയുടെയും ടിവി ചാനലുകളുടെയും ഗ്ലാമർ ലോകമാണ്. കൗമാരക്കാരായ പെൺകുട്ടികളാണ് ഈ മോഹവലയത്തിൽ കുടുങ്ങുന്നവരിലേറെയും. രക്ഷാകർത്താക്കളുടെ അറിവോടെയും അല്ലാതെയും ഈ തിളങ്ങുന്ന ലോകത്തേക്ക് യാത്രയ്ക്കൊരുങ്ങുന്ന കുട്ടികളിലേറെയും ചെന്നുപെടുന്നതാകട്ടെ, ജീവിതംതന്നെ കൈവിട്ടുപോയേക്കാവുന്ന കാണാക്കയങ്ങളിലേക്കും.** പെൺവാണിഭ കഥകളൊന്നും സത്യമായിരിക്കരുതേ എന്നാഗ്രഹിക്കുമ്പോഴും നമ്മുടെ സമൂഹത്തിൽ പ്രബലമായിക്കൊണ്ടിരിക്കുന്ന ചില പ്രവണതകളെ അവഗണിക്കാനാവുന്നില്ല. ടിവി സീരിയലുകളിൽ മുഖം കാണിക്കുകയെന്നത് ജീവിതത്തിലെ ഏറ്റവും വലിയ സ്വപ്നമായി കൊണ്ടുനടക്കുന്ന കൗമാരക്കാരുടെ എണ്ണമിവിടെ വർദ്ധിച്ചുവരികയാണ്. ഈ ആഗ്രഹപൂർത്തിക്കായി എന്തു വിട്ടുവീഴ്ചയ്ക്കും തയാറാകാൻ മാത്രം പക്വതയില്ലാത്തവരാണിവർ. കുട്ടികളുടെ ഈ മോഹം ചൂഷണം ചെയ്യാൻ രംഗപ്രവേശം ചെയ്തിരിക്കുന്ന പുതിയ അവതാരങ്ങളാണ് ലതാനായരെപ്പോലുള്ളവർ. പണത്തിനു മുമ്പിൽ രക്തബന്ധങ്ങൾക്കോ സ്നേഹബന്ധങ്ങൾക്കോ വില കല്പിക്കാത്ത ഈ സ്ത്രീകൾ സ്ത്രീത്വത്തിനുതന്നെ കളങ്കമേല്പിക്കുന്നവരാണ്. അമ്മയെപ്പോലെ അവരെ വിശ്വസിച്ചിറങ്ങിയ കുട്ടികളെയാണവർ നശിപ്പിച്ചത്.

**ബന്ധുക്കളുടെ വീട്ടിലും സുഹൃത്തുക്കളുടെ വീട്ടിലുമൊക്കെ പെൺകുട്ടികളെ തനിച്ച് പറഞ്ഞുവിടുന്ന മാതാപിതാക്കൾ ഒരു കാര്യം അറിഞ്ഞിരിക്കുക: നമ്മുടെ കുട്ടികൾ സുരക്ഷിതരല്ല-ആരുടെ കയ്യിലും.** വിശ്വസിക്കാൻ ഇഷ്ടമില്ലെങ്കിലും നമ്മൾ ഇത് വിശ്വസിച്ചേ പറ്റൂ. കേരളത്തിൽ സെക്സ് റാക്കറ്റുകൾ പ്രബലമാകുന്നുവെന്നതും കൗമാരശരീരങ്ങളോട് ആസക്തിയുള്ള ഒരു വിഭാഗം പുരുഷന്മാർ ഇവിടെയുണ്ടെന്നതും നമ്മൾ തിരിച്ചറിയണം. പലപ്പോഴും ദരിദ്രകുടുംബങ്ങളിലുള്ളവരും ശാരീരിക വളർച്ച കൂടുതലുള്ളവരുമായ കുട്ടികളെയാണ് ഇവർ നോട്ടമിടുക. നിഷ്കളങ്കരായ ഈ കുട്ടികളെ വശീകരിക്കാൻ തീരെ ചെറിയ കാര്യങ്ങൾ മതി. പൊട്ട്, വള. ഐസ്ക്രീം....അങ്ങനെ. ഇത്തരം ചൂണ്ടകളുമായി കുട്ടികളെ സമീപിക്കുന്നവർ സ്ത്രീകളാകുമ്പോൾ കാര്യങ്ങൾ കൂടുതൽ എളുപ്പമാകുന്നു. ആപൽശങ്ക കൂടാതെ കുട്ടികൾ ഈ ആന്റിമാരെയും ചേച്ചിമാരെയും എളുപ്പം വിശ്വസിക്കുകയും അവർ വിളിക്കുന്നിടത്തേക്കു പോകുകയും ചെയ്യുന്നു. അപകടം മണക്കുമ്പോഴേക്കും സമയം വൈകിയിട്ടുണ്ടാകും. ഡോക്ടർമാർ, രാഷ്ട്രീയ നേതാക്കൾ, അദ്ധ്യാപകർ, പൊലീസുകാർ, എന്നുവേണ്ട, സമൂഹത്തിന്റെ മുഴുവൻ ആദരവും ലഭിക്കുന്ന വ്യക്തികൾ ഇങ്ങനെയുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നുവെന്നത് നമ്മുടെ നാടിന് ഏറെ അപമാനമുണ്ടാക്കുന്നു. നിഷ്പക്ഷമായി കേസ് അന്വേഷിക്കുന്നതിനും കുറ്റവാളികൾ മാതൃകാപരമായി ശിക്ഷിക്കപ്പെടുന്നതിനും ഇത് തടസ്സമാകുന്നുണ്ട്. അതുകൊണ്ടുതന്നെ ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കുന്നു. പക്ഷേ, നമുക്കു നമ്മുടെ പെൺകുട്ടികളെ രക്ഷിക്കണ്ടേ? അതിന്, അവരെ ചൂഷണം ചെയ്യുന്നവർ ആരായാലും അവരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരികയും പെൺകുട്ടികളുടെ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ മാതാപിതാക്കൾ കുറെക്കൂടി ജാഗ്രത പുലർത്തുകയും വേണം.

കുട്ടികളുടെ ലോകമിന്ന് കൂടുതൽ സങ്കീർണ്ണമാണ്; പഠനത്തിലും കളികളിലും ഒന്നാമതെത്തുവാൻ അവരെ നിർബന്ധിക്കുമ്പോൾ അവരുടെ സ്വകാര്യദുഃഖങ്ങളും പ്രശ്നങ്ങളും മനസ്സിലാക്കാനും മാതാപിതാക്കൾക്കു കഴിയണം. അരുതാത്ത ബന്ധങ്ങളിലും ആഗ്രഹങ്ങളിലുമൊക്കെ അവരുടെ മനസ്സുടക്കിപ്പോകുന്നുണ്ടെങ്കിൽ അതു തിരിച്ചറിയാനും തിരുത്താനും അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും കടമയുണ്ട്. സദാചാരത്തിന്റെയും ജീവിതവിശുദ്ധിയുടെയും പാഠങ്ങൾ കുട്ടികൾക്ക് ചൊല്ലിക്കൊടുത്ത് വളർത്തുവാൻ അവർ പരാജയപ്പെടുന്നുവെന്നതിന്റെ തെളിവല്ലേ ഇതെല്ലാം. ടിവി സീരിയലുകൾക്കു മുന്നിൽ മണിക്കൂറുകൾ ഇരുന്ന് കണ്ണുനീർ പൊഴിക്കുന്നവർക്ക് ഇതിനുള്ള ധാർമിക ബലമുണ്ടാകുമോ? **മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നതെന്ന് ക്രിസ്തു പഠിപ്പിക്കുമ്പോൾ, ഭൗതികനേട്ടങ്ങളൊന്നും-സുഖസൗകര്യമോ സൗന്ദര്യമോ പ്രശസ്തിയോ എന്തുമാകട്ടെ-മനുഷ്യനെ ആത്യന്തികമായി തൃപ്തിപ്പെടുത്തുന്നില്ലെന്നുകൂടി അർത്ഥമുണ്ട്. മാത്രമല്ല, അവ മനുഷ്യനെ കൂടുതൽ അസ്വസ്ഥനാക്കുകയേ ഉള്ളൂ.** ഈയൊരു വെളിച്ചമുള്ളവരായി നമ്മുടെ കുഞ്ഞുങ്ങളെ വളർത്താൻ കഴിഞ്ഞാൽ ഇക്കാണുന്ന വർണ്ണക്കാഴ്ചകളിലൊന്നും അവരുടെ മനസ്സ് ഉടക്കിപ്പോവുകയില്ല.

*(കടപ്പാട്)*

# സഭയെക്കുറിച്ചുള്ള വേദനകൾ: അകത്തും പുറത്തും

ഡോ. ജോസ് പാറക്കടവിൽ

'സഭയെക്കുറിച്ചുള്ള എന്റെ വേദനകളും സ്വപ്നങ്ങളും' എന്ന ശീർഷകത്തിൽ ശ്രീ പോൾ മണലിൽ മലങ്കരസഭാമാസകയിൽ എഴുതിയ ലേഖനം ന്യൂ വിഷനിൽ പുനഃപ്രസിദ്ധീകരിച്ചിരുന്നു. നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നത്, ലേഖകൻ തന്റെ സഭയെക്കുറിച്ചാണ് എഴുതിയതെങ്കിലും എല്ലാ സഭാവിഭാഗങ്ങളിലും വിശ്വാസികളുടെ മനസ്സിൽ തത്തുല്യമായ ചിന്തകൾ നീറിപ്പുകയുന്നുണ്ടെന്നാണ്. അവരുടെ ആകുലതകളും ഉൽക്കണ്ഠകളും പറഞ്ഞറിയിക്കുവാൻ ത്രാണിയില്ലാതെ അവർ വീർപ്പുമുട്ടുകയാണ്. എവിടെയെങ്കിലും ഒരാൾ സത്യങ്ങൾ അനാവരണം ചെയ്യുമ്പോൾ അവർ ആശ്വാസം കണ്ടെത്തുന്നു. എന്തായിരിക്കണമെന്നതിനെക്കാളുപരി, എന്തുണ്ടായിരിക്കണമെന്നു ചിന്തിക്കുന്നവരുടെ നിയന്ത്രണത്തിലാണിന്നു സഭകൾ. സ്ഥാപനവൽക്കരണത്തിന്റെ തീവ്രതയിൽ സംഭവിക്കുന്ന മൂല്യശോഷണം അവർ തിരിച്ചറിയുന്നില്ല. ഓരോ സഭയും നാൾ ചെല്ലുന്തോറും കൂടുതൽ മോശമാകുന്നതല്ലാതെ മെച്ചപ്പെടുന്നില്ല. പാവപ്പെട്ടവരുടെ ശരണവും അഭയസ്ഥാനവുമായിരിക്കേണ്ട സഭകൾ അവർക്ക് അപ്രാപ്യമായി പരിണമിക്കുകയാണോ?

**അതിഭൗതികതയിൽ സഭയുടെ ആത്മാവു നഷ്ടമാകുമ്പോൾ സഭ സ്വയം ദുർബലമാകുന്നതിനെപ്പറ്റി ആർക്കും ഉൽക്കണ്ഠയില്ല. സമൂഹത്തിലെ തിന്മകൾക്കെതിരായി ശബ്ദമുയർത്തേണ്ട സഭ ലൗകിക മാനദണ്ഡങ്ങളെ മാത്രം പരിഗണിച്ചു പ്രവർത്തിക്കുന്നത് ആശാസ്യമല്ല.** ഭരണകർത്താക്കളുടെ തെറ്റുകളെ വിമർശിക്കേണ്ട സഭയ്ക്ക് അതിനുള്ള ശക്തി നഷ്ടമാകുന്നു. ചുരുക്കം ചിലരെങ്കിലും ആത്മവിമർശനത്തിനു തയാറാകുന്നത് ആശ്വാസകരം. ഈയിടെ ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് മാർ പവ്വത്തിൽ ഇങ്ങനെ പറയുകയുണ്ടായി: മാതൃകകളെയാണു സമൂഹം അന്വേഷിക്കുന്നത്. വൈദികർ ഇതു മനസ്സിലാക്കണം. ദൈവവുമായുള്ള ഐക്യതയിൽ വൈദികർ ആദ്ധ്യാത്മിക മനുഷ്യരായിരിക്കണം. ഭൗതിക വളർച്ചയും കാര്യപ്രാപ്തിയും തെളിയിക്കുമ്പോൾ തന്നെ, ആദ്ധ്യാത്മിക ഭാവം കൂടി തെളിയിക്കേണ്ടതത്യാവശ്യമാണ്. ഇത്തരം ആത്മവിമർശനം നടത്തുവാൻ കഴിയുന്നവർ ക്രൈസ്തവസഭകളിൽ അധികമല്ലെന്നതാണ് ഇന്നനുഭവപ്പെടുന്ന പ്രതിസന്ധി. അക്രൈസ്തവർ പലരും ക്രൈസ്തവർ എങ്ങനെയായിരിക്കണമെന്നു ചൂണ്ടിക്കാട്ടേണ്ട ദുഃസ്ഥിതി നിലവിലിരിക്കുന്നു. പരുമല പെരുന്നാളിനോടനുബന്ധിച്ച് ഡോ. സുകുമാർ അഴീക്കോട് നടത്തിയ പ്രസംഗം അത്തരത്തിലുള്ള ഒന്നായിരുന്നു. ക്രിസ്തുവിന്റെ ത്യാഗമനോഭാവത്തെ സ്വജീവിതത്തിലേക്കു തർജ്ജമ ചെയ്യുകയായിരിക്കണം ക്രൈസ്തവധർമ്മം എന്നദ്ദേഹം ഉപദേശിച്ചു. തർജ്ജമയിൽ പലപ്പോഴും മൂല്യത്തിലെ ആശയങ്ങൾ വികലമാകാം. ഈ അപകടമാണിപ്പോൾ ഏറെയുള്ളത്. അനൈക്യത്തിന്റെ സാഹചര്യങ്ങളിൽ ഐക്യമുണ്ടാക്കുന്നവരാണ് യഥാർത്ഥ ക്രൈസ്തവർ എന്നദ്ദേഹം അനുസ്മരിച്ചു. ക്രിസ്തുവിന്റെ ജനനം മുതലുള്ള സംഭവങ്ങളെ ദൃഷ്ടാന്തീകരിച്ചു



കൊണ്ട് പാവങ്ങളോട് സഭകൾക്കുണ്ടായിരിക്കേണ്ട പ്രതിജ്ഞാബദ്ധത അദ്ദേഹം ചൂണ്ടിക്കാട്ടി. ഏതു പ്രവൃത്തിയിലേർപ്പെടുമ്പോഴും, ഇതു ക്രിസ്തുവിന് അനുഗുണമാണോയെന്നാണ് ക്രൈസ്തവർ ചിന്തിക്കേണ്ടത്. അതായിരിക്കണം അവർക്ക് മാനദണ്ഡം എന്നദ്ദേഹം വ്യക്തമാക്കി. തന്റെ വാക്കുകൾ ചെവിക്കൊള്ളുവാൻ എത്ര പേരുണ്ടാവുമെന്നതു പ്രശ്നമല്ലെന്നും, കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെയെന്നു ക്രിസ്തു പറഞ്ഞതിനെ സ്മരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. **സഭ എന്തായിരിക്കണമെന്ന് മറ്റുള്ളവർ നമ്മെ അനുസ്മരിപ്പിക്കേണ്ടി വന്നിരിക്കുന്ന ഈ കാലയളവ് സഭാചരിത്രത്തിലെ ഏറ്റവും മോശമായ കാലഘട്ടമാണെന്നു പറയാതെ വയ്യ.** ●

## FEAR NOT *(Contd. from Page 4)*

heart given to God in trust. And this is mysteriously the same thing as his 'coming down from heaven'. He is utterly different, the human being who lives God's own life; he is utterly the same, like us in all things, as the Bible says. The manner of his coming tells us so many things-but not the least is that human nature, bruised and disfigured as it is by sin, is still capable to bearing the life of God. In the birth of God in flesh and blood, we see what we were made to be-carriers of divine love. And with this birth we begin our journey back to where we belong, back to God, back to what we were made to be. To live in peace and delight with God does not mean that our humanity has first to undergo such radical surgery that it barely seems human any more, that our nature has to be beaten into submission by a divine aggressor. He came all so still; he came to his own.

Here then is the real Christian response to the modern secular person's fear. God is no hostile alien, snatching away what belongs to us. Faith is not either a perversion of human freedom or a marginal and private eccentricity. It is human freedom raised to its fullest by the fact that God has embraced it in love-'from his fullness have we all received, grace upon grace'. The Word is no stranger in the world; he is the very centre and energy of creation itself, the heart of every heart. So Christian faith does not seek to carve out a territory to defend for itself, nor does it look to take over a potentially rebellious world and subdue it by force. It simply witnesses to the world that the world will never be fully itself except in the glad receiving of God's presence and the recognition of the 'true light' at the centre of all human, all created life. If this makes us afraid, the Christian will say, that is because at some level we are afraid of ourselves, of what we may have to change our lives unrecognisably in order truly to become ourselves.

No, it isn't comfortable, it may be terrifying. 'He came to his own', yes 'and his own would not receive him' and 'his own' in this context is all of us who are made in his image and who yet can't cope with his promise. And because we people of faith have so often behaved as though we had never heard or understood the Christmas

(Contd. on Page 12

# സസ്യങ്ങളില്ലാതിരുന്നാൽ?

ഡോ. ജോർജ് എം. തോമസ്



സസ്യങ്ങൾ-അവയുടെ വിഭവശേഷി പ്രകൃതിയെ നിലനിർത്തുന്നു! സസ്യങ്ങളും ജന്തുക്കളും ജീവനുള്ളവയാണെന്നു പറയുമ്പോൾ, അവയ്ക്ക് പൊതുവായ ചില സവിശേഷതകളുണ്ടെന്നാണു വിവക്ഷ-ജനനം, വളർച്ച, സന്താനോൽപ്പാദനം, മരണം. ജീവനില്ലാത്ത വസ്തുക്കൾക്ക് ഇങ്ങനെയൊരു ജീവചക്രമില്ല. ജീവന്റെ അടിസ്ഥാനഘടകമായ പ്രോട്ടോപ്ലാസം എല്ലാ ജീവികളും ഉൾക്കൊള്ളുന്നുണ്ട്. അതില്ലാതെ ജീവൻ സാധ്യമല്ല. പോഷകസാധനങ്ങൾ സംഭരിച്ച് വളർത്തിയുപയോഗിക്കാനുള്ള കഴിവ് എല്ലാ ജീവികൾക്കുമുണ്ട്. ജീവലക്ഷണങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം:-

***ശ്വാസോച്ഛ്വാസം.*** ഓക്സിജൻ അകത്തേക്ക് എടുക്കുകയും കാർബൺ ഡയോക്സൈഡ് പുറത്തേക്ക് വിടുകയും ചെയ്യുന്നു. ഊർജ്ജം ലഭിക്കുന്ന ഒരു പ്രക്രിയയാണിത്.

***വളർച്ച.*** ജീവനുള്ളവ വളരുന്നു. അകമേ നടക്കുന്ന കോശവിഭജനത്തിന്റെ ഫലമാണിത്.

***ചലനശേഷി.*** ജീവനുള്ളവയ്ക്ക് പല തരത്തിലുള്ള ചലനങ്ങളുണ്ട്. സസ്യങ്ങൾ നടന്നു നീങ്ങുന്നില്ല; പകരം, വേരിൽ ഉറച്ചുനിൽക്കും.

***പ്രതികരണശേഷി.*** വെളിച്ചം, ചൂട്, ഗുരുത്വാകർഷണം തുടങ്ങി ബാഹ്യമായ പ്രതിഭാസങ്ങളോട് പ്രതികരിക്കുന്നു; സഹിക്കുകയും എതിർക്കുകയും ചെയ്യുന്നു. ജീവനില്ലാത്തവ പ്രതികരിക്കുന്നില്ല.

***സന്തതികൾ.*** പ്രസവിക്കുക, മുട്ടയിടുക, കായ്കനികൾക്കുള്ളിൽ കുരു വിതരണം (seed dispersal), ചില്ലകൾ മുളയ്ക്കുക എന്നിങ്ങനെ.

സസ്യങ്ങൾക്ക് കോശഭിത്തികളാൽ ആവരണം ചെയ്യപ്പെട്ട ചെറിയ കോശങ്ങൾ (cells) ഉണ്ട്. ഭക്ഷണം ദ്രാവകരൂപത്തിലാണ്. പച്ചിലകൾ കാർബൺ ഡയോക്സൈഡിൽ നിന്ന് കാർബൺ വേർതിരിച്ച് ജലത്തിന്റെയും സൂര്യപ്രകാശത്തിന്റെയും സഹായത്തോടെ ഭക്ഷണം പാകപ്പെടുത്തുന്നു. പുറന്തള്ളുന്ന ഓക്സിജൻ നമ്മുടെ ശ്വസനത്തിനുപകരിക്കുന്നു. നോക്കൂ, അങ്ങകലെ ഒരു വൻ വൃക്ഷം ചുറ്റും ശാഖകൾ വിടർത്തി കാറ്റത്ത് ആടിയുലഞ്ഞ് ദൃഢതയോടെ നിൽക്കുന്നു. മുകളിലേക്കുള്ളിടത്തോളം വളർച്ച വേരുകളിലൂടെ കീഴ്പോട്ടുമുണ്ട്. ഈ വേരുകൾ വെള്ളം തേടി വളരെ ദൂരം സഞ്ചരിക്കും. വൃക്ഷത്തിന് സ്ഥലംവിടാൻ പറ്റില്ലല്ലൊ. ആവശ്യമുള്ള ആഹാരം ദ്രാവകരൂപത്തിൽ വേരുകളിലൂടെ സംഭരിക്കുന്നു. നൈട്രജൻ വലിച്ചെടുക്കുന്നത് മണ്ണിൽ നിന്നാണ്. മരങ്ങളിലുണ്ടാകുന്ന ഫലങ്ങൾ പഴുത്താൽ അവ സൗജന്യമായി വിതരണം ചെയ്യുന്നു. പ്രത്യുപകാരമായി, പഴം ഭക്ഷിക്കുന്നവൻ വിത്തുവിതരണം ഏറ്റെടുക്കും. കുരു ഉള്ളിൽച്ചെന്നാൽ ദഹിക്കുകയില്ലല്ലൊ. അത് വെളിയിലെവിടെയെങ്കിലും ചെന്നു വീണാൽ തൈകളുണ്ടാകും, വിദൂരതയിലാണെങ്കിൽപ്പോലും. ആറ്റിൽ വീണാൽ പൊങ്ങിക്കിടക്കും; കരയ്ക്കടുത്താൽ അവിടെ മുളയ്ക്കും. വൃക്ഷത്തിന്റെ എല്ലാ ഭാഗങ്ങളും മറ്റുള്ളവർക്ക് ഉപകാരപ്രദമാണ്. മരണശേഷം വൃക്ഷത്തിന്റെ തടിയും ഇലകളുമൊക്കെ മറ്റു ജീവികൾ പ്രയോജനപ്പെടുത്തുന്നു. സസ്യങ്ങളെ തരംതിരിച്ച് ഓരോന്നിന്റെയും കഴിവുകളും അവ പ്രപഞ്ചത്തിലനുഷ്ഠിക്കുന്ന സേവനങ്ങളും വിവരിക്കുവാൻ സമയം പോരാ. ഏറ്റവും ചെറിയ സസ്യങ്ങളെ ഒന്നു പരിശോധിക്കാം.

**ബാക്ടീരിയ:** സസ്യങ്ങളുടെ ഏറ്റവും ചെറിയ ഘടകമാണ് ബാക്ടീരിയ. ഘടനയിൽ ലളിതമെങ്കിലും, വായുവിലും മണ്ണിലും വെള്ളത്തിലും, എന്നുവേണ്ട, ജീവിക്കുന്നതും മരിച്ചതുമായ എല്ലാറ്റിലും ബാക്ടീരിയകളുണ്ട്. അവയ്ക്ക് ക്ലോറോഫിൽ ഇല്ല. അതുകൊണ്ട് ഗുണവും ദോഷവുമുളവാക്കുന്നു. ഗോളം, നീണ്ടുരുണ്ട വടി, സ്പ്രിങ് എന്നിങ്ങനെ വ്യത്യസ്ത രൂപത്തിലും ആകൃതിയിലുമുള്ള ബാക്ടീരിയകളുടെ ഓരോ സെല്ലും വിഘടിച്ച് അതിശീഘ്രം വർധനയുണ്ടാകുന്നു. ബാക്ടീരിയയുടെ പുതിയ രൂപങ്ങൾ രോഗം ഭേദമാക്കാൻ ഉതകുന്നു. മണ്ണിൽ വളമുണ്ടാകാൻ ബാക്ടീരിയയുടെ സഹായം വേണം. മണ്ണിനാവശ്യമുള്ള പല പദാർത്ഥങ്ങളും ചീഞ്ഞുനാറുന്ന വസ്തുക്കളിൽ നിന്ന് മണ്ണിലെത്താൻ ബാക്ടീരിയ ആവശ്യമാണ്. അവയുടെ അണുക്കൾ പാൽ തുടങ്ങിയ ഭക്ഷണപദാർത്ഥങ്ങൾ ഉപയോഗശൂന്യമാക്കും. അത്തരം ബാക്ടീരിയയെ അകറ്റി, മറ്റു നല്ല ബാക്ടീരിയയെ കൂട്ടുപിടിച്ചാണ് പാൽ, വെണ്ണ മുതലായവ കേടാകാതെ സൂക്ഷിക്കുന്നത്. മിക്ക ബാക്ടീരിയയും സസ്യങ്ങൾക്കും ജന്തുക്കൾക്കും രോഗം വരുത്തിവയ്ക്കും. ക്ഷയം, ടൈഫോയ്ഡ്, ന്യൂമോണിയ, ടെറ്റനസ് തുടങ്ങിയവ ബാക്ടീരിയയുടെ സംഭാവനകളാണ്. ഈ രോഗങ്ങളെ പ്രതിരോധിക്കുവാനും ബാക്ടീരിയയെ പാകപ്പെടുത്തിയെടുക്കാം.

**ആന്റിബയോട്ടിക്സ്:** പെനിസിലിൻ, സ്ട്രെപ്ടൊമൈസിൻ, ടെറാമൈസിൻ, ക്ലോറൊമൈസിൻ എന്നീ ഔഷധങ്ങൾ കണ്ടുപിടിച്ചത് സസ്യങ്ങളിലെ ഏറ്റവും ചെറിയ കണങ്ങൾ പാകപ്പെടുത്തിയാണ്. ജീവികളുടെ ജീവൻ രക്ഷിക്കാൻ സഹായകമായിത്തീർന്നത് സസ്യാംശങ്ങളാണ്. കൂടാതെ, എല്ലാ ജീവികൾക്കും ഭക്ഷണമായി ഉപയോഗിക്കാവുന്ന എത്രയിനം വിഭവങ്ങളാണ് സസ്യങ്ങൾ നമുക്ക് ദാനം ചെയ്യുന്നത്. നെല്ല്, ഗോതമ്പ്, ചോളം തുടങ്ങിയ ധാന്യങ്ങൾ; ഉഴുന്ന്, പരിപ്പ്, പയർ, കടല തുടങ്ങിയ പയറുവർഗ്ഗങ്ങൾ; വെളിച്ചെണ്ണ, നല്ലെണ്ണ തുടങ്ങിയ എണ്ണക്കുരുക്കൾ; കപ്പ, കാച്ചിൽ, ചേന, ചേമ്പ്, ഉരുളക്കിഴങ്ങ് തുടങ്ങി മണ്ണിനടിയിൽ വളരുന്ന കിഴങ്ങുകൾ; തെങ്ങ്, റബർ മുതലായ



വൃക്ഷങ്ങൾ; ഏലയ്ക്ക, ഗ്രാമ്പു, ഇഞ്ചി, കുരുമുളക് എന്നീ സുഗന്ധദ്രവ്യങ്ങൾ; പരുത്തി, ചണം, കയർ എന്നിങ്ങനെ പലതരം ചരടുകൾ; കാപ്പി, തേയില തുടങ്ങിയ പാനീയങ്ങൾ; മാങ്ങ, ചക്ക, പേരയ്ക്ക, പൈനാപ്പിൾ, തക്കാളി എന്നിങ്ങനെ എത്രയിനം പഴങ്ങൾ. ഇഷ്ടാനുസരണം അവ ഭക്ഷിക്കാം, കുരു വിതരണം നടക്കണമെന്നു മാത്രം.

**കാലനിർണ്ണയം:** സസ്യങ്ങളിലും ജന്തുക്കളിലും ഒരു നിശ്ചിതയളവ് കാർബൺ ($C^{14}$) അടങ്ങിയിരിക്കുന്നു. എന്നാൽ, ജീവിയോ സസ്യമോ മരിച്ചുകഴിഞ്ഞാൽ ഈ അളവ് ക്രമേണ കുറയുന്നു. സസ്യത്തിന്റെയോ ജീവിയുടെയോ അവശിഷ്ടത്തിലടങ്ങിയ $C^{14}$-ന്റെ അളവ് തിട്ടപ്പെടുത്തി അവ മരിച്ച കാലഘട്ടം കണക്കാക്കാൻ കഴിയും. വളരെയേറെപ്പഴക്കമുള്ള അവശിഷ്ടങ്ങളാണ് പരിശോധിക്കാറുള്ളത്. ഇജിപ്റ്റിലെ പിരമിഡുകളുടെ ഉള്ളിലെ സസ്യ, ജന്തു അവശിഷ്ടങ്ങൾ $C^{14}$ കാലനിർണ്ണയത്തിനു വിധേയമാക്കിയപ്പോൾ കിട്ടിയ വിവരങ്ങളിൽ കാര്യമായ തെറ്റുണ്ടായിരുന്നില്ല. എന്നാൽ, നോഹയുടെ പെട്ടകത്തിന്റെ പഴക്കം, ക്രിസ്തുവിനെ തറച്ചുകൊന്ന കുരിശുമരത്തിന്റെ പഴക്കം എന്നിവ നിർണ്ണയിച്ചപ്പോൾ പരാജയപ്പെടുകയാണുണ്ടായത്. ●

## അബ്രഹാമിന്റെ ബലി *(പേജ് 6 തുടർച്ച)*

*ഞ്ഞത്. ദിലീപ്കുമാർ റോയി മേലാൽ പാടുകയില്ലെന്നു പ്രതിജ്ഞയെടുത്തിട്ടാണ് ദീക്ഷ കൈക്കൊണ്ടത്. ആ അഹങ്കാരം നീങ്ങിയെന്നു ബോദ്ധ്യമായപ്പോൾ ഗുരു തന്നെ അദ്ദേഹത്തോടു പാടാൻ ആവശ്യപ്പെട്ടുവത്രെ. അങ്ങനെ പാടിയപ്പോൾ, ഇതെന്റെ സംഗീതം, എന്റെ സിദ്ധിയുടെ ആവിഷ്കാരം എന്ന അഹങ്കാരത്തിന്റെ ലാഞ്ചന പോലും അദ്ദേഹത്തിലുണ്ടായിരുന്നില്ലെന്ന് നമുക്ക് ഊഹിക്കാം. ആ പാട്ടിൽ അഭിമാന കൃതാർത്ഥതയില്ല; ശുദ്ധമായ, കേവലമായ, നിർല്ലിപ്തമായ, ആത്മാർപ്പണം മാത്രമേയുള്ളൂ.* ഇത്തരം ഒരവസ്ഥയിലേക്ക് അബ്രഹാമിനെ ഉയർത്താനാണ്, അബ്രഹാം ഉയരുമോയെന്നറിയാനാണ് ദൈവം പരീക്ഷിച്ചത്. യിസ്ഹാക്കിന്റെ മേൽ, ഇവനെന്റെ മകൻ എന്ന സന്തോഷവും അഭിമാനവും അബ്രഹാമിൽ വളരുന്നുണ്ടാവാം; അത്രത്തോളം ഇവൻ ദൈവത്തിന്റെ ദാനം, ദൈവത്തിന്റെ ഏതോ ഹിതത്തിനുവേണ്ടി നിയോഗിക്കപ്പെട്ടവൻ, എന്ന വിചാരം മങ്ങിപ്പോകാനുമിടയുണ്ട്. അങ്ങനെ സംഭവിച്ചാൽ അബ്രഹാമിനെക്കുറിച്ചുള്ള ദൈവോദ്ദേശ്യം വ്യർഥാവിലാകും. അബ്രഹാം പഴയ അബ്രാം മാത്രമാകും. അല്ലാതെ, യിസ്ഹാക്കിനെ ബലിയായി അർപ്പിച്ചാൽ ദൈവത്തിനെന്തു പ്രയോജനം? അതുകൊണ്ടാണ് ബാലന്റെ കഴുത്തിനുമേൽ ഉയർന്ന കത്തി ദൈവം തടഞ്ഞത്. തന്റെ ദാസൻ പൂർണ്ണമായും തന്റെ ദാസൻ തന്നെ. സ്തോത്രങ്ങളൊതുക്കി കത്തി ഉയർത്തിയപ്പോഴാണ് അബ്രഹാം അങ്ങനെയായത്. പരീക്ഷിച്ചതു ദൈവമാണ്. പരീക്ഷയിൽ ജയിക്കാൻ കൃപ ചൊരിഞ്ഞതും ദൈവമാണ്.

ആര്യയജ്ഞങ്ങളിൽ ആവർത്തിക്കാറുള്ള ഒരു മന്ത്രമുണ്ടത്രെ- 'ഇദം ന മമ.' ഇത് എന്റേതല്ല എന്നർത്ഥം. അഗ്നിയിൽ അർപ്പിക്കുന്ന ഈ ഹവിസ് എന്റേതല്ല, അർപ്പിക്കാൻ നീട്ടിയ ഈ കൈ എന്റേതല്ല; ഈ കൈയുടെ ഉടമയായ ഞാൻ എന്റേതല്ല....എന്നിങ്ങനെ അത് അഹംബോധത്തെ തള്ളിപ്പറയുന്നു. ആ വിചാരത്തെ മായിച്ചുകളയുന്നു. യജ്ഞം ഈ അഹങ്കാരമുക്തിയാണ്, ഞാൻ എന്ന ഭാവത്തിൽ നിന്നുള്ള മോചനമാണ്. ജീവിതം യജ്ഞമാകുന്നത്-പ്രാർത്ഥനയാകുന്നത്-അഹങ്കാരത്തിൽനിന്നുള്ള മോചനമാകുമ്പോഴാണ്. മോരിയായുടെ നേരെ നടന്നുനീങ്ങുമ്പോൾ അബ്രഹാം ഈ പ്രക്രിയയിലൂടെയാണ് കടന്നുപോകുന്നത്. സ്വാർത്ഥത്തിന്റെ എല്ലാ പാടുകളും മായിച്ചുകളയുകയായിരുന്നു അവൻ. ലോകത്തിന് അനുഗ്രഹമാകാൻ വിളിക്കപ്പെട്ടവൻ ഈ വഴി നടന്നേ മതിയാകൂ. ദൈവം അബ്രഹാമിനോട് അവന്റെ മകനെ യാഗം കഴിക്കാനാവശ്യപ്പെട്ടു. അവൻ മടി കൂടാതെ ബാലന്റെ കഴുത്തിനു നേരെ കത്തി ഉയർത്തിയപ്പോൾ, അബ്രഹാമിന്റെ അനുസരണത്തിലും വിശ്വാസദാർഢ്യത്തിലും പ്രീതി പൂണ്ട ദൈവം മകനെ യാഗം കഴിക്കേണ്ടെന്നു കല്പിച്ചുവെന്ന് ലഘുവായി പറഞ്ഞുതീർക്കാവുന്നതല്ല ഈ പരീക്ഷ എന്നാണ് ഇതു കാണിക്കുന്നത്. ഈ ആഖ്യാനത്തിന്റെ ഉള്ളിൽ യഥാർത്ഥമായ യാഗം നടക്കുന്നത് നാം കാണാതിരുന്നുകൂടാ. ദൈവം കാണിച്ചു കൊടുത്ത കുഞ്ഞാടിനെ യിസ്ഹാക്കിനു പകരം യാഗം കഴിച്ച കാര്യമല്ല ഇവിടെ സൂചിപ്പിക്കുന്നത്. മോരിയായിലേക്കുള്ള യാത്രയിലുടനീളം അബ്രഹാമിന്റെ മനസ്സിലുണ്ടായ പോരാട്ടത്തിന്റെ ഏകദേശചിത്രം നാം ഊഹിക്കാൻ ശ്രമിക്കുകയുണ്ടായി. ഓരോ തവണയും മോരിയായിലെ മലയിൽ ഒരുക്കാൻ പോകുന്ന യാഗപീഠത്തിനുനേരെ നടക്കാൻ തീരുമാനിക്കുമ്പോൾ അബ്രഹാം തന്റെ അനന്യദൃഷ്ടമായ വിശ്വാസത്തെ വെളിപ്പെടുത്തുക മാത്രമല്ല ചെയ്തത്, തന്നെത്തന്നെ ഹനന യാഗമായി അർപ്പിക്കുക കൂടിയായിരുന്നു. അത് ആവർത്തിക്കപ്പെട്ട യാഗമാണ്- ദൈവം മാത്രം കണ്ട യാഗം. അബ്രഹാം തന്നെത്തന്നെ യാഗമായി അർപ്പിക്കട്ടെയെന്നായിരുന്നു ദൈവം കല്പിച്ചതെങ്കിൽ അത് നിഷ്പ്രയാസം നിറവേറ്റപ്പെടുമായിരുന്നു. എന്നാൽ, ദൈവത്തിന് അതു പോരാ; മകനെ ചോദിച്ചപ്പോൾ, ആത്മദാനത്തെ കവിയുന്ന കാര്യം ദൈവം ചോദിച്ചു. അതിന്റെ പൂർത്തീകരണ നിമിഷത്തിലേക്കുള്ള യാത്രയിൽ അബ്രഹാം ആവർത്തിച്ച് തന്നെത്തന്നെ അർപ്പിക്കുകയും ചെയ്തു. അങ്ങനെയാണ് അബ്രഹാം വിശ്വാസികളുടെ പിതാവായത്.

മനുഷ്യന്റെ മഹത്ത്വം നിർണ്ണയിക്കുന്നത് അവൻ അഭിമുഖീകരിക്കുന്ന ധർമ്മസങ്കടങ്ങളുടെ തീക്ഷ്ണതയാണ്. അവന്റെ വലിപ്പം അവൻ അനുഭവിച്ച ദുഃഖങ്ങളുടെ വലിപ്പമാണ്; അവൻ നേരിട്ട പരീക്ഷകളുടെ കാഠിന്യമാണ്. ഒരു പരീക്ഷയും നേരിടേണ്ടി വന്നിട്ടില്ലാത്ത ജീവിതം ഒന്നിനും കൊള്ളുകയില്ലെന്ന് ദൈവം നേരത്തെ എഴുതിത്തള്ളിയ ജീവിതമാണ്. **അബ്രഹാമിനു വിധിച്ച പരീക്ഷയ്ക്കപ്പുറം ഒരു പരീക്ഷയില്ല. ലോകത്തിന് അനുഗ്രഹമായിത്തീരാൻ വിളിച്ചവനോട് ദൈവം അവന്റെ മകനെ ചോദിച്ചു; അങ്ങനെ അനുഗ്രഹിച്ച ലോകത്തെ വീണ്ടെടുക്കാൻ ദൈവം സ്വന്തം പുത്രനെ ബലി കൊടുക്കുകയും ചെയ്തു!**

*(തുടരും)*

*Children were lined up in the cafeteria of a School for lunch. At the head of the table was a large pile of apples. The headmaster made a note, "Take only one, God is watching." Moving through the line, at the other end of the table was a large pile of chocolate cookies. A boy wrote a note, "Take all you want, God is watching the apples!"*

# ദൈവത്തിന്റെ സ്വകാര്യവൽക്കരണം; സുവിശേഷത്തിന്റെ കച്ചവടവൽക്കരണം

യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്ത

> ഇന്ന് എന്റെ ജീവിതത്തെ ദുരിതപൂർണ്ണമാക്കുന്ന സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക, മതമേഖലകളിലെ പ്രകടമായ തിന്മകളിൽ ഒന്നിനെക്കുറിച്ചുപോലും ഇവർ പ്രചരിപ്പിക്കുന്ന ദൈവത്തിന് താല്പര്യമുള്ളതായി ഞാൻ കാണുന്നില്ല. ഇവരുടെ ദൈവത്തിന്റെ ശ്രദ്ധ ശാരീരിക രോഗത്തിലും ആന്തരികസൗഖ്യത്തിലും (അതെന്താണാവോ?) ഭൗതിക സമ്പത്തിലുമാണ്. അതുകൊണ്ടുതന്നെ വേദപുസ്തകസാക്ഷ്യത്തിൽ ഞാൻ പരിചയപ്പെട്ടിട്ടുള്ള ദൈവത്തെയല്ല ഇവർ പ്രസംഗിക്കുന്നതെന്ന് ഞാൻ തിരിച്ചറിയുന്നു.

രാവിലെ ആറരയ്ക്കാണ് എന്റെ പത്രപാരായണം. കൂട്ടത്തിൽ, ഏതെങ്കിലും മലയാളം ചാനലും തുറന്ന് വച്ചിരിക്കും. ഞാൻ ഉറങ്ങിക്കിടന്നപ്പോൾ ഞാനറിയേണ്ടതായി എന്തെങ്കിലും ലോകത്ത് സംഭവിച്ചിട്ടുണ്ടോ എന്നറിയണമല്ലൊ! പക്ഷേ, പലപ്പോഴും ഞാൻ കാണുന്നതും കേൾക്കുന്നതും രണ്ടായിരം വർഷങ്ങൾക്കു മുൻപ് നടന്ന ഒരു സംഭവത്തെക്കുറിച്ചുള്ള 'ക്രൂശിൽ ഒഴുകിയ രക്തം' എന്ന പൈങ്കിളി വാക്കുകളാണ്. അതിനേക്കാൾ പഴയ കഥകളുടെ പൊടിപ്പും തൊങ്ങലും വച്ച വിവരണങ്ങളും കേൾക്കാൻ കഴിയുന്നുണ്ട്. ഞാൻ ചാനലുകൾ മാറിമാറി നോക്കും, വിഫലം. ഇത് രാവിലെ ഏഴര, എട്ട് മണി വരെയും പിന്നീട് ഉച്ചയ്ക്കും തുടരും.

ഇതോടൊപ്പം ചില ചാനലുകളിൽ മുഖത്തിന്റെയും വയറിന്റെയും സൗന്ദര്യം കൂട്ടാനും, മാംസപേശികളുടെ ബലം വർദ്ധിപ്പിക്കാനുമുതകുന്ന ഉല്പന്നങ്ങളുടെ മുഴുനീളൻ പരിപാടികളുമുണ്ട്. ദൈവവും ദൈവസൃഷ്ടിയായ മനുഷ്യനും മനുഷ്യനിർമ്മിത ഉല്പന്നങ്ങളും വില്പനയ്ക്കു വച്ചിരിക്കുന്ന പ്രഭാതത്തോടെ എന്റെ ദിനം ആരംഭിക്കുന്നു. മുപ്പത്തയ്യായിരം മുതൽ അൻപതിനായിരം രൂപ വരെ ചിലവ് വരും, അര മണിക്കൂറിൽ താഴെ സമയം നീണ്ടു നിൽക്കുന്ന ഈ പരിപാടിക്ക്. ഒറ്റദിവസം ആ ഇനത്തിൽ തന്നെ ലക്ഷങ്ങൾ കേരളത്തിൽ ചിലവഴിക്കപ്പെടുന്നു. തീർച്ചയായും ഈ പരിപാടിയുടെ അവതരണവുമായി ബന്ധപ്പെട്ട് കുറെ ആളുകൾ ജീവിക്കുന്നുണ്ടെന്ന് സമ്മതിക്കുന്നു. എന്നാൽ അതിലുപരി, ഈ വലിയ തുക നാടിന്റെ വികസനത്തിനോ, അടിമത്തത്തിന്റെ ദൂരീകരണത്തിനോ, പട്ടിണി മാറ്റാനോ, വേദസാക്ഷ്യത്തിന്റെ ഗൗരവതരമായ പഠനത്തിനോ, കാലികമായ വ്യാഖ്യാനത്തിനോ ഉതകുന്നില്ല. ഇന്നലെ മരിച്ച മനുഷ്യപുത്രനു വേണ്ടിയോ ഇന്ന് മരിച്ചുകൊണ്ടിരിക്കുന്ന മനുഷ്യമക്കൾക്കു വേണ്ടിയോ ഈ പ്രഭാഷണങ്ങൾ എന്നതാണ് പ്രശ്നം.

സർക്കാർ കണക്കനുസരിച്ച് കേരളത്തിലെ ജനസംഖ്യ ഇന്ന് മൂന്നുകോടി കവിഞ്ഞിരിക്കുന്നു. ഇതിൽ ഇരുപത്തഞ്ചിൽ താഴെ ശതമാനമാണ് ക്രിസ്ത്യാനികൾ. പാഴ്സി സിൻഡ്രോമിലൂടെ കൊല്ലംതോറും ഈ സംഖ്യ കുറഞ്ഞു വരുന്നുണ്ട്. ഇതിൽത്തന്നെ നല്ലൊരു ശതമാനം കേരളത്തിനു വെളിയിലോ വിദേശത്തോ ആണ്. പ്രഭാഷണങ്ങളധികവും ക്രിസ്ത്യാനികൾക്കു മാത്രം മനസ്സിലാകുന്ന ഭാഷയിലാണ്. അപ്പോൾ കേൾവിക്കാർ ഏറെയില്ലെന്നു സാരം. ഉള്ളവരിൽ തന്നെ ഭൂരിഭാഗത്തെയും ഞായറാഴ്ചകളിലും മറ്റ് ദിവസങ്ങളിലും സഭാനേതാക്കളുടെയും പ്രഭാഷകരുടെയും മുൻപിൽ വിനയാന്വിതരായി വന്നു കിട്ടുന്നുമുണ്ട്. അവിടെ വച്ച് പറഞ്ഞിട്ട് കേൾക്കാത്തതുകൊണ്ടാണോ ഈ ടിവി കലാപരിപാടി നടത്തുന്നതെന്നറിയില്ല. അതല്ല ഭൂരിപക്ഷം വരുന്ന (മലയാളികളായ) ഹൈന്ദവ സഹോദരങ്ങളെയാണ് ലക്ഷ്യമിടുന്നതെങ്കിൽ നമ്മൾ ക്രിസ്ത്യാനികൾ ഇപ്പോൾ കാട്ടിക്കൂട്ടുന്ന കാര്യങ്ങൾ വച്ചു നോക്കിയാൽ, മലയാളം മനസ്സിലാകുന്ന അവരുടെയിടയിൽ നിന്ന് ആരെങ്കിലും ഇനിയും ക്രൈസ്തവ സുവിശേഷം കേൾക്കാൻ തയാറാകണമെങ്കിൽ വല്ല കടുത്ത രോഗമോ ദാരിദ്ര്യമോ ഉണ്ടായിരിക്കണം. അല്ല, മനോവിഷമമുള്ളവരെയാണ് ലക്ഷ്യമിടുന്നതെങ്കിൽ ഈ കാശ് മുടക്കി കൗൺസലിംഗ് സെന്ററുകൾ തുടങ്ങുകയല്ലേ ആരോഗ്യകരമായ സമീപനമെന്ന് വല്ലവരും ചോദിച്ചാൽ കുറ്റം പറയാൻ വയ്യ. പുതിയതെന്തെങ്കിലും കാണുമ്പോൾ മുൻപിൽ നോക്കാതെ ചാടിവീഴുന്ന മലയാളി ഇവിടെയും അപകടകരമായ ദുർവ്യയമല്ലേ ചെയ്യുന്നതെന്ന് ഞാൻ ആശങ്കപ്പെടുന്നു.

സുവിശേഷം അവതരിപ്പിക്കുന്ന ഇവർ പലരും മലയാളികളല്ല, മലയാളി പ്രസംഗകർ പോലും ഉപയോഗിക്കുന്ന ഭാഷയും പ്രതീകങ്ങളും മലയാളിയുടേതല്ല. ഇവർ പറയുന്നതാണ് ക്രൈസ്തവത്വമെന്ന് കാണുന്നവർ ചിന്തിച്ച് വശാവുകയും അതുവഴി ദൈവത്തിന് പുതിയ രൂപങ്ങളും ഭാവങ്ങളും ഉണ്ടാവുകയും ചെയ്യുന്ന ഈ പരിപാടി നമ്മുടെ ആത്മീയതയെയും ദൈവബോധത്തെയും ഗൗരവതരമായ തിരുത്തിക്കുറിക്കലിന് വിധേയമാക്കും. അങ്ങനെ നസറേത്തിൽ വെളിപ്പെട്ട മനുഷ്യപുത്രന്റെ വ്യതിചലിച്ചതും വികൃതവുമായ പുതിയ അവതാരങ്ങളും അതിന്റെ പ്രതിപുരുഷന്മാരും ജനിക്കുന്നു. ഈ പ്രതിനിധികൾ കൈ ഉയർത്തിയാൽ ആളുകൾ കൂട്ടത്തോടെ മറിഞ്ഞുവീഴുന്നു. അവർ ആവശ്യപ്പെട്ടാൽ ജനം ഇരിക്കുന്നു; അവർ കല്പിച്ചാൽ മനുഷ്യർ തങ്ങളുടെ സമ്പാദ്യങ്ങളുടെ കലവറ തുറക്കും; ഇവർ ചൂണ്ടിക്കാണിക്കുന്ന ദൈവത്തിന് വിശ്വാസികൾ സ്തുതി പറയും. അന്ധമായ വിധേയത്വത്തിന്റെയും അടിമത്തത്തിന്റെയും പുതിയ ഭാവങ്ങൾ ഉരുത്തിരിയുന്നത് ഞാൻ കാണുന്നു, ദൈവം സ്വകാര്യവൽക്കരിക്കപ്പെടുന്നു. ഈ പ്രഭാഷണങ്ങളിൽ നിരന്തരം മുഴങ്ങിക്കേൾക്കുന്നതും എന്നാൽ എനിക്ക് ഒരിക്കലും മനസ്സിലാകാത്തതുമായ വാക്കാണ് പാപം എന്നത്. പാപത്തിൽ നിന്നുള്ള വിടുതലാണ് യേശു നൽകുന്നതെന്നും, അതുകൊണ്ട് മാനസ്സാന്തരപ്പെടണമെന്നും ഇവർ ആഹ്വാനം ചെയ്യുന്നു. പക്ഷേ എന്താണ് ഇവർ പറയുന്ന പാപമെന്ന് എനിക്ക് ഒരിക്കലും മനസ്സിലാകാതെ എങ്ങനെയാണ് മാനസ്സാന്തരപ്പെടുക? ഇന്ന് എന്റെ ജീവിതത്തെ ദുരിതപൂർണ്ണമാക്കുന്ന സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക, മതമേഖലകളിലെ പ്രകടമായ തിന്മകളിൽ ഒന്നിനെക്കുറിച്ചു

പോലും ഇവർ പ്രചരിപ്പിക്കുന്ന ദൈവത്തിന് താല്പര്യമുള്ളതായി ഞാൻ കാണുന്നില്ല. ഇവരുടെ ദൈവത്തിന്റെ ശ്രദ്ധ ശാരീരികരോഗത്തിലും ആന്തരികസൗഖ്യത്തിലും (അതെന്താണാവോ?) ഭൗതികസമ്പത്തിലുമാണ്. അതുകൊണ്ടുതന്നെ വേദപുസ്തകസാക്ഷ്യത്തിൽ ഞാൻ പരിചയപ്പെട്ടിട്ടുള്ള ദൈവത്തെയല്ല ഇവർ പ്രസംഗിക്കുന്നതെന്ന് ഞാൻ തിരിച്ചറിയുന്നു. ഇവർ പറയുന്ന ദൈവം എന്റെ ജീവിതസാഹചര്യങ്ങളെക്കുറിച്ച് ശ്രദ്ധയില്ലാത്തവനോ അറിവില്ലാത്തവനോ ആകുമ്പോൾ എങ്ങനെയാണ് എന്റെ ജീവിതത്തെ സമാധാനപരമാക്കാൻ കഴിയുക?

ഞാൻ വിശ്വസിക്കുന്ന ദൈവം ഊഴിയവിചാരകർ നിമിത്തമുള്ള മനുഷ്യന്റെ കഷ്ടപ്പാടിനെ കാണുന്നവനാണ്. മനുഷ്യജീവിതത്തെ ഇന്ന് അവമാനവീകരിക്കുകയും അതുവഴി ജീവിതം ദുരിതപൂർണ്ണമാക്കുകയും ചെയ്യുന്ന ഇക്കാല പ്രവണതകളെ പക്ഷേ ഇവർ പരാമർശിക്കുന്നതേയില്ല. രോഗത്തെക്കുറിച്ചല്ല രോഗലക്ഷണങ്ങളെക്കുറിച്ചാണ് ഇവർ പറയുന്നത്. മനുഷ്യനെ രോഗിയും കടക്കാരനും ആത്മഹത്യാപ്രവണതയുള്ളവനും മദ്യപാനിയും വേശ്യയും അക്രമിയുമൊക്കെ ആക്കുന്ന രാഷ്ട്രീയ-സാമ്പത്തിക-മതമേഖലകളിലെ മേലാളന്മാരുടെ കുറ്റങ്ങളെ പ്രവാചകദൗത്യമുണ്ടെന്നവകാശപ്പെടുന്ന ഇവർ വെളിപ്പെടുത്തുന്നില്ല. വെള്ള തേച്ച ശവക്കല്ലറകളെ ഇവർ അനാവരണം ചെയ്യുന്നില്ല; സർപ്പസന്തതികളെ ഇവർ വെറുതെ വിടുന്നു; ബാശാൻ പശുക്കളെയും കൂറ്റന്മാരെയും ഇവർ കണ്ടില്ലെന്ന് നടിക്കുന്നു. പണയം വാങ്ങിയ പുതപ്പ് വിരിച്ച് ബലിപീഠങ്ങളുടെ സംരക്ഷണയിൽ കിടന്നുറങ്ങുന്നവരെ ഇവർ അസ്വസ്ഥരാക്കുകയോ വിളിച്ചുണർത്തുകയോ ചെയ്യുന്നില്ല. പ്രശ്നപരിഹാരമല്ല, സ്വയം പ്രചാരണത്തിലാണ് ഇവരിൽ ഭൂരിപക്ഷം പേരുടെയും ശ്രദ്ധ. മനുഷ്യനെ തെറ്റായ ക്രൈസ്തവത്വം പരിശീലിപ്പിക്കുന്ന ഇവർ മലയാളികളുടെ ദൈവബോധത്തെയും ആത്മീയതയെയും അപകടകരമായ തിരുത്തലിന് വിധേയമാക്കുമെന്ന് ഞാൻ ഭയപ്പെടുന്നു.

ഈ സ്ഥിതിവിശേഷം ഉയർത്തുന്ന മറ്റൊരു പ്രശ്നത്തെയും ഇവിടെ പരാമർശിക്കേണ്ടിയിരിക്കുന്നു. പാരമ്പര്യസഭാവിഭാഗങ്ങളും അവയുടെ പ്രവർത്തനങ്ങളും ഇന്ന് ജനമദ്ധ്യത്തിൽ അപ്രസക്തമായിക്കൊണ്ടിരിക്കുന്നു. ജനത്തിന്റെ ജീവിതസാഹചര്യങ്ങളിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ച് മതജീവിതത്തിന്റെ നിയാമതകളെ പരിവർത്തനം ചെയ്ത് അവതരിപ്പിക്കുന്നതിൽ അവ പരാജയപ്പെട്ടിരിക്കുന്നു. അതിന്റെ തന്നെ മറ്റൊരു വശമാണ് ക്രൈസ്തവ സുവിശേഷത്തിന്റെ നിർണ്ണായകവും മനുഷ്യബന്ധിതവുമായ ശൈലികളെ വിസ്മരിച്ചിട്ട് അതിന്റെ അനുഷ്ഠാനപരവും അപ്രസക്തവുമായ ഘടകങ്ങളെ സ്ഥാപനവൽക്കരിച്ച് മനുഷ്യനിൽ നിന്ന് ദൈവത്തെ ഒരിക്കൽക്കൂടെ വിദൂരവൽക്കരിക്കുകയും, യഹൂദവൽക്കരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നുവെന്നത്. പക്ഷേ ഈ പ്രശ്നത്തിനുള്ള ഉത്തരം ഇന്നു കാണുന്ന ദൈവത്തിന്റെ വാണിജ്യവൽക്കരണമല്ലെന്നതിന് രണ്ടു പക്ഷമില്ല. ●

## FEAR NOT *(Contd. from Page 8)*


gospel, we can't expect the secular world to believe us straight away when we say that they have nothing to worry about and that faith is the flowering of human dignity not its opposite. First we have to show that we truly are on the side of humanity-by patient loyality to people in thier need, by courage and sacrifice for the sake of justice, by labour for reconciliation, setting people free from the threat of violence. God comes to 'his own people', religious people, and we have often failed to know or receive him.

And then, supposing we have cleared away the fears that arise from the way religious people have failed to witness fully to their God-then the deeper fears can and do come to the surface, the fears of what faith may demand of a person. Nothing will take away the challenge here; we can only hope that there are enough lives showing joy and humanity to make the challenge worthwhile-lives in which the eternal Word will speak. Such lives will have about them the great mark of God's action in Jesus which is that he doesn't invade, doesn't push us out of the way, doesn't reduce or demean us; he invites, he openes up to us his own infinite hospitality, drawing us into his world, his life. He makes us more than we are, not less. And that is what the true persons of faith will show in their life. When the life of faith is visible in the public world, it is not something threatening the integrity of the supposedly neutral and obvious moral principles of the secular state; it is a glimpse into the depths of all morality, all principle and commitment, into the depths where the holiness and faithfulness and love of God secretly nourish the essence of human life, that life which is made for the destiny of becoming children of God. It is a glimpse into a richness surrounding all that we are, without which all our vaunted values and principles would soon corrupt and die.

All our great religious traditions say something of this-which is one reason for Christians, Muslims, Jews and others to stand with each other and speak out for each other in times of stress or harassment. Yet the uniqueness of our Christian faith is that it is inscribed for us not only in a text but in a living human presence in which dwells all the fullness of God. We may confidently say to a nervous secular world, 'Fear not!' God is not coming to abolish but to fulfil the hopes of liberty and human dignity. But we ourselves as believers need to hear the same words we speak to others: 'Fear not!' We don't have to fight for our claims in such a way that all the world sees is another power-obsessed and anxious human institution; we have only to let the Word be born in us and speak in us. A lifetime's work, but also a moment's gift, in the sudden grasp of the mystery of this celebration of God made human, in the words we hear from the gospel, in the bread and wine of the Eucharist: 'from his fullness we have all received, grace upon grace.'

*(A Christmas sermon*

***A Sunday school teacher asked her children as they were on their way to church service, "And why is it necessary to be quiet in church?" One bright little girl replied, "Because people are sleeping."***



# വിദ്യാഭ്യാസമെന്ന കച്ചവടം

പ്രൊഫ. എം. തോമസ് മാത്യു

കേരളത്തിനു പുറത്തു പ്രവർത്തിക്കുന്ന പ്രൊഫഷണൽ കോളജുകളിൽ വൻതുക പ്രവേശനഫീസ് ഒടുക്കി ചേരുകയും വലിയ തുക ഓരോ വർഷവും ഫീസായി കൊടുത്ത് വിദ്യാഭ്യാസം പൂർത്തീകരിക്കുകയും ചെയ്തുപോന്നവർ വളരെയുണ്ട്. നഴ്സിംഗ്, അദ്ധ്യാപക പരിശീലനം തുടങ്ങിയ മേഖലകളിലും ഈ ഏർപ്പാട് നിലനിന്നുപോരുന്നു. എന്തുകൊണ്ട് കേരളത്തിൽത്തന്നെ സ്വാശ്രയ കോളജ് ആരംഭിച്ച് പണത്തിന്റെ ഈ ഒഴുക്ക് തടഞ്ഞ് ഇവിടെത്തന്നെ ആ ധനമുപയോഗിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിക്കൂടായെന്ന ചിന്തയിൽനിന്നാണ് കേരളത്തിലുടനീളം ഇത്തരം സ്ഥാപനങ്ങളാരംഭിച്ചത്. ഈ പ്രശ്നത്തിന്റെ ഒരു വശമല്ലാതെ, മറ്റു ദിക്കുകളിലേക്കൊന്നും ആലോചന പോകാതെ എടുത്ത ഒരു തീരുമാനമായിരുന്നു അത്. എന്നാൽ, വിദ്യാഭ്യാസത്തിന്റെ ആദർശം, വിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തിറങ്ങുന്നവരുടെ ജീവിതവീക്ഷണം, സമൂഹത്തിന്റെ സന്തുലിതാവസ്ഥ, നൈതിക ഘടനയിലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ എന്നിവയെക്കുറിച്ചൊന്നും വേണ്ടത്ര ചിന്തിക്കാതെ എടുത്തു ചാടിയതിന്റെ വിപത്ത് ഇപ്പോൾ അനുഭവിക്കുകയാണ്.

സ്വാശ്രയം എന്ന തത്വം വിദ്യാഭ്യാസത്തിൽ അംഗീകരിച്ചാൽ പിന്നെ വിദ്യാഭ്യാസം കച്ചവടമായി മാറുന്നു എന്ന പരാതിക്ക് സാംഗത്യമില്ല. **ഭീമമായ തുക ചിലവിട്ട്, പഠിക്കാൻ വരുന്ന കുട്ടികളോട് ആ തുക ഈടാക്കിക്കൊള്ളാം, അല്പസ്വല്പം ലാഭവുമാകാമെന്ന സംവിധാനത്തിന് കച്ചവടം എന്നല്ലാതെ അതിന് ദൈവികമായ ശുശ്രൂഷ, കൂദാശ എന്നൊന്നും പേരുവിളിക്കാൻ കഴിയുകയില്ലെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്.** രണ്ട് സ്വാശ്രയ കോളജ് സമം ഒരു ഗവൺമെന്റ് കോളജ് എന്ന സമവാക്യം പ്രചരിപ്പിക്കുമ്പോൾ ഗവൺമെന്റ് നിരക്കിൽ കവിഞ്ഞുള്ള തുക മുഴുവൻ ഫീസും കൊടുക്കേണ്ട കുട്ടികളിൽ നിന്ന് ഈടാക്കുമോ, അതോ ഗവൺമെന്റ് ഗ്രാന്റായി കൊടുക്കുമോയെന്ന് ചിന്തിച്ചിരുന്നുവോ? രണ്ട് സ്വാശ്രയ വിദ്യാർത്ഥികളുടെ ഫീസാകും ഓരോരുത്തരും കൊടുക്കേണ്ടി വരിക എന്ന് മുൻകൂറായി പറഞ്ഞിരുന്നുവോ? അങ്ങനെ ഫീസ് പിരിക്കുന്നത് ശരിയാണോ? നീതിയാണോ? കോളജ് നടത്തിക്കൊണ്ടു പോകുന്നവർക്ക് എവിടെനിന്നെങ്കിലും ഈ പണം കിട്ടിയില്ലെങ്കിൽ കാര്യം നടക്കുമോ? ഒരു മുദ്രാവാക്യത്തിന്റെ ഈണത്തിനൊപ്പിച്ച് ഒരു സ്ഥാപനവും നടത്താനാവുകയില്ല എന്ന

തല്ലേ സത്യം! ആദ്യമായി സമ്മതിക്കുക, ഇതൊരു കച്ചവടമാണ്-അരിക്കച്ചവടം
പോലെ, റബർ കച്ചവടം പോലെ, മദ്യക്കച്ചവടം പോലെ മറ്റൊന്ന്. കച്ചവടത്തിന്റെ
നിയമങ്ങളല്ലാതെ മറ്റൊരു നിയമവും അതിന് യോജിക്കുകയില്ല. കച്ചവടത്തിന്റെ
സദാചാരമല്ലാതെ മറ്റൊന്നും അതിന്മേൽ അടിച്ചേൽപ്പിക്കാൻ കഴിയുകയില്ല. മറ്റു
കച്ചവടമേഖലകൾ പുലർത്തുന്ന വിശുദ്ധിയോ മലിനതയോ ഒട്ടും കുറവില്ലാതെ
ഇവിടെയും പുലരും. വിദ്യാഭ്യാസക്കച്ചവടത്തിനുമാത്രം പ്രത്യേക പരിശുദ്ധി നില
നിർത്താൻ കഴിയുകയില്ല. ഒരേ മനുഷ്യർ നടത്തുന്ന പരിപാടിയാണ്. അതുകൊണ്ട്
വ്യാജമദ്യം ഒഴുകുന്ന നാട്ടിൽ വ്യാജ വിദ്യാഭ്യാസക്കച്ചവടമേ നടക്കുകയുള്ളൂ. അല്ലെ
ങ്കിൽ, ഇത് കച്ചവടമല്ലാതെ മാറിനിൽക്കണം.

***കച്ചവടത്തിൽ താല്പര്യമില്ലാത്തവർ ഈ രംഗത്ത് പ്രവേശിക്കാതിരിക്കു
കയാണ് മാന്യതയും പ്രായോഗികതയും. ആഴ്ചയിൽ ആറുദിവസം കച്ചവട
ത്തിനിരിക്കുന്ന വൈദികൻ ഏഴാം ദിവസം കുർബാന ചൊല്ലാൻ പോയാൽ
ആളുകൾ അതിനെയും കച്ചവടമായിക്കാണുമെന്നതല്ല കുഴപ്പം, അതും
ക്രമേണ കച്ചവടമായിത്തീരുമെന്നതാണ്.*** വിശ്വാസം തകർന്നു, മതം അപകട
ത്തിൽ, യുവതലമുറ മൂല്യനിരാസത്തിന്റെ വഴിയിൽ, എന്നെല്ലാം ഘോഷം കൂട്ടി
യിട്ട് എന്തു പ്രയോജനം? പെരുന്നാൾ തെരുവിലെ യാചകവേഷങ്ങളുടെ വിലാപ
ത്തിന്റെ വിലയേ അതിന് മതിക്കുകയുള്ളൂ. ആ ഗതി വരാതെ നോക്കേണ്ടവർ ആ
വഴിയിലാണ് ഓടിക്കൊണ്ടിരിക്കുന്നത്. **കേരളത്തിലെ സഭ വിദ്യാഭ്യാസ
പ്രവർത്തനമാരംഭിച്ചപ്പോൾ ആരെയാണ് ലക്ഷ്യം വച്ചത്? പണക്കാരെയായി
രുന്നുവോ? അതോ, ജീവിതം നിഷേധിക്കപ്പെട്ടിരുന്ന അശരണരെയോ, പുറം
പോക്കിലേക്ക് വലിച്ചെറിയപ്പെട്ടവരെ ആയിരുന്നുവോ? ഇന്നുയരുന്ന പഞ്ചന
ക്ഷത്ര വിദ്യാഭ്യാസം ആർക്കു നൽകാനാണ് ഒരുക്കി വച്ചിരിക്കുന്നത്?** ഊട്ടി
യിലും കൊടൈക്കനാലിലും സിംലയിലും ലഭിച്ചിരുന്ന വിദ്യാഭ്യാസം കോഴഞ്ചേരി
യിലും കൈപ്പട്ടൂരും പട്ടിത്താനത്തും കിട്ടുമെന്നു വരുത്തുക മാത്രമല്ല, പതുക്കെ
പാവങ്ങളുടെ സ്കൂളുകൾ നിർത്തിക്കാനുള്ള വഴിയുണ്ടാക്കുകയും ചെയ്തു. ഈ
വിദ്യാഭ്യാസം സമൂഹത്തെ ദൈവരാജ്യത്തോടടുപ്പിക്കുകയല്ല, അതിന്റെ വിപരീത
ധ്രുവത്തിലേക്ക് നയിക്കുകയാണു ചെയ്യുന്നത്. ദൈവരാജ്യമോ, അതെന്തൊരു
തമാശ എന്ന് സഭകൾ ചോദിച്ചു തുടങ്ങുന്നതിനുമുമ്പ് ക്രിസ്തുവിന്റെ രണ്ടാം
വരവുണ്ടാകുമോ, എന്തോ?

# നാം നേരിടുന്ന സാംസ്കാരിക പ്രതിസന്ധി

റവ. പ്രൊഫ. തോമസ് ജോൺ

മൂല്യപരമായ വിഷങ്ങളെക്കുറിച്ചുള്ള പൊതുചർച്ച പോലും അസാദ്ധ്യമായ ഗുരുതരമായ ഒരു സാംസ്കാരിക പ്രതിസന്ധിയിലാണ് കേരളം എത്തിനിൽക്കുന്നത്. സംവാദത്തിനും ചർച്ചകൾക്കുമെല്ലാം നാം പൊതുവായി അംഗീകരിക്കുന്ന ചില ധാരണകളും സങ്കല്പങ്ങളും ഉണ്ടായിരിക്കണമല്ലോ? മതം കഴിഞ്ഞാൽ ഏറ്റവുമധികം പ്രസക്തിയുള്ള ഒരു സാംസ്കാരികോപകരണമായ വിദ്യാഭ്യാസം ഇന്ന് തിരിച്ചുപോകാൻ കഴിയാത്തവിധം കച്ചവടവൽക്കരിക്കപ്പെട്ടിരിക്കുന്നുവെന്ന വസ്തുതയറിയാൻ പല മുതിർന്ന സ്നേഹിതരും വൈകിപ്പോയി. മൂല്യപരമായ ഈ ജീർണ്ണതയ്ക്ക് ചുക്കാൻ പിടിക്കുന്നത് കേരളത്തിലെ ക്രൈസ്തവ സമുദായമാണ്. ഈ ചുറ്റുപാടിൽ, അദ്ധ്യാപക നിയമനത്തിന് ലക്ഷങ്ങൾ വാങ്ങുന്നുവെന്ന വർത്തമാനം വാർത്തയല്ലാതാകുന്നുവെന്ന ദാരുണസത്യം നാം മനസ്സിലാക്കണം.

വിദ്യാഭ്യാസരംഗത്തെ പല ദുഷ്പ്രവണതകളുടെയും മദ്ധ്യത്തിൽ വെളിവിന്റെയും മൂല്യപരമായ ഔന്നത്യത്തിന്റെയും തുരുത്തുകളായി പ്രശോഭിച്ചിരുന്ന സി.എം.എസ്. കോളജും യൂണിയൻ ക്രിസ്ത്യൻ കോളജുമൊക്കെ കച്ചവടതാല്പര്യങ്ങൾക്ക് വഴങ്ങിക്കൊടുക്കേണ്ടി വരുന്ന സാഹചര്യത്തെ വേദനയോടെ മാത്രമേ നോക്കിക്കാണുവാൻ കഴിയൂ. അധ്യാപകനിയമനത്തിന് പണം വാങ്ങുന്നതു മാത്രമല്ല അഡ്മിഷന് തലവരി വാങ്ങുന്നതും, സ്വാശ്രയാടിസ്ഥാനത്തിൽ കോഴ്സുകൾ തുടങ്ങുന്നതും അപലപിക്കപ്പെടേണ്ടതാണ്. സ്വാശ്രയ വിദ്യാഭ്യാസമെന്നത് ഏറ്റവും പ്രാകൃതമായ ലാഭേച്ഛയിൽ അടിസ്ഥാനപ്പെട്ട വിദ്യാഭ്യാസസംവിധാനമാണ്. വിദ്യാഭ്യാസം ഒരു സ്വകാര്യനന്മയാണെന്ന അടിസ്ഥാനത്തിലാണ് അതിനുള്ള ചിലവ് മുഴുവനും ഉപഭോക്താക്കളിൽ നിന്നും ഈടാക്കണമെന്ന തീരുമാനത്തിൽ എത്തിച്ചേരുന്നത്. ഈടാക്കുന്നത് ചിലവും കഴിച്ച് വമ്പിച്ച ലാഭത്തോടുകൂടിയ തുകയാണെങ്കിലും വിദ്യാർത്ഥി വിദ്യാഭ്യാസത്തെ കാണുന്നതും നല്ല ലാഭം നൽകുന്ന ഒരു മൂലധനനിക്ഷേപമായിട്ടാണ്; വിദ്യാഭ്യാസ ഏജൻസിയും ഇതേ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു. അങ്ങനെ വിദ്യാഭ്യാസത്തെ ഒരു സാമൂഹ്യനന്മയായി കാണുന്ന കാഴ്ചപ്പാട് തിരസ്കരിക്കപ്പെടുന്നു. കമ്പോളവൽക്കരിക്കപ്പെട്ട ഒരു സംസ്കാരത്തിന്റെ ആപത്വാക്യമാണ് ആരും ലാഭേച്ഛയോടെയല്ലാതെ ഒന്നും ചെയ്യുന്നില്ല എന്നത്. അതുകൊണ്ട് തന്നെ, ജോലിയുടെ വിപണിയിൽ ഡിമാൻഡുള്ള കോഴ്സുകൾ മാത്രമേ സ്വാശ്രയാടിസ്ഥാനത്തിൽ തുടങ്ങുകയുള്ളൂ. അത് വിലകൊടുത്തുവാങ്ങാൻ കഴിയുന്നത് സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവർക്കു മാത്രമേ കഴിയൂ എന്നതുകൊണ്ട് കടുത്ത സാമ്പത്തിക വിവേചനം അനിവാര്യമായി തീരുന്നു; ദരിദ്രർ അവഗണിക്കപ്പെടുന്നു. ഇവിടെ അപകടത്തിൽപ്പെടുന്നത് സാമൂഹ്യനീതിയാണ്. വിദ്യാഭ്യാസത്തെ തക്ക വരുമാനം പ്രതീക്ഷിച്ചുകൊണ്ടുള്ള മൂലധനനിക്ഷേപമായി കരുതുന്ന ഒരു വ്യക്തി, സാമൂഹ്യപ്രതിബദ്ധതയോടെ ജോലി ചെയ്യുമെന്നു കരുതുന്നത് അസ്ഥാനത്തല്ലേ? ജീവിതവൃത്തിയെ ദൈവവിളിയായി കാണുവാൻ ഈ സംവിധാനത്തിൽ യാതൊരു പഴുതുമില്ല. മനുഷ്യത്വം നഷ്ടപ്പെട്ട കുറെ മനുഷ്യരെ സൃഷ്ടിക്കുവാൻ മാത്രം ഉതകുന്ന ഒരു സംവിധാനമായി വിദ്യാഭ്യാസം അധഃപതിക്കുന്നു. നമ്മുടെ പൂർവികന്മാർ സ്കൂളുകളും കോളജുകളും സ്ഥാപിക്കുമ്പോൾ വിഭാവന ചെയ്തിരുന്ന ദർശനങ്ങളിൽ നിന്നും ലക്ഷ്യങ്ങളിൽ നിന്നും നാം ഇന്ന് എത്രമാത്രം അകന്നുപോയിരിക്കുന്നു! ക്രിസ്തുവിനെ മാതൃകയാക്കിയുള്ള ഒരു പുതുമനുഷ്യന്റെയും മാനവികതയുടെയും ദർശനങ്ങൾ ഇന്ന് നമുക്ക് അന്യമായി തീർന്നിരിക്കുന്നു.

**താറുമാറായ ഉന്നതവിദ്യാഭ്യാസരംഗത്ത് അനിവാര്യമായ ഗുണപരമായ മാറ്റത്തിന് പ്രവാചകശബ്ദമായും മാതൃകയായും ചുക്കാൻ പിടിക്കേണ്ട ക്രൈസ്തവസഭകൾ ഈ കലക്കവെള്ളത്തിൽ മീൻപിടിക്കാനാണ് ശ്രമിച്ചത്. സ്വാശ്രയ വിദ്യാഭ്യാസത്തിന്റെ ഒരു ചെറുപതിപ്പായി, നാമാരും അറിയാതെ കടന്നുവന്ന് ചരിത്രപ്രതിഷ്ഠ നേടിയ, അംഗീകൃത വിദ്യാലയങ്ങൾ വിദ്യാഭ്യാസത്തെ വരേണ്യവൽക്കരിക്കുകയാണു ചെയ്തത്. അങ്ങനെ, ലാഭത്തിന്റെ രുചിയറിഞ്ഞ ക്രൈസ്തവ മാനേജ്മെന്റുകളാണ് ഇന്ന് സ്വാശ്രയ കോളജുകൾക്കുവേണ്ടിയും കോഴ്സുകൾക്കുവേണ്ടിയും പരക്കം പായുന്നത്. ഇവിടെയൊക്കെ ക്രിസ്തീയമായിട്ടെന്താണുള്ളത്?** ഇവയ്ക്കെതിരായ വനരോദനങ്ങളോട് പ്രതികരിച്ചുകൊണ്ട് സഭാനേതാക്കൾ ചോദിക്കുന്നത്, പണമില്ലാതെ കോളജുകൾ നടത്താൻ സാധിക്കുമോയെന്നാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ വിദ്യാലയങ്ങളും കോളജുകളും സ്ഥാപിച്ച നമ്മുടെ പുണ്യവര്യന്മാർക്ക് ഈ ബുദ്ധി ഇല്ലാതെ പോയി. ഈ കോളജുകൾ എന്തിനു നടത്തണമെന്നതിനു ശേഷം ഉണ്ടാകേണ്ട ചോദ്യമാണ്, എങ്ങനെ നടത്തണമെന്നത്. എല്ലാ മൂല്യങ്ങളെയും മാമോന് അടിയറ പറഞ്ഞിട്ട്, അത്തരമൊരു വിദ്യാഭ്യാസസമ്പ്രദായത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ട് മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തെക്കുറിച്ച് പുൽപിറ്റിൽ നിന്ന് പ്രസംഗിക്കുന്നതിൽപ്പരം വ്യാജമായിട്ടെന്താണുള്ളത്? ബാല്യകാലത്തു തന്നെ കാശു കൊടുത്ത് വൈദികവൃത്തിയിൽ പ്രവേശിക്കുകയും പിന്നീട് മരിച്ചവർക്കുവേണ്ടി കുർബാന ചൊല്ലി അത് വസൂലാക്കുകയും ചെയ്തിരുന്ന പശ്ചാത്തലത്തിലാണ് മിഷനറിമാർ സുറിയാനി സഭകളോടുള്ള ബന്ധമുപേക്ഷിച്ച് അധഃസ്ഥിതരായ പുറംജാതികളുടെ ഇടയിലേക്കിറങ്ങിച്ചെന്നത്. ഈ പാരമ്പര്യമാണ് സി.എസ്.ഐ.സഭയ്ക്ക് അവകാശപ്പെടാനുള്ളത്. സി.എസ്.ഐ., ദരിദ്രരുടെയും അധഃസ്ഥിതരുടെയും സഭയാണ്; സുവിശേഷത്തിന്റെ സ്വാധീനത്തിൽ പ്രബലമായിത്തീർന്ന ഒരു മാനവിക ദർശനത്തിൽ വിദ്യാഭ്യാസ-ആരോഗ്യപരിപാലനരംഗത്ത് ദൗത്യബോധത്തോടെ ഇറങ്ങിത്തിരിച്ചവർ. ഈ പൈതൃകം മറക്കുന്നത് ശരിയാണോ? സെന്റർ ഓഫ് എക്സലൻസായി സി.എം.എസ്. കോളജ് അംഗീകരിക്കപ്പെട്ട സാഹചര്യത്തിൽ അതിന്റെ തനതായ പാരമ്പര്യത്തോട് നീതി പുലർത്തിക്കൊണ്ട് ഉന്നത വിദ്യാഭ്യാസരംഗത്ത് മാതൃകയും നേതൃത്വവും നൽകുവാൻ കഴിയുന്ന ഒരു സ്ഥാപനമായി അതിനെ വളർത്തണം.

നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായം പാടെ പൊളിച്ചെഴുതണമെന്നതിൽ സംശയമില്ല; ഗുണപരമായ മാറ്റമുണ്ടായേ തീരൂ; യൂണിവേഴ്സിറ്റിയുടെ ചിത്തഭാരത്തിൽ നിന്ന് കോളജുകൾ മോചിപ്പിക്കപ്പെടണം. പുതിയ കോഴ്സുകൾ തുടങ്ങുകയും ഉള്ളവ കാലികമായി പരിഷ്കരിക്കുകയും ചെയ്യണം. കോഴ്സുകൾ അന്തർദേശീയ നിലവാരമുള്ളതായും മറ്റു വികസിത രാഷ്ട്രങ്ങളിലേതിനോട് പൊരുത്തപ്പെടുന്നവയുമായിരിക്കണം; നമ്മുടെ സാമൂഹികാവശ്യങ്ങളോടും പരിസ്ഥിതിയോടും സംസ്കാരത്തോടും ബന്ധപ്പെടുന്നവയുമായിരിക്കണം. ആരും കടന്നുചെല്ലാത്ത അതിർത്തി മേഖലകളിലുള്ള വിഷയങ്ങൾക്ക് പ്രാധാന്യം നൽകണം; കഴിവതും അവ ഇന്റർ ഡിസിപ്ലിനറിയായിരിക്കണം. സാമ്പത്തികമായും സാമൂഹികവുമായും പിന്നോക്കം നിൽക്കുന്നവരെ കേന്ദ്രധാരയിലേക്കു കൊണ്ടുവരാൻ പര്യാപ്തമായ രീതിയിൽ അതിന്റെ സാമ്പത്തിക നടത്തിപ്പ് ഉറപ്പുവരുത്തണം. പൂർവവിദ്യാർത്ഥികൾ, സുഹൃത്തുക്കൾ, വ്യവസായ സ്ഥാപനങ്ങൾ, പ്രാദേശിക ഭരണ

*(ശേഷം പേജ് 18)*

# പരേതാത്മാക്കൾ ദൈവനീതിയുടെ മുമ്പിൽ

ഫാദർജി



സെമിത്തേരി റോഡ് ക്രോസു ചെയ്ത് കാളച്ചന്തയ്ക്കടുത്തെത്തിയപ്പോൾ ഗാർഡിയൻ മാലാഖയുടെ തേര് അവർക്ക് മുമ്പിൽനിന്നു. സ്ഫടിക രഥത്തിലെ ആവിരൂപിയായ മാലാഖ പുറത്തേക്ക് തല നീട്ടി ചോദിച്ചു:

എങ്ങോട്ടാ സഖാക്കൾ രണ്ടും?

പട്ടണം ചുറ്റിക്കാണാനിറങ്ങിയതാ. ഞങ്ങളീ നാട്ടുകാരാ.

കുറെ ചുറ്റിക്കളിച്ചല്ലേടാവ്വേ. വാ, ഇനി നമുക്ക് വേണ്ടപ്പെട്ടവരുടെ അടുത്തേക്കു ചെല്ലാം.

ഈ ചേട്ടായി പതേനായിട്ട് ഒരു മണിക്കൂറേ ആയുള്ളൂ. സ്ഥിതിഗതികളറിയാനിറങ്ങിയതാ മാലാഖെ.

മൈ ഗോഡ്! കീരീം പാമ്പുമായിരുന്ന് രണ്ടു ചേരിയിൽനിന്ന് പട വെട്ടിയ യോദ്ധാക്കളെങ്ങനെ സഖാക്കളായി!

മാലാഖ ശക്തിയായി തുമ്മാൻ തുടങ്ങി. ഓരോ പ്രാവശ്യം തുമ്മുമ്പോഴും തേര് ഉയർന്നുപൊങ്ങി. സിറ്റി മെഡിക്കൽ സ്റ്റോറീന്ന് വിക്സ് ആക്ഷൻ ഫൈവ് ഹൺഡ്രഡ് വാങ്ങട്ടേ മാലാഖേ?

വേണ്ട. ഞാൻ നിങ്ങളെത്തേടി പള്ളി സെമിത്തേരിയിലെത്തിയപ്പോൾ കുർബാന നടക്കുകയായിരുന്നു. ഹൃദയശുദ്ധിയില്ലാത്തവർ കുർബാന ചൊല്ലുമ്പോൾ ചവം ചീഞ്ഞ മണമാ വരുന്നത്. അപ്പോൾ തുടങ്ങിയതാ ഈ തുമ്മൽ. മാലാഖ സ്ഫടിക ക്കുപ്പിയിൽനിന്ന് സ്പ്രേ അടിച്ചപ്പോൾ തുമ്മൽ നിന്നു. അവിടെല്ലാം പരിമളം പരന്നു.

മാലാഖേ, ഞങ്ങൾ സംഘർഷമേഖലയൊക്കെ സന്ദർശിച്ച്, ആളുകളെ കണ്ട് കാര്യങ്ങൾ പറഞ്ഞ് ശാന്തരാക്കിയിട്ട് വരാം.

സോഷ്യൽ സർവീസിനു പത്തമ്പതു കൊല്ലം തന്നല്ലോ മക്കളെ. ഇനി വണ്ടീലോട്ടു കേറിയാട്ടെ.

സ്ഫടികദണ്ഡിന്റെ അറ്റത്തുള്ള കൊളുത്തുകൊണ്ട് രണ്ടിനേം തൂക്കിയെടുത്ത് തേരിലിട്ട് ആകാശത്തേക്കു പറന്നു. പള്ളിയും പെരിയാറും സഹ്യാദ്രിയും വിട്ട് മേഘങ്ങൾക്കിടയിലൂടെ കുതിച്ചുയർന്നു.

നിങ്ങളെ പ്രഥമ വിസ്താരത്തിന് കൊണ്ടുപോവുകയാണ്. ക്വാളിഫൈ ചെയ്താൽ പറുദീസയിലേക്കും, ഫെയിലായാൽ പാതാളത്തിലേക്കും വിടും.

ഞങ്ങളുടെ നാട്ടിൽ ശവമെടുപ്പിനു സ്ഥിരം വരുന്ന മാലാഖയാണോ?

അതേ, നിങ്ങളുടെ താലൂക്കിലാ എനിക്ക് ഡ്യൂട്ടി. കഴിഞ്ഞദിവസം ഒരു തൊണ്ണൂറുകാരനെ പൊക്കാൻ വന്നിരുന്നു. അയാൾ ഇപ്പോൾ പാതാളത്തിലാ.

മേഘപാളികൾ തീർത്ത പഞ്ഞിമലകൾക്കിടയിലൂടെ തേരു പാഞ്ഞു. ചക്രവാളങ്ങളും ദിക്കും ദിശകളുമില്ലാത്ത, പ്രഭാപൂരിതമായ അനുഭൂതികളുടെ ലോകത്തെത്തിയപ്പോൾ തേരുനിന്നു. രണ്ടുപേരെയും ക്ലിയറൻസ് ഓഫീസിലെ പത്രോസിന്റെ മുറിയിലെത്തിച്ചു. ഒലിവ് ഇലകളുടെ തലപ്പത്തിരിക്കുന്ന സുസ്മേര വദനനായ പത്രോസിനെക്കണ്ട് കുട്ടായി, ചേട്ടായിയോട് പിറുപിറുത്തു.

അയ്യോ, ഇതാ സിംഹാസനം? ഇങ്ങേർക്ക് ഒരു മടക്കു കസേര പോലുമില്ലെ? നാട്ടിൽ ഇതെങ്ങാനുമറിഞ്ഞാൽ.......!

ഒരേ സഭയിലെ രണ്ടു ചേരികളിലെ പോരാളികളാണിവർ. നേതൃത്വത്തിന്റെ ആഹ്വാനമനുസരിച്ച് പടവെട്ടി കൊല്ലപ്പെട്ടവർ.

മാലാഖ പത്രോസിന്റെ മുമ്പിൽ കേസ് ഫയൽ തുറന്നു.

മക്കള് പള്ളിപ്പരേതാത്മാക്കളാ, പത്രോസ് ചോദിച്ചു.

മഹാ മഹിമ മഹാശ്രീ മോറാൻ മോർ ബാവാ തിരുമേനി ഞങ്ങളെ എങ്ങനെ വേണമെങ്കിലും വിളിച്ചോ. അടിയങ്ങളെ ശിക്ഷിക്കരുത്.

ഇതെന്തു പെരുവാളൻ പേരാണ് മക്കളെ? വെറും നിലത്തിരിക്കുന്ന എനിയ്ക്കെന്തിനാ ഇത്രേം വലിയ പേരൊക്കെ? ബൈബിളിൽ ശിമോൻ പത്രോസെന്നല്ലെയുള്ളൂ? കർത്താവിട്ട പത്രോസെന്ന പേര് വിളിച്ചാൽ മതീട്ടോ.

പേരിനു മുമ്പിലും പിറകിലും വാലും തലയും ചേർക്കാത്ത ആത്മീയ നേതാക്കന്മാരില്ല. അതിലൊരെണ്ണം സ്ഥലക്കുറവു കൊണ്ട് ചേർക്കാൻ മറന്നുപോയാൽ വേദവിപരീതമാണ്.

എന്താ ശിക്ഷിക്കരുതെന്ന് പറഞ്ഞത്. എന്തെങ്കിലും തെറ്റു ചെയ്തിട്ടുണ്ടോ, മക്കൾ?

കാര്യങ്ങളറിയാതെ ഞങ്ങൾ ശത്രുക്കളായി പട വെട്ടി. സത്യമറിഞ്ഞത് തട്ടിക്കഴിഞ്ഞപ്പോഴാണ്.

എന്തു സത്യമാണറിഞ്ഞത്?

ചെയ്തതെല്ലാം ശുദ്ധ മണ്ടത്തരമായിപ്പോയീന്ന്. ജഡത്തിന്റെ തടവറയിൽനിന്ന് പുറത്തു കടന്ന ആത്മാവിനു മാത്രമെ വിശാല സത്യത്തെ കാണാൻ കഴിയൂ.

കാര്യങ്ങളെല്ലാം വിശദമായി ബൈബിളിലുണ്ടായിരുന്നല്ലോ കുട്ട്യേളേ?

ബൈബിൾ പഠിപ്പിക്കുന്ന പാരമ്പര്യം സഭയ്ക്കില്ല ശ്ലീഹേ. ഏവൻഗേലിയോൻ വായനയിലാണ് വല്ലപ്പോഴും അത് കേൾക്കാൻ പറ്റുന്നത്. വൈകിച്ചെല്ലുമ്പോൾ അതും കഴിഞ്ഞിരിക്കും.

പുരോഹിതർ ബൈബിൾ പ്രസംഗിക്കാറില്ലെ?

പ്രസംഗിക്കുന്നതധികവും സഭ, വേദവിപരീതം, കേസ്, സ്വത്ത് സമാഹരണം, പിരിവ്, പാരമ്പര്യം എന്നിവയെപ്പറ്റിയാണ്. പലരും ബുദ്ധിപ്രകടനം നടത്തി ശ്രദ്ധ പിടിച്ചുപറ്റാനാണ് ശ്രമിക്കുക. അങ്ങനെ മനസ്സ് അക്കാര്യങ്ങളിലായി. ഞങ്ങളിപ്പോൾത്തന്നെ സ്വർഗ്ഗത്തിൽ സൂപ്പർ ഫാസ്റ്റായി എത്തിയിട്ടുണ്ടെന്ന് ഇരുവിഭാഗങ്ങളിലേയും ആത്മീയ നേതാക്കന്മാർ ശവസംസ്കാര ശുശ്രൂഷയിൽ ഊന്നിപ്പറയുന്നതു കേട്ട് ആശ്വസിച്ചിരിക്കുകയാണ്.

സ്വന്തം സ്വർഗ്ഗം പോലും ഉറപ്പാക്കാൻ കഴിയാത്തവരുടെ വാക്കുകൾ ജനം വിശ്വസിക്ക്വോ, മക്കളേ?

വിശ്വസിപ്പിക്കാൻ നല്ല കഴിവാണവർക്ക്-ബൈബിളുദ്ധരിച്ച് വികാരത്തിന് തീ കൊളുത്താൻ ഒരു പ്രത്യേക സ്കിൽ. വീട്ടിൽ ഭാര്യേം പിള്ളേരും പലവട്ടം പറഞ്ഞതാ ഇതിനൊന്നും പോവണ്ടാന്ന്. ആഹ്വാനത്തിന്റെ വികാരത്തിരയിൽ വീണുപോയി ശ്ലീഹേ. പകയും വിദ്വേഷവും കുത്തിവയ്ക്കുമ്പോൾ ക്ഷമിക്കുവാൻ തോന്നില്ലല്ലോ.

നിങ്ങൾക്കും ചില ചില്ലറ ബനിഫിറ്റൊക്കെ തടഞ്ഞില്ലേ, മക്കളേ?

ചേട്ടായി സഭേല് വല്യ സ്ഥാനോള്ള വക്താവാണ്. എനിക്കും ചില ചില്ലറ പ്രയോജനങ്ങളൊക്കെ ഉണ്ടായി. യൂത്ത്

(ശേഷം പേജ് 18)

# വിശുദ്ധ സ്തേഫാനോസ്



ഫാ. ഡോ. മർക്കോസ് ജോസഫ്

ഒരു ക്രിസ്ത്യാനി ക്രിസ്തുവിന്റെ പ്രതിഛായയും, ഒപ്പം, നാവുകൊണ്ടും കർമ്മംകൊണ്ടും പ്രഘോഷകനും ആയിരിക്കേണ്ടവനാണ്. ജീവിതവിജയത്തെ വിലയിരുത്തേണ്ടത് ഈ അടിസ്ഥാനത്തിലും മാനദണ്ഡത്തിലുമായിരിക്കണം. കാരണം, ക്രിസ്ത്യാനിയുടെ വിളിയും തിരഞ്ഞെടുപ്പും ആ ദിശയിലേക്കാണ്. അപ്പോ. പ്രവൃ. 6, 7 അദ്ധ്യായങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സ്തേഫാനോസ്, ക്രിസ്തുവിന്റെ പ്രതിരൂപവും ആദ്യരക്തസാക്ഷിയും അപ്പോസ്തലിക കൈവയ്പുള്ള ശുശ്രൂഷാവൃന്ദത്തിലെ പ്രഥമഗണനീയനുമായിരുന്നു.

പേരിന്റെ അർത്ഥത്തിലെന്നപോലെ, ആദിമസഭയുടെ ശിരസ്സിലണിയപ്പെട്ട പുഷ്പാലംകൃതമായ കിരീടമായിരുന്നു വിശുദ്ധ സ്തേഫാനോസ് (St. Stephen). ജന്മംകൊണ്ട് യവന യഹൂദനായിരുന്നെങ്കിലും ബാല്യം മുതലേ ക്രിസ്തീയമാർഗ്ഗത്തിൽ അദ്ദേഹം ചരിച്ചു. വിശ്വാസവും ജ്ഞാനവും പരിശുദ്ധാത്മാവും നിറഞ്ഞ യുവാവ്, ശത്രുക്കൾപോലും മുഖത്ത് ദൈവതേജസ്സ് ദർശിച്ച, മാലാഖമാർക്ക് സമനായവൻ എന്നിപ്രകാരമാണ് അദ്ദേഹത്തെക്കുറിച്ചുള്ള വേദസാക്ഷ്യം. ചിതറിപ്പാർക്കുന്ന യഹൂദന്മാരുമായി വാദപ്രതിവാദത്തിലേർപ്പെട്ടതുകൂടാതെ കൃപയും ശക്തിയും നിറഞ്ഞവനായി ജനത്തിൽ വലിയ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു. യഹൂദമതകോടതി അദ്ദേഹത്തെ മതവിദ്വേഷിയായി കണ്ടെത്തുകയും, ശിക്ഷയായി കല്ലെറിഞ്ഞു കൊല്ലുകയും ചെയ്തു. ഗുരുവിനെപ്പോലെ മരണസമയത്തും ഘാതകരോട് പരിപൂർണ്ണമായി ക്ഷമിച്ച്, അവർക്കുവേണ്ടി പ്രാർത്ഥിച്ചും തന്റെ ആത്മാവിനെ സ്വീകരിപ്പാൻ തുറക്കപ്പെട്ട സ്വർഗ്ഗത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്ത് പ്രഭാവപൂർണ്ണനായി എണീറ്റു നിൽക്കുന്ന അരുമനാഥനെ ദർശിച്ചും സ്തേഫാനോസ് വീരചരമം പ്രാപിച്ചു. യഹൂദ റബ്ബിമാരുടെ എല്ലാ വാദമുഖങ്ങളേയും ഖണ്ഡിച്ചുകൊണ്ട് യേശു വാഗ്ദത്തമശിഹ എന്ന് ശക്തമായി അവതരിപ്പിക്കുന്ന അദ്ദേഹത്തിന്റെ പ്രഭാഷണം ഏറെ പ്രസിദ്ധമാണ്.

യഥാർത്ഥ ക്രിസ്ത്യാനിയുടെ കടമകൾ മൂന്നാണ്-ക്രിസ്തുവിനെ സ്വജീവിതാനുഭവത്തിൽ പകർത്തി പ്രതിരൂപമാവുക, സാക്ഷിക്കുക വഴി അവന്റെ മഹത്വവാഹികളാവുക, അന്യരുടെ ദുഃഖത്തിൽ പങ്കുകാരാവുകയും അവർക്കുവേണ്ടി മദ്ധ്യസ്ഥരാവുകയും ചെയ്യും. സ്തേഫാനോസിനെപ്പോലെയുള്ള ഭക്തന്മാർ പ്രതിരൂപങ്ങളായി ക്രിസ്തുവിനെ ആത്മാവിഷ്കരണം ചെയ്യുന്നതിന് തിരഞ്ഞെടുത്ത മൂന്ന് മാർഗ്ഗങ്ങളാണ് ഉപനയനവും ഉപാസനയും സ്മൃതിയും. ഉപനയനം ധരിക്കുന്നതും വരിക്കുന്നതും പ്രതിരൂപപ്പെടുന്നതുമായ അനുഭവതലമാണെങ്കിൽ ആരാധനാമൂർത്തിയോട് അടുത്ത് ചേർന്നിരിക്കുന്ന അനുഭവമാണ് ഉപാസന. ഇവിടെ പാശ്ചാത്യചിന്താഗതിക്കനുസൃതമായ അനുസരണമല്ല, പിന്നെയോ പൗരസ്ത്യ ചിന്താധാരയ്ക്കു സമാനമായ 'ആയിത്തീരുന്ന' യാഥാർത്ഥ്യത്തിലേക്കുള്ള മുഴുകലാണ്. അനുകരണത്തിൽ ഒളിഞ്ഞുകിടക്കുന്ന ഒരപകടം, അത് ആന്തരിക ഗുണമേന്മയുളവാക്കാതെ ബാഹ്യാനുഷ്ഠാനങ്ങളിലും ഭാവങ്ങളിലും ഒതുങ്ങുകയോ, അല്ലെങ്കിൽ പൊയ്മുഖമായി അധഃപതിക്കുകയോ ചെയ്യുവാനുള്ള സാദ്ധ്യതയുണ്ട് എന്നതാണ്. 'ആയിത്തീരുന്ന' അവസ്ഥയിൽ ആന്തരിക നിറവിൽ നിന്ന് ബഹിർഗമിക്കുന്ന ജീവിതാനുഭവം ഉരുത്തിരിയുന്നു. ക്രിസ്തീയസമൂഹത്തിന് ഇന്ന് സംഭവിച്ചിരിക്കുന്ന അപചയത്തിന്റെ അടിസ്ഥാനകാരണവുമിതുതന്നെയാണ്. അതായത്, ആന്തരികമായി പ്രതിരൂപപ്പെടാതെയും ഗുണമേന്മ സ്വാംശീകരിക്കാതെയും ബാഹ്യാനുഭവത്തിൽ ക്രിസ്തുവിനെ പകർത്തുക. ഫലമോ, ചെമ്പു തെളിഞ്ഞ് കള്ളനാണയങ്ങളായി സമൂഹമദ്ധ്യത്തിൽ പലപ്പോഴും ക്രിസ്തീയത അപലപിക്കപ്പെടുന്നു.

ദൈവത്തിന്റെ രൂപത്തിലും ഛായയിലുമായിരുന്നു മനുഷ്യനെ സൃഷ്ടിച്ചത്. എന്നാൽ പാപം നിമിത്തം മനുഷ്യൻ മറ്റു സൃഷ്ടിക്രമങ്ങളെ ശാപത്തിന്റെ കരിനിഴലിൽ വീഴ്ത്തിയെന്നു മാത്രമല്ല, തന്നിലുള്ള ദൈവസ്വരൂപത്തിന് വികല്പമുണ്ടാക്കുകയും ദൈവസാദൃശ്യം നഷ്ടപ്പെടുത്തുകയും ചെയ്തു. എന്നാൽ ആർദ്രതയും സ്നേഹവും മൂലം മശിഹാതമ്പുരാൻ സ്വർഗ്ഗോന്നതി കൈവിട്ടിറങ്ങി വന്ന് നഷ്ടപ്പെട്ട ദൈവസാദൃശ്യം വീണ്ടും അവന് സുസാദ്ധ്യമാക്കി. ആകയാൽ ഈ പ്രതിരൂപപ്പെടൽ മനുഷ്യനെക്കുറിച്ചുള്ള ദൈവത്തിന്റെ പ്രതീക്ഷയും ആഗ്രഹവുമാണ്. വി. സ്തേഫാനോസിന്റെ ജീവിതത്തിൽ ഈ പ്രതിരൂപപ്പെടൽ പ്രധാനമായും മൂന്ന് മേഖലകളിലാണ് പ്രകടിപ്പിക്കപ്പെട്ടത്-കഷ്ടതയുടെ സഹനത്തിൽ, ക്ഷമയുടെ പ്രായോഗികതയിൽ, സമർപ്പണത്തിന്റെ ആത്മസംതൃപ്തിയിൽ. കഷ്ടനഷ്ടങ്ങൾ ക്രിസ്തീയ പൈതലിന് ക്രിസ്തുവിനോട് അനുരൂപപ്പെടുവാനും, ആത്മീയ പ്രതിരോധശക്തി ആർജ്ജിക്കുവാനും, മഹത്വീകരിക്കപ്പെടുവാനുമുള്ള സാദ്ധ്യതകളാണ്. ശരീരമർമ്മങ്ങളിൽ മാരകമായി പതിച്ച കല്ലേറിന്റെ വേദന സഹിച്ചപ്പോഴും ഗുരുവിനെപ്പോലെ സ്വർഗ്ഗത്തിലേക്ക് കണ്ണുകളുയർത്തി ശോഭിതമുഖത്തോടെ പ്രാർത്ഥിച്ച സ്തേഫാനോസ്, കഷ്ടനഷ്ടങ്ങളിൽ വെറുപ്പോടും അസംതൃപ്തിയോടും, ശാപവചനങ്ങൾ ഉരുവിട്ടു നടക്കുന്ന നമുക്ക് മാതൃകയാവണം. ഒടുങ്ങാത്ത സംഘർഷങ്ങളുടെയും പീഡനങ്ങളുടെയും നടുവിൽ ജീവിക്കുന്ന നമ്മിലധികം പേരും കാലുഷ്യവും വിദ്വേഷവും നിറഞ്ഞ മനസ്സുമായിട്ടാണ് കഴിയുന്നത്. ഈദൃശ സാഹചര്യങ്ങളെ വികസിത മുഖത്തോടെ സ്വാഗതം ചെയ്യുമ്പോഴാണ് ക്രിസ്തുവിനോടുള്ള പ്രതിരൂപപ്പെടൽ നമ്മിൽ യാഥാർത്ഥ്യമാവുന്നത്. ഘാതകരോട് ഹൃദയംഗമായി ക്ഷമിച്ചുകൊണ്ട്, അവരോട് ഈ പാപം നിർത്തരുതേയെന്നു പ്രാർത്ഥിച്ച സ്തേഫാനോസ് ക്രിസ്തുവിന്റെ യഥാർത്ഥ പ്രതിരൂപമായിത്തീർന്നു.

രമ്യപ്പെടലും പുതിയനിയമ നീതിബോധവുമായി ബന്ധപ്പെട്ടതാണ്. ആക്രമിക്കുന്നവന്റെ പാപം സ്വയം ഏറ്റുവാങ്ങി ശിക്ഷ അനുഭവിക്കുന്നതാണ് നീതി. ഈ നീതിബോധപൂർവമായുള്ള ഒരു സന്നദ്ധസമീപനമാകുമ്പോൾ അപരാധിയെ നിരപരാധിയാക്കുവാനും അവനുവേണ്ടി മാപ്പ് ഇരക്കുവാനും അവനെ മാനസാന്തരത്തിലേക്കു നയിക്കുവാനും, സ്തേഫാനോസിനെപ്പോലെ നമുക്കും കഴിയും. തന്നെ



# വാർദ്ധക്യത്തിന്റെ മാധുര്യം

ജോർജ് ബഹനാൻ ടി.
(കൗൺസലർ & തെറാപ്പിസ്റ്റ്)



ആരോഗ്യം കുറഞ്ഞുകൊണ്ടിരുന്ന ഒരമ്മയോട് മകൻ ചോദിച്ചു, അമ്മയ്ക്ക് മരിക്കാൻ പേടിയുണ്ടോ? അമ്മ വളരെ അർത്ഥവത്തായ ഒരു മറുപടി പറഞ്ഞു: എനിക്ക് മരിക്കാൻ പേടിയില്ല, പക്ഷേ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാൻ പറ്റുകയില്ലല്ലോയെന്ന സങ്കടമേയുള്ളൂ. വാർദ്ധക്യത്തിലും പ്രാർത്ഥനയിലുള്ള വിശ്വാസം ആ അമ്മയുടെ അവസാനനാളുകൾ ധന്യമാക്കി. വാർദ്ധക്യത്തിന്റെ നൊമ്പരങ്ങളെപ്പറ്റി വാതോരാതെ പറഞ്ഞ് പ്രായമുള്ളവരെ വേദനിപ്പിച്ചിട്ടെന്തു പ്രയോജനം. "Age is a matter of the mind; if you don't mind, it doesn't matter." അതുകൊണ്ട്, പ്രായമാകുന്നവരുടെ സാദ്ധ്യതകൾക്ക് ഒരു കുറവുമില്ല. പക്ഷേ ആ അനന്തസാദ്ധ്യതകളെപ്പറ്റിയുള്ള ആഴത്തിലുള്ള അവബോധമാണ് വാർദ്ധക്യത്തിൽ അർത്ഥവും ശക്തിയും മാധുര്യവുമുള്ള ഫലങ്ങളുണ്ടാക്കുന്നത്. ആത്മീയതയുടെ ആഴമാണ് മനഃശക്തിയുടെ ശക്തികേന്ദ്രം. വാർദ്ധക്യത്തിൽ നാം ആർജ്ജിക്കേണ്ടതും അതുതന്നെയാണ്.

You are as young as your faith, as old as your doubt;
as young as your self-confidence, as old as your fear;
as young as your hope, as old as your despair.

റിട്ടയർ ചെയ്തുകഴിഞ്ഞാണ് തമിഴ്നാട് ഡി.ജി.പി. വാൾട്ടർ ദേവാരം വീരപ്പൻ വേട്ടയ്ക്കിറങ്ങിയതെന്ന സത്യം ആരും മറക്കേണ്ട. "View life as a challenge, not as a retreat." ഇവിടെയാണ് തളരാത്ത മനസ്സ് വാർദ്ധക്യത്തിൽ തുണയാകുന്നത്. 77-ാം വയസ്സിൽ രണ്ടാംവട്ടം ബഹിരാകാശയാത്ര നടത്തി ചരിത്രം സൃഷ്ടിച്ച ജോൺഗ്ലെൻ വയോധികർക്ക് ഒരു വെല്ലുവിളിയാകുന്നു. കേരളത്തിലെ പ്രഗല്ഭനായ ഒരു ചീഫ് എൻജിനീയറായിരുന്ന ശ്രീ. കെ. ഐ. ഇടിക്കുള, റിട്ടയർ ചെയ്തുകഴിഞ്ഞ് പല സംഘടനകളിലും സ്വമേധയാ സേവനം ചെയ്ത് 80-ാമത്തെ വയസ്സിൽ യൂത്ത് ഫോർ ക്രൈസ്റ്റ് എന്ന സംഘടനയുടെ ചെയർമാനായി. ഈ സമയമൊക്കെയും അദ്ദേഹം കാൻസർ രോഗത്തെ നിശ്ശബ്ദമായി നേരിടുകയായിരുന്നു. ഒഴിവുസമയത്ത് അദ്ദേഹം കമ്പ്യൂട്ടർ പഠിക്കുവാനും സമയം കണ്ടെത്തി-കമ്പ്യൂട്ടർ ക്ലാസ്സിലെ ഏറ്റവും പ്രായം കൂടിയ വിദ്യാർത്ഥി. മനസ്സ് തളരാതിരുന്നാൽ വാർദ്ധക്യം ഒന്നിനും ഒരു വിലങ്ങുതടിയാവുകയില്ല. എഴുപതു വയസ്സുള്ളപ്പോഴാണ് സെർവാന്റ്സ് ഡോൺകിക്സോട്ട് എന്ന പുസ്തകം രചിച്ചത്. മിൽട്ടൺ പാരഡൈസ് റീഗെയ്ൻഡ് എഴുതിയത് 63-ാമത്തെ വയസ്സിൽ. സോക്രട്ടീസ് എഴുപതാമത്തെ വയസ്സിലാണ് ഒരു നല്ല തത്വചിന്തകനായത്. ഇംഗ്ലണ്ടിലെ നിയമസംഹിത ഇരുപതു വാല്യങ്ങളിൽ പരിഷ്കരിച്ചു തയാറാക്കിയത് ഏൾ ഓഫ് എൾസ്ബർഗിന് തൊണ്ണൂറ് വയസ്സുള്ളപ്പോഴാണ്. ഗലീലിയോ 73 വയസ്സുള്ളപ്പോഴാണ് തന്റെ ഏറ്റവും വലിയ കണ്ടുപിടിത്തങ്ങൾ നടത്തിയത്. 82-ാമത്തെ വയസ്സിലാണ് ഗോഥെ തന്റെ "Faust" എന്ന മഹത്ഗ്രന്ഥം എഴുതിയത്. 83-ാമത്തെ വയസ്സിലും എഡിസൺ കണ്ടുപിടിത്തങ്ങൾ നടത്തിക്കൊണ്ടിരുന്നു. ടെന്നിസൺ 83-ാമത്തെ വയസ്സിലാണ് ക്രോസ്സിംഗ് ദ ബാർ എന്ന കവിത രചിച്ചത്. ഗ്രാൻഡ്മാ മോസസ് 90 വയസ്സു കഴിഞ്ഞാണ് തന്റെ പ്രസിദ്ധങ്ങളായ ചിത്രങ്ങൾ രചിച്ചത്. എഴുപതാമത്തെ വയസ്സിലും ഹഡ്സൺ ടെയ്‌ലർ ചൈനയിൽ തന്റെ മിഷനറി പ്രവർത്തനം നടത്തുകയായിരുന്നു. 83-ാം വയസ്സിൽ ജോൺ വെസ്ലിക്ക് ഒരു പരാതി-തനിക്ക് ഒരു ദിവസം പതിനഞ്ച് മണിക്കൂറിൽ കൂടുതൽ എഴുതുവാൻ പറ്റുന്നില്ലെന്ന്. മോശയ്ക്ക് എൺപതു വയസ്സുള്ളപ്പോഴാണ് ദൈവവിളിയുണ്ടായത്. നമ്മെപ്പോലെ പല ഒഴികഴിവുകളും അദ്ദേഹം പറഞ്ഞു. ഹൃദ്രോഗിയായിരുന്ന മദർ തെരേസ 87-ാം വയസ്സിൽ കർമ്മനിരതയായിരുന്നു.

ഞാൻ വയസ്സായി, എന്നെക്കൊണ്ട് ഒന്നിനും കൊള്ളില്ലെന്നു പറയുന്ന മാനസികാവസ്ഥ വാർദ്ധക്യത്തെ ദുഃഖപൂർണ്ണമാക്കും. മനഃശാസ്ത്രപരമായി ഇത് അപകർഷബോധമാണ്. വർഷങ്ങൾ മുഖത്തിന് ചുളിവുണ്ടാക്കും. പക്ഷേ ഉത്സാഹം കൈവെടിയുന്നത് ആത്മാവിനും മനസ്സിനും ചുളിവുണ്ടാക്കും.' "I am on the bright side of seventy," ഒരു മനുഷ്യൻ പറഞ്ഞു- "The bright side, because nearer to everlasting glory and my heavenly home." ജീവിതത്തിൽ ഒരത്ഭുതവും സംഭവിക്കയില്ലെന്നു ചിന്തിക്കുന്ന നേരത്ത് വാർദ്ധക്യം ആരംഭിക്കുകയായി. വാർദ്ധ

കല്ലെറിഞ്ഞു കൊല്ലുന്നവർക്കായി സ്തേഫാനോസ് അർപ്പിച്ച പ്രാർത്ഥന ഉളവാക്കിയ നടുക്കമാണല്ലോ കണ്ടുനിന്ന ശൗലിന്റെ മാനസാന്തരത്തിന്റെ തുടക്കം. ഒരു ക്രിസ്തീയ പൈതലിന് വിദ്വേഷകലുഷിതമായ ജീവിതസാഹചര്യത്തിൽപ്പോലും ക്ഷമിച്ച് നിരപ്പാവുകയെന്നത് നിയോഗവും ജീവിതപ്രമാണവുമാണ്. ക്ഷമിക്കുകയെന്നതു അപരാധിയോടുള്ള ഔദാര്യമെന്നതിനപ്പുറം, തന്നോടുതന്നെ അനുവർത്തിക്കേണ്ട കടമയായി മാറുമ്പോഴാണ് ആത്മസൗഖ്യത്തിനുള്ള ദൈവിക പദ്ധതിയാകുന്നത്. ക്ഷമയോടൊപ്പം ആത്മസമർപ്പണം, പ്രതിരൂപപ്പെടുന്ന ക്രിസ്തീയപാതയിൽ പരമപ്രധാനമാണ്. ബാല്യത്തിലേ ക്രിസ്തീയ ശുശ്രൂഷയ്ക്കായി സ്വയം സമർപ്പിക്കുകയും, അതിനായി തന്റെ മനവും മൊഴിയും കർമ്മവും പൂർണ്ണമായി വിനിയോഗിക്കുകയും അവസാനം, തുറക്കപ്പെട്ട സ്വർഗ്ഗത്തിൽ ഗുരുമുഖം ദർശിച്ച്, സംതൃപ്തനായി ജീവനെ തമ്പുരാന്റെ തൃപ്പാദങ്ങളിലർപ്പിച്ച് സ്തേഫാനോസ് മരിച്ചു. വി. സ്തേഫാനോസിന്റെ ഈ പ്രതിരൂപപ്പെടൽ അല്പമായെങ്കിലും നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാകുമ്പോൾ നാം ക്രിസ്ത്യാനി എന്ന പേരിന് അർഹരാകും. ●

കൃത്തിലുണ്ടാകുന്ന ഒരു ദർശനമില്ലായ്മ യാണ് പലരുടെയും വാർദ്ധക്യത്തെ ശാപ മാക്കി മാറ്റുന്നത്. "Am I getting older or am I getting more godly"- കത്തോലിക്കാ പുരോഹിതൻ ഹെന്റി ന്യൂമാന്റെ വാക്കു കളാണിത്. പ്രായമാകുന്നവർ ഈ ചോദ്യം സ്വയം ചോദിക്കുകയും ദൈവത്തിൽ വള രുകയും ചെയ്യണം. ഇവിടെ പ്രതീക്ഷകൾ വളരും, വിശ്വാസം വളരും; അങ്ങനെ സ്വാഭിമാനമുണ്ടാകും. വയോജനങ്ങളെ ഈ രാജ്യത്തിനാവശ്യമുണ്ട്. അവരുടെ അനുഭവസമ്പത്തും കഴിവും പ്രയോജന പ്പെടുത്തിയാൽ നമുക്കതു വലിയ അനു ഗ്രഹമായിരിക്കും. അമേരിക്കൻ പ്രസി ഡന്റായിരുന്ന ലിൻഡൻ ജോൺസന്റെ വാക്കുകളാണിവ.

പ്രായമായവർ കുടുംബത്തിന്റെ ശക്തി കേന്ദ്രമാണ്. മറ്റുള്ളവർക്കു വേണ്ടി നിര ന്തരമായി പ്രാർത്ഥിക്കുവാൻ അവർക്കു സാധിക്കും. അതിലും വലിയ ഒരു കാര്യം പ്രായമായവർക്കു ചെയ്യുവാനില്ല. അവർ ശുഭാപ്തി വിശ്വാസത്തിന്റെ ഒരു അന്ത രീക്ഷം വീട്ടിൽ സൃഷ്ടിക്കും. ഇളംതലമു റയ്ക്ക് ആശ്വാസവും ശക്തിയും പകരും. വല്യപ്പച്ചന്റെ വിശ്വാസം കണ്ട് ഇളംതലമു റയും വിശ്വാസത്തിൽ വളരും. പ്രായമാ യവർക്കു പ്രവർത്തിക്കാൻ ധാരാളം അവ സരങ്ങളുണ്ട്. അത് അവർ കണ്ടെത്തണം. യുവതലമുറയെ പ്രോത്സാഹിപ്പിക്കുക, അവർക്കുവേണ്ടി പ്രാർത്ഥിക്കുക, അവരുടെ നേട്ടങ്ങളെ അഭിനന്ദിക്കുക, അവരുമായി ആശയവിനിമയം നടത്തുക. ഏൾ വിത്സന്റെ വാക്കുകൾ ശ്രദ്ധിക്കുക- "We spend the first half of our lives trying to understand the older generation and the second half trying to understand the younger generation." യുവതലമുറയെ മനസ്സിലാക്കുവാൻ ശ്രമിച്ചാൽ തല മുറകൾ തമ്മിലുള്ള വിടവ് അവസാനിക്കും.

സ്ഥാനത്തിനും അധികാരത്തിനും വേണ്ടിയുള്ള മത്സരങ്ങളിൽനിന്ന് പ്രായമാകുന്ന വർ മാറിനിന്ന്. സത്യത്തിനും നീതിക്കും വേണ്ടിയുള്ള പ്രവാചകരാകണം; സമൂഹ ത്തിൽ റോൾമോഡലുകളാവണം. സ്വയംപരിതാപത്തിലേക്ക് പ്രായമായവർ പോകു വാൻ പാടില്ല. അത് അവരെ മാനസിക പ്രശ്നങ്ങളിലേക്ക് വലിച്ചിഴയ്ക്കും. "The best is yet to be"- എന്ന ബ്രൗണിങ്ങിന്റെ വാക്കുകൾ അവർ ഓർക്കട്ടെ. "I am growing old to bloom before the face of God." പ്രായമുള്ള ഒരു മനുഷ്യന്റെ ഈ വാക്കുകൾ സാധ്യതകൾ കണ്ടെത്തുവാൻ നിങ്ങൾക്കു പ്രചോദനം നൽകും. സാധ്യതകൾ പ്രായമുള്ളവരെ തേടി വരികയില്ല. അത് അവർ കണ്ടെത്തണം. അവരാണ് വാർദ്ധക്യത്തിലും മധുരമുള്ള ഫലം കായ്ക്കുന്നവർ.

വേദപുസ്തകത്തിലെ ഏതാണ്ട് മുപ്പതിനായിരത്തിലേറെ വാഗ്ദാനങ്ങൾ പ്രായമു ള്ളവരെ കാത്തിരിക്കുന്നു. അതവർ വായിച്ചു കണ്ടുപിടിക്കട്ടെ. അതവർക്ക് മനഃശാ സ്ത്രപരമായ കരുത്ത് നൽകും. ചില സുപ്രധാന വരികൾ ഇവിടെ കുറിക്കട്ടെ.

Count your blessings instead of your crosses;
Count your gains instead of your losses;
Count your joys instead of your woes;
Count your friends instead of your foes;
Count your smiles instead of your tears;
Count your courage instead of your fears;
Count your full years instead of your lean;
Count your kind deeds instead of your mean;
Count your health instead of your wealth;
Count on God instead of yourself.

## നാം നേരിടുന്ന സാംസ്കാരിക പ്രതിസന്ധി *(പേജ് 14 തുടർച്ച)*

സംവിധാനങ്ങൾ എന്നിവയുടെ സന്മന സ്സിലും ആശ്രയിച്ചുകൊണ്ട് വിഭവസമാഹ രണം നടത്തണം. ഇതിനൊക്കെയായി ഒരു വികസന കാര്യാലയം കാര്യക്ഷമമായി പ്രവർത്തിക്കണം. ധാർമ്മികമായും വിദ്യാ ഭ്യാസപരമായും ഔന്നത്യം പുലർത്തുന്ന മാതൃകാസ്ഥാപനങ്ങളായി ക്രിസ്തീയ വിദ്യാഭ്യാസസ്ഥാപനങ്ങൾ തീരണം. അഭി പ്രായസമന്വയത്തോടെ ദീർഘകാലാടി സ്ഥാനത്തിൽ വികസനത്തിനുള്ള മാർഗ്ഗരേഖകളുണ്ടാകണം. അധ്യാപകരെ പ്രോത്സാഹിപ്പിക്കുകയും, അവർക്ക് പങ്കാ ളിത്തബോധം നൽകുകയും ചെയ്യുന്ന നേതൃത്വമുണ്ടാകണം. സഭയുടെ നേരി ട്ടുള്ള നിയന്ത്രണത്തിൽ നിന്ന് കോളജു കളെ മോചിപ്പിക്കണം. അക്കാദമിക കാര്യ ങ്ങളിൽ കോളജിനെ ഉപദേശിക്കാൻ വിപു ലമായ ഉപദേശകസമിതികളുണ്ടാകണം. ഭരണസംവിധാനങ്ങൾ ചിട്ടയോടുകൂടെ വികേന്ദ്രീകരിക്കുകയും കാര്യക്ഷമമാക്കു കയും ചെയ്യണം. നമ്മുടെ മുമ്പിലുള്ള സാധ്യതകൾ അനന്തമാണ്. വിശ്വാസം മാത്രം സമ്പാദ്യമാക്കിക്കൊണ്ട് ദീർഘവീക്ഷ ണത്തോടും സമർപ്പണത്തോടും മുമ്പോട്ടു പോയാൽ മലകളെ നീക്കുവാനും നമുക്കു കഴിയുമെന്നാണ് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നത്. പക്ഷേ ഇന്നു നാം മാമോ നെക്കുറിച്ചാണ് ആദ്യം ചിന്തിക്കുക. തുടർന്ന്, പണസമാഹരണത്തിനുള്ള എളു പ്പവഴികൾ കണ്ടെത്തുന്നു. മദർ തെരേസ യുടെ ഒരു പ്രസ്താവനയോടെ സംക്ഷേ പിക്കട്ടെ: **സ്നേഹത്തിന്റെയും കാരുണ്യ ത്തിന്റെയും ധാരണയുടെയും സമാധാ നത്തിന്റെയും കൂടുതൽ കൂടുതൽ നി ക്ഷേപങ്ങൾ സ്വരൂപിക്കുവാൻ നമുക്ക് ശ്രമിക്കാം; മുമ്പെ തന്നെ ദൈവരാജ്യം അന്വേഷിക്കുന്നുവെങ്കിൽ മറ്റെല്ലാം അതോടുകൂടെ നമുക്ക് ലഭിക്കും.**

## പരേതാത്മാക്കൾ ദൈവനീതിയുടെ മുമ്പിൽ *(പേജ് 15 തുടർച്ച)*

പ്രസിഡന്റ് സ്ഥാനം, ഒരു പ്രൈവറ്റ് കമ്പ നീല് ജോലി, ഡെയ്‌ലി ബാറ്റ, ഇഷ്ടം പോലെ തീറ്റ, പത്രത്തിൽ പേര്.......പലതും കിട്ടീട്ടുണ്ട്. പക്ഷേ അതിലൊന്നും വല്യ കാര്യേല്യാന്നിപ്പോ തോന്നുന്നു.

വല്യേട്ടായിക്കുമുണ്ടോ കുറ്റബോധം?

സഭയ്ക്കും ക്രിസ്തുവിനും വേണ്ടി യായിരുന്നല്ലോ ജീവിതം ബലി കഴി ച്ചതെന്ന ആത്മസംതൃപ്തീണ്ട്.

സഭയും ക്രിസ്തുവും തമ്മിലെന്താ ബന്ധം?

അയ്യോ, മുത്തപ്പനെന്താ അങ്ങനെ പറ ഞ്ഞത്. ക്രിസ്തുവിന്റേല്ലേ സഭ?

വെറും പേരുവിളിച്ചാൽ സഭ ക്രിസ്തു വിന്റേതാകുമോ? ജീവിതം വേണ്ടേ? യോഹന്നാൻ പതിനേഴിന്റെ ഇരുപത്തിമൂ ന്നിലെന്താ പറയുന്നത്?

അല്ല, എനിക്കു ബൈബിൾ നല്ല പിടി യില്ല. ഭരണഘടന കാണാപ്പാഠാ.

ഞാൻ പറയാം. നീ എന്നെ അയച്ചിരി ക്കുന്നുവെന്നും നീ എന്നെ സ്നേഹിക്കു ന്നതുപോലെ അവരെയും സ്നേഹി ക്കുന്നുവെന്നും ലോകം അറിവാൻ നാം ഒന്നായിരിക്കുന്നതിനും അവരും ഒന്നാകേ ണ്ടതിനു ഞാൻ അവരിലും നീ എന്നിലു മായി അവർ ഐക്യത്തിൽ തികഞ്ഞവരാ യിരിക്കേണ്ടതിനു തന്നെ.

ഹോ! എത്ര നല്ല ഉപദേശം! ഇതു നാട്ടിൽ വച്ചു കേട്ടിരുന്നെങ്കിൽ........

സഭയെന്നാലെന്താണിന്ന്?

സഭയെന്നാൽ പള്ളീം അതിന്റെ സ്ഥാവരജംഗമ സ്വത്തുക്കളും ഭരണഘട നയും സ്ഥാപനങ്ങളും പാരമ്പര്യവും പൗരോഹിത്യസ്ഥാനികളും കുർബാനയും പെരുന്നാളുകളും......

ഇതിലെവിടാ ക്രിസ്തു?

ക്രിസ്തുവിന്റെ പേരിലല്ലേ ഈ ക്രിയ കളെല്ലാം? എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ കൂടിയാൽ നടുവിലുണ്ടെ ന്നല്ലെ?

അവനു നടുക്കുനിൽക്കാൻ കൊള്ളാ വുന്ന കാര്യങ്ങളാണോ കൂടുമ്പോൾ പറ യുന്നതും ചെയ്യുന്നതും. എങ്കിലെങ്ങനെ നിങ്ങളിവിടെത്തി?

മോശയുടെ സിംഹാസനത്തിലിരിക്കു ന്നവർ ആഹ്വാനിക്കുമ്പോൾ പിന്നെന്തു ചെയ്യണം?

ഉപദേശം കേൾക്കാം. ക്രിസ്തീയമല്ലാ

കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെ അധികരിച്ചുള്ള

# പാർശ്വ ചിന്തകൾ



ഡോ. സി. ജെ. റോയ്

## പ്രാർത്ഥന: ഒരു പാഠവിചാരം

കുടുംബദീപം മാസികയിൽ പത്രാധിപരുടെ കുറിപ്പ് : 'വിശ്വാസത്തിന്റെ ആഴം'. വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ പ്രതിപാദിക്കുന്ന കനാൻകാരിയുടെ കഥയെ അടിസ്ഥാനമാക്കി പ്രാർത്ഥന ഫലപ്രദമാക്കുന്നതിൽ വിശ്വാസത്തിനുള്ള പങ്ക് അതിൽ വിശദമാക്കുന്നു. മകളുടെ പിശാചുബാധ മാറ്റാൻ യേശുവിന്റെ സഹായം തേടിയെത്തിയതാണു കനാൻകാരി. അവളുടെ യാചനയ്ക്കു യേശു മറുപടിയൊന്നും പറഞ്ഞില്ല. എങ്കിലും അവൾ അവന്റെ പിന്നാലെ കൂടി. ശിഷ്യന്മാർ അവൾക്കുവേണ്ടി ഇടപെട്ടപ്പോൾ മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്കു നൽകുന്നതു നന്നല്ലെന്ന് അവൻ പറഞ്ഞു. സാധാരണ ഗതിയിൽ അത്രയും കൊണ്ട് ആ സ്ത്രീ പിന്മാറേണ്ടതായിരുന്നു. പക്ഷേ, അതല്ല സംഭവിച്ചത്. നായ്ക്കളും യജമാനന്റെ മേശയിൽ നിന്നുള്ള അപ്പക്കഷണങ്ങൾ തിന്നുന്നുവല്ലോയെന്ന് അവൾ തന്റെ പ്രാർത്ഥനയെ ന്യായീകരിച്ചു. യേശു പറഞ്ഞു: സ്ത്രീയേ, നിന്റെ വിശ്വാസം വളരെ വലുത്; നിന്റെ ഇഷ്ടംപോലെ നിനക്കു ഭവിക്കട്ടെ. നമ്മുടെ പ്രാർത്ഥനകൾ ഫലപ്രദമാകണമെങ്കിൽ ആഴമേറിയ വിശ്വാസമുണ്ടാകണമെന്നതാണ് നമുക്കുള്ള സന്ദേശം. വിശ്വാസമുണ്ടായാൽ പോരാ, അതു പാറപോലെ ബലമുള്ളതാണെന്നു ഉറപ്പു വരുത്തുകയും വേണം. കനാൻകാരിയുടെ കാര്യത്തിൽ യേശു ആ ഉറപ്പു വരുത്തി. അതിന്റെ ഭാഗമായിരുന്നു അവൾക്കുനേരെ ഉണ്ടായ അവഗണനയും അധിക്ഷേപകരമായ പരാമർശവും. വിശ്വാസവുമായി ബന്ധപ്പെട്ട ഇത്തരം പരീക്ഷകൾക്കു സ്വന്തം ശിഷ്യന്മാരെയും യേശു വിധേയരാക്കിയിട്ടുണ്ട്. ശിഷ്യന്മാരോടൊത്ത് കടലിൽ സഞ്ചരിക്കുകയായിരുന്ന യേശു പടകിൽ കിടന്ന് സുഖമായി ഉറങ്ങുമ്പോഴാണ് കാറ്റും കോളുമുണ്ടായത്. കടുത്ത കടൽക്ഷോഭം വരുത്തിയ പരിഭ്രാന്തിയിൽ ശിഷ്യന്മാർ യേശുവിനെ ഉണർത്തി തങ്ങളുടെ ഉൽക്കണ്ഠ ധരിപ്പിച്ചു. കാറ്റിനെ ശാസിക്കുകയും കടലിനെ ശാന്തമാക്കുകയും ചെയ്തശേഷം യേശു അവരോടു ചോദിച്ചു: എന്തിനാണ് നിങ്ങൾക്കീ ഭയം? എന്തു പറ്റി നിങ്ങളുടെ വിശ്വാസത്തിന്? പരാതിയെയോ പരിഭവത്തെയോകാൾ വിശ്വാസപരമായി വേണ്ടത്ര ശക്തരല്ലല്ലോ തന്റെ ശിഷ്യന്മാരെന്ന ദുഃഖമാണ് ഈ ചോദ്യത്തിനു പിന്നിലുള്ളത്.

വിശ്വാസത്തിനു വിലങ്ങുകൾ തീർക്കുന്ന പരീക്ഷകളെ എങ്ങനെ നേരിടണമെന്ന് യേശു പഠിപ്പിച്ചുതന്നിട്ടുണ്ട്. നാല്പതു പകലും നാല്പതു രാവും ഉപവസിച്ചപ്പോൾ അവനുണ്ടായ വിശപ്പ് അതികഠിനമായിരുന്നു. അപ്പോഴാണ് സാത്താന്റെ രംഗപ്രവേശം. എന്തിനിങ്ങനെ വിശന്നിരിക്കുന്നു, ഈ കല്ലുകളെ അപ്പമാക്കി ഭക്ഷിച്ചുകൂടേയെന്നു അന്വേഷണം. ആ പ്രലോഭനത്തെ യേശു ശക്തമായി നേരിടുന്നു. കല്ലിനെ അപ്പമാക്കാൻ തനിക്കു കഴിയും. പക്ഷേ, ആ കഴിവ് അധീനമല്ലാത്തവർക്കു വേണ്ടിയാണ് താൻ എത്തിയിരിക്കുന്നത്. അപ്പത്തെ മോഹിക്കുകയല്ല, അപ്പം സൃഷ്ടിച്ചവന്റെ വാക്കിനെ അനുസരിക്കുകയാണു വേണ്ടതെന്ന വാക്കിലൂടെ അവൻ സാത്താനെ തോല്പിക്കുന്നു. തന്റെ പുത്രന്റെ പാദങ്ങളെ കല്ലിൽ തട്ടാതെ മാലാഖമാർ സൂക്ഷിക്കുമെന്ന ദൈവവചനമായിരുന്നു സാത്താന്റെ അടുത്ത ആയുധം. അത് ഉപയോഗപ്പെടുത്തി ദേവാലയഗോപുരത്തിൽ നിന്നു താഴേക്കു ചാടാൻ നിർദ്ദേശം. ദൈവമായ കർത്താവിനെ പരീക്ഷിക്കരുതെന്ന വചനത്തിലൂടെ ആ പരീക്ഷയിൽ യേശുവിനു ജയം. സമ്പദ്സമൃദ്ധിയുടെ മോഹവലയത്തിൽ അവനെ അകപ്പെടുത്താനായിരുന്നു അടുത്ത ശ്രമം. തന്നെ ഒന്നു നമസ്കരിച്ചാൽ എല്ലാറ്റിനും ആധിപത്യമെന്ന പ്രലോഭനത്തിലും യേശു വീണുപോയില്ല. വിശ്വാസപരമായ ഈ മാതൃക പിൻതുടരാൻ നമുക്ക് ഏറെയൊന്നും കഴിയുന്നില്ലെന്നതാണു സത്യം. അതുകൊണ്ട് നാം അന്നന്നത്തേക്കുള്ളതിനുപകരം നമുക്കും നമ്മുടെ പിന്മുറക്കാർക്കുമായി അപ്പത്തിന്റെ കുമ്പാരങ്ങളുണ്ടാക്കുന്നു. ദൈവവചനങ്ങളിൽ നിന്ന് അകലുകയും അന്യദൈവങ്ങളെ ആരാധിക്കുകയും ചെയ്യുന്നു. വിശ്വാസപരമായ അപചയത്തിൽ പ്രാർത്ഥനകൾ പലപ്പോഴും കേവലം അധരവ്യായാമങ്ങളായി മാറുകയും, ആശിക്കുന്ന ഫലം പുറപ്പെടുവിക്കാതിരിക്കുകയും ചെയ്യുന്നു.

ദൈവത്തിന്റെ പരമാധികാരവും മനുഷ്യന്റെ സ്വാതന്ത്ര്യവും തമ്മിലുള്ള ഒരു സമവായമാണ് പ്രാർത്ഥന. ദൈവഹിതത്തിനു വിധേയരായി വർത്തിക്കാൻ വിധിക്കപ്പെട്ടവരാണു നാം. എങ്കിലും, യജമാനനായിരിക്കുമ്പോൾത്തന്നെ നമ്മുടെ പിതാവുമാണു ദൈവം. അപകടഘട്ടങ്ങളിൽ ആരെങ്കിലും നമ്മോടൊപ്പമുണ്ടാകുന്നത് നമുക്കു കരുത്തു നൽകും. ആ കരുത്തിലുള്ള കലർപ്പില്ലാത്ത വിശ്വാസമാണ് നമ്മുടെ പ്രാർത്ഥനകളെ ഫലപ്രദമാക്കുന്നത്. ●

ത്തതു ചെയ്യാൻ പറഞ്ഞാൽ ചെയ്യാൻ ബാധ്യതയില്ല. നിങ്ങളുടെ അപരാധത്തിന് ആഹ്വാനക്കാർ മറുപടി പറയോ? അവർക്ക് തൽക്കാലം കസേരയെങ്കിലും കിട്ടി. നിങ്ങൾക്കോ?

സത്യവിശ്വാസസംരക്ഷണാർത്ഥം പീസാകുന്നത് രക്തസാക്ഷിത്വമാണെന്നു നേതൃത്വം കല്പിച്ചയച്ചു.

ശരിയാണ്. വിശ്വാസത്തിനുവേണ്ടി മരിച്ചവരാണ് ഞങ്ങൾ. നിങ്ങൾ മരിച്ചത് സ്നേഹം, ദീർഘക്ഷമ, സമാധാനം, വിനയം, ആത്മവിശുദ്ധി തുടങ്ങിയ ഏതെങ്കിലും നന്മയിൽ ഉറച്ചുനിന്നതിന്റെ പേരിലാണോ?

അല്ല

പിന്നെ?

സിംഹാസനങ്ങൾക്കുവേണ്ടി.

ഏതു സിംഹാസനങ്ങൾ?

അവിടുന്നു ക്ഷമിക്കണം. ഞാനും ചേട്ടായിയും ഡിഫ്രന്റ് ത്രോൺസിന്റെ വക്താക്കളായിരുന്നു

ക്രിസ്തുവിന്റെ അല്ല?

വിവിധ സിംഹാസനങ്ങളിലെ ആരൂഢർ തമ്മിലടിച്ചപ്പോൾ ഞങ്ങൾ ഒരോ സൈഡു ചേർന്നു. രണ്ടു നൂറ്റാണ്ടുകൾ കേസുപറഞ്ഞിട്ടു പ്രയോജനമില്ലാതെ വന്നപ്പോൾ നേതൃത്വം അടിക്കാൻ പറഞ്ഞു. ക്രിസ്തുവിന്റെ വചനങ്ങൾ കോട്ടു ചെയ്ത കൽപനകളും പിതാക്കന്മാരുടെ വൈരാഗ്യ പാരമ്പര്യങ്ങളും ഞങ്ങളെ രണ്ടു ചേരിയിലാക്കി, ചാവേർ പടകളാക്കി, അത്യുന്നത സ്ഥാനികളുടെ മനസ്സിലെ വെറുപ്പിനും സ്ഥാനമോഹത്തിനും വേണ്ടിയായിരുന്നു ഈ നിഴൽ യുദ്ധമെന്നറിയാൻ വൈകിപ്പോയി. ക്ഷമിക്കണം.

ക്രിസ്തുവിനെ അറിഞ്ഞും ആത്മാവിലാരാധിച്ചും വിശുദ്ധ ജീവിതം നയിക്കുന്ന അനേകർ ഇന്നും സഭയിലുണ്ടല്ലോ? അവർക്ക് നല്ലപങ്കും, നിങ്ങൾക്ക് ദോഷവും തിരഞ്ഞെടുക്കാൻ തോന്നിയതെന്താണ് മക്കളേ? ഹൃദയകാഠിന്യമെന്നാണോ പറയേണ്ടത്?

മുത്തപ്പെനെന്തുപറഞ്ഞാലും വേണ്ടില്ല. കയ്യാംകളി നടക്കുന്ന ഒടുക്കത്തെ നരകത്തിലോട്ടു വിടരുത്, പ്ലീസ്.

നിങ്ങൾക്കു മുമ്പെ വന്നവരും ഇതു തന്നെ പറഞ്ഞു. പിമ്പെ വരുന്നവരും ഇതു തന്നെ പറയും. ദൈവനീതിയുടെ മുമ്പിലേക്കു നിങ്ങൾക്കു പോകാം. ഗുഡ് ലക്ക്! ●

# നിസ്സാരതകളിൽ വെളിപ്പെടുന്ന ദൈവിക സാന്നിദ്ധ്യം

യേശുവിന്റെ ജനനത്തെപ്പറ്റിയുള്ള വിവരങ്ങൾ വി. മത്തായിയുടെയും വി. ലൂക്കോസിന്റെയും സുവിശേഷങ്ങളിൽ മാത്രമാണ് പ്രതിപാദിച്ചിരിക്കുന്നത്. ആർപ്പും കുരവയുമില്ലാതെ, മഞ്ഞുതുള്ളികൾ വർണ്ണം വിതറിയ മനോഹരദിനത്തിൽ താരകങ്ങളെ സാക്ഷിനിർത്തി യെഹൂദ്യയിലെ ബേത്‌ലഹേമിൽ ഒരു കാലിത്തൊഴുത്തിൽ യേശു ജാതനായി. ഔഗസ്തോസ് കൈസർ റോമാ സാമ്രാജ്യത്തിന്റെ ചുക്കാൻ പിടിച്ചിരുന്ന കാലത്ത് പലസ്തീൻ ഹെരോദാവിന്റെ അധികാരത്തിൻ കീഴിലായിരുന്നു. ഈ കാലഘട്ടത്തിലാണ് ലോകരക്ഷകന്റെ ജനനം. റോമാ സാമ്രാജ്യത്തിലെ വിവിധ പ്രവിശ്യകളിൽ താമസിക്കുന്ന ജനങ്ങൾ സെൻസസ് പ്രമാണിച്ച് അവരുടെ സ്വന്തപട്ടണങ്ങളിൽ പോയി പേരുകൾ രേഖപ്പെടുത്തുവാൻ കൽപ്പനയുണ്ടായി. അങ്ങനെ, ദാവീദിന്റെ വംശാവലിയിൽപ്പെട്ട യോസേഫ് പൂർണ്ണ ഗർഭിണിയായ തന്റെ ഭാര്യ മറിയയോടൊപ്പം യെഹൂദ്യയിലെ ബേത്‌ലഹേമിലേക്ക് യാത്ര പുറപ്പെട്ടു. വർഷങ്ങൾക്കു മുൻപ് മീഖാ പ്രവാചകൻ വിളിച്ചുപറഞ്ഞ പ്രവചനത്തിന്റെ നിവൃത്തിയായിരുന്നു ഇത്.

കഠിനമായ യാത്രയിൽ വാടിത്തളർന്ന രണ്ടു വ്യക്തികൾ-യോസേഫും മറിയയും. സ്വന്തം നാട്ടിൽ എത്തിച്ചേർന്ന ആശ്വാസത്തിലായിരുന്നു യോസേഫ്. എന്നാൽ അവിടെ നേരിടുന്ന തിക്താനുഭവങ്ങൾ യോസേഫിനു മാത്രമല്ല, നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും മനുഷ്യജനതയെ ആകമാനം ചിന്തിപ്പിക്കുകയും ജീവിതയാത്രയിൽ ശക്തീകരിക്കുകയും ചെയ്യുന്നതായിരുന്നു. ദൈവപുത്രന് പിറക്കുവാൻ ബേത്‌ലഹേമിലെ സത്രത്തിൽ സ്ഥലം നൽകാതിരന്നതിൽപ്പരം നിഷേധം മറ്റൊന്നുമില്ല. സത്രം എപ്പോഴും സജീവമായിരുന്നു, ലോകരാഷ്ട്രങ്ങൾ സന്ധിക്കുന്ന സ്ഥലമായിരുന്നു. അവിടെ എങ്ങനെ ഒരു സാധാരണക്കാരന് കയറിക്കിടക്കുവാൻ അനുവാദം ലഭിക്കും. കരുണയുടെ ഉടയവന് ഉദരത്തിൽ സ്ഥലംകൊടുത്ത മറിയയ്ക്ക് സത്രമുടമയിൽ നിന്ന് കരുണ ലഭിച്ചില്ല. ഒടുവിൽ കരുണ ലഭിച്ചത് ദൈവസൃഷ്ടികളായ മിണ്ടാപ്രാണികളുടെ തീറ്റസ്ഥലത്തായിരുന്നു. മനുഷ്യവർഗ്ഗത്തിന്റെ സമൃദ്ധിയായ ജീവനുവേണ്ടി സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പമായ ക്രിസ്തുവിന് അപ്പത്തിന്റെ ഭവനമായി അറിയപ്പെടുന്ന ബേത്‌ലഹേമിലെ മാളികകളിലല്ല, കാലിത്തൊഴുത്തിലാണ് പിറക്കാൻ ഭാഗ്യമുണ്ടായത്. കാലിത്തൊഴുത്ത് പുറംതള്ളപ്പെട്ടവരുടെയും അവഗണിക്കപ്പെട്ടവരുടെയും സമൂഹം കരുതുവാൻ മറ



ന്നുപോയവരുടെയും ഏറ്റവുമൊടുവിലത്തെ അഭയകേന്ദ്രമായിരുന്നു. കൂടാതെ ജ്ഞാനികൾക്കും അധികാരികൾക്കുമല്ല സാധാരണക്കാരായ ഇടയന്മാർക്കാണ് മാലാഖയിൽ നിന്ന് സദ്വർത്തമാനം കേൾക്കുവാൻ ആദ്യം ഭാഗ്യമുണ്ടായത്. ക്രിസ്മസ് നിസ്സഹായർക്ക് പ്രതീക്ഷകൾ പകരുന്ന തിരിനാളമാണ്.

ലോകം ദൈവപുത്രനെ പ്രതീക്ഷിച്ചത് സത്രത്തിലായിരുന്നു. എന്നാൽ നിസ്സാരതകളിൽ വെളിപ്പെടുവാൻ ആഗ്രഹിക്കുന്നവനാണ് ദൈവമെന്ന സത്യം ലോകം അന്നാണറിയുന്നത്. എന്നാൽ പിന്നീട് അത് മറന്നു. ഒരു ചാൺ വയറ് നിറയ്ക്കുവാൻ അന്നം തേടി നമ്മുടെ മുൻപിൽ കൈനീട്ടുന്നവരിൽ യേശുവിന്റെ മുഖം കാണുവാൻ ഇന്നും നമുക്ക് കഴിയുന്നില്ല. ആഘോഷങ്ങൾക്കു പിന്നിലെ വേദനകൾ വിസ്മരിച്ചുകൊണ്ട് മുന്നോട്ടു പോകുന്നത് നിസ്സാരതകളിൽ ദൈവികസാന്നിദ്ധ്യം കാണുവാനുള്ള മനസ്സ് ഇല്ലാത്തതുകൊണ്ടാണ്. നമ്മുടെ ഹൃദയസത്രത്തിൽ യേശുവിന് പിറക്കുവാൻ സ്ഥലമുണ്ടോ? എല്ലാ മനുഷ്യരോടും താദാത്മ്യപ്പെടുന്ന യേശുവിന്റെ ജീവിതമാണ് ക്രിസ്മസിന്റെ അന്തസ്സത്ത. പക്ഷികൾ കൂടുണ്ടാക്കി അതിൽ കുഞ്ഞുങ്ങൾക്ക് ജന്മം നൽകുമ്പോൾ, ലോകരക്ഷകൻ നിസ്സഹായനായി ഈ ഭൂമിയിൽ പിറക്കുമെന്ന് ആരും കരുതിയില്ല. പച്ചപ്പട്ടുകൊണ്ട് ഭൂമിയെ വിരിച്ചവന് ചുറ്റാൻ പട്ടുതുണികളില്ലായിരുന്നു. ലോകത്തിനു ലഭിച്ച അടയാളം ശീലകൾ ചുറ്റി പശുത്തൊട്ടിയിൽ കിടക്കുന്ന ഒരു ശിശുവായിരുന്നു. ആട്ടിടയരോട് ദൈവദൂതൻ സർവജനത്തിനുമുണ്ടാകുവാനുള്ള മഹാസന്തോഷം അറിയിക്കുന്നു: "കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. സ്വന്തപുത്രനെ മാനവവിമോചനത്തിനായി ഭൂമിയിലേക്കയച്ച ദൈവത്തിന്റെ സ്നേഹമാണ് ക്രിസ്മസിന്റെ സന്ദേശം. കരുതലിന്റെയും സ്നേഹത്തിന്റെയും ഉറവുകൾ വറ്റിവരണ്ട സമൂഹത്തിൽ ക്രിസ്മസ് പ്രത്യാശ പകരട്ടെ. ഇമ്മാനുവൽ, ദൈവം നമ്മോടുകൂടെ, എന്ന സത്യം നാം മറക്കരുത്. ഇനിയുമൊരു യേശു നമ്മുടെ ഹൃദയത്തിൽ വന്നു പിറക്കുകയല്ല വേണ്ടത്, മറിച്ച്, നമ്മുടെ ഹൃദയത്തിൽ കുടികൊള്ളുന്ന യേശുവിനെ തിരിച്ചറിയുവാൻ നമുക്കു കഴിയണം. ജനകോടികളുടെ ആത്മസംതൃപ്തിക്കായി സ്വർഗ്ഗം വെടിഞ്ഞ ജീവനുള്ള അപ്പമായ ക്രിസ്തുവിനെ നമ്മുടെ ഉള്ളത്തിൽ ജനിപ്പിക്കുന്നതാണ് ക്രിസ്മസ്.

*സാജു ചാക്കോ, കുറ്റപ്പുഴ*

# കഥയില്ലാത്ത അൽപ്പം ചില്ലറക്കാര്യങ്ങൾ



ഡോ. കെ. വി. വർഗീസ്

## സെമിനാരിപ്പറമ്പിലെ പ്ലാവ്

ഇത് യഥാർത്ഥ കഥയാണോയെന്ന് എനിക്കറിഞ്ഞുകൂടാ. സെമിനാരിപ്പറമ്പിൽ ഒരു പടുകൂറ്റൻ പ്ലാവുണ്ടായിരുന്നു. പടർന്നു പന്തലിച്ചുനിന്ന ആ പ്ലാവ് നല്ല തണൽ നൽകിയതിനാൽ പ്രിൻസിപ്പലച്ചന്റെ അടുക്കളയിലും ബഡ്റൂമിലും ചൂടുള്ളപ്പോൾ പോലും തണുപ്പ് അനുഭവപ്പെടുമായിരുന്നു. പ്ലാവിന്റെ ഏക പോരായ്മ, അതു ഫലം പുറപ്പെടുവിക്കാത്ത ഒരു വൃക്ഷം ആയിരുന്നുവെന്നുള്ളതു തന്നെ. അങ്ങനെയിരിക്കെ ഹോസ്റ്റലിലെ വൈദിക വിദ്യാർത്ഥികളുടെ മനസ്സിൽ ഒരു ആശയം ഉദിച്ചു. ഹോസ്റ്റൽ മെസ്സ് ഹാളിൽ എല്ലാവർക്കും ഒറ്റയടിക്കു ഭക്ഷണം കഴിക്കാനാവശ്യമായ മേശയും കസേരയുമുണ്ടായിരുന്നില്ല. അതുകൊണ്ട് വേദപുസ്തകം ഉദ്ധരിച്ചുകൊണ്ടു തന്നെ വിഷയം പ്രിൻസിപ്പലച്ചന്റെ മുന്നിൽ അവതരിപ്പിക്കണമെന്ന് അവർ തീരുമാനിച്ചു ഇപ്പോൾ തന്നെ വൃക്ഷങ്ങളുടെ ചുവടിനു കോടാലി വച്ചിരിക്കുന്നു; നല്ല ഫലം കായ്ക്കാത്ത വൃക്ഷമെല്ലാം വെട്ടി.......അവർ അതു പൂർത്തിയാക്കുന്നതിനുമുമ്പ് അച്ചൻ പറഞ്ഞു: ചുട്ടു കരിച്ചു കളയണം. വിദ്യാർത്ഥികൾ പരുങ്ങലിലായി. അവർ പറഞ്ഞു: അച്ചാ, അവസാനത്തെ ഭാഗത്തിന് ഒരു ഭേദഗതിയുമായാണു ഞങ്ങൾ വന്നിരിക്കുന്നത്. ചുട്ടുകളയണം എന്നതിന് ഉരുപ്പടികളാക്കണം എന്ന ഭേദഗതിയാണ് ഞങ്ങളുടെ മനസ്സിലുള്ളത്. അച്ചന് സംഗതി എന്താണെന്നു പിടികിട്ടി. ഫലമുണ്ടാകാത്ത പ്ലാവു വെട്ടി അവർക്ക് മേശയും കസേരയും ഉണ്ടാക്കണമത്രെ! നിർദ്ദേശം അച്ചന് ഇഷ്ടപ്പെട്ടില്ലെങ്കിലും കുട്ടികളെ പിണക്കുന്നതു നന്നല്ലെന്നു കരുതി ആലോചിക്കാമെന്നു പറഞ്ഞു അവരെ മടക്കിയയച്ചു.

തോട്ടക്കാരൻ വാർത്ത മണത്തറിഞ്ഞു. അദ്ദേഹം ഞെട്ടിപ്പോയി. തനിക്ക് രണ്ട് ആടുകളുണ്ട്. അവ രണ്ടും ആ പ്ലാവിന്റെ ഇല തിന്നാണു വളർന്നത്. പ്ലാവു വെട്ടിയാൽ പച്ചിലയ്ക്കായി താൻ എവിടെപ്പോകും. അതുകൊണ്ട് എന്തു വില കൊടുത്തും ഈ നീക്കം തടയണം. തോട്ടക്കാരൻ ഞൊടിയിടയിൽ പ്രിൻസിപ്പലച്ചന്റെ ബംഗ്ലാവിനു പിന്നിലെത്തി സംഭ്രമജനകമായ ഈ വാർത്ത കൊച്ചമ്മയെ അറിയിച്ചു. ആശ്വാസകരമായ തണൽ നൽകുന്ന ആ പ്ലാവിന്റെ തിരോധാനത്താലുണ്ടാകാവുന്ന അപകടത്തെപ്പറ്റി അയാൾ പറഞ്ഞു. കൊച്ചമ്മ അസ്വസ്ഥയായി. അച്ചൻ വന്നപ്പോൾ കൊച്ചമ്മ ചോദിച്ചു: നമ്മുടെ പ്ലാവു വെട്ടാൻ വല്ല തീരുമാനവുമെടുത്തോ? അച്ചൻ അത്ഭുതപ്പെട്ടു. ആരാണ് ഇത്ര വേഗം ഈ ന്യൂസ് ഇവിടെ എത്തിച്ചത്? ഒരു തീരുമാനവുമെടുത്തില്ലെന്ന് അച്ചൻ പറഞ്ഞപ്പോൾ കൊച്ചമ്മ പ്രതികരിച്ചു. അച്ചൻ പ്ലാവു വെട്ടാൻ സമ്മതിക്കില്ലെന്ന് എനിക്കറിയാം. അച്ചൻ ഇക്കോളജിയുടെ ദൈവശാസ്ത്രമല്ലേ പഠിപ്പിക്കുന്നത്. അതുകൊണ്ട് പ്ലാവു വെട്ടിയാൽ ഒന്നാമതു പ്രതിക്കൂട്ടിലാകുന്നത് അച്ചനായിരിക്കും. ഭാര്യ പറയുന്നതിൽ കഴമ്പുണ്ടെന്ന് അച്ചനു തോന്നി. അച്ചനും കൊച്ചമ്മയും പ്ലാവു വെട്ടുന്നത് എതിർക്കുമെന്നു ബോധ്യമായപ്പോൾ തോട്ടക്കാരൻ ആശ്വസിച്ചു. അയാളെ സംബന്ധിച്ചിടത്തോളം ഇതൊരു ജീവന്മരണപ്രശ്നമായിരുന്നു. പച്ചിലയ്ക്കായി നാടു മുഴുവൻ തെണ്ടി നടക്കുവാൻ അയാൾ തയാറായിരുന്നില്ല. അതുകൊണ്ട് പയറ്റാവുന്ന അടവുകളെല്ലാം ഉപയോഗിക്കാമെന്നു തന്നെ അയാൾ ഉറച്ചു. ഈ സാഹചര്യത്തിലാണ് അടുത്തുള്ള വിശ്വാസമന്ദിരത്തിലെത്തി പാസ്റ്ററുടെ സഹായം അയാൾ തേടിയത്. രാത്രിയിൽ ആരും കാണാതെ രണ്ടു സഹായികളുമായി അദ്ദേഹം പ്ലാവിൻ ചുവട്ടിലെത്തുകയും എല്ലാവരും പ്ലാവിൽ കെട്ടിപ്പിടിച്ചുകൊണ്ട് ഫലം പുറപ്പെടുവിക്കുവാൻ പ്രാർത്ഥിക്കുകയും ചെയ്തു. അത്ഭുതമെന്നു പറയട്ടെ, രണ്ടാഴ്ചകൾക്കുശേഷം പ്ലാവിൽ തിരി വന്നു തുടങ്ങി. ആർപ്പുവിളികളോടെ ഈ വാർത്ത നഗരത്തിന്റെ എല്ലാ മൂലയിലും അവരെത്തിച്ചു. വിശ്വാസമുണ്ടെങ്കിൽ ചക്ക വേരിലും കായിക്കും. എങ്കിലും തിരികൾ പൊഴിഞ്ഞുകൊണ്ടിരുന്നു. അവസാനം ഒരെണ്ണം മാത്രം അവശേഷിച്ചു. വേരിൽ മുളച്ച ഒരു തിരി. അതു കൊഴിഞ്ഞില്ലെന്നു മാത്രമല്ല, ക്രമേണ ചക്കയായി തീരുകയും ചെയ്തു. അതു വിളഞ്ഞു പഴുക്കാറായപ്പോൾ വിശ്വാസമന്ദിരത്തിലെ സന്തോഷത്തിന് അതിരില്ലായിരുന്നു. ഒരു ദിവസം പ്ലാവിൻ ചുവട്ടിൽ മരുന്നൊഴിക്കാനെത്തിയ കൊച്ചമ്മ കണ്ടത് ഏതോ ജീവി പകുതിയോളം തിന്നുപേക്ഷിച്ച ചക്കയുടെ ഭാഗങ്ങളായിരുന്നു. ഒരാഴ്ചയ്ക്കുശേഷം പ്രഭാതപ്രാർത്ഥനയ്ക്കായി മുട്ടുകുത്തിയ തോട്ടക്കാരനോടു ദൈവം ചോദിച്ചു: ഔസേപ്പേ, ചക്കയുടെ കാര്യത്തിൽ നിനക്കു ലാഭമാണോ നഷ്ടമാണോ ഉണ്ടായത്? ഔസേപ്പു വല്ലാതെ കുഴങ്ങി. അയാൾ പറഞ്ഞു: അഴുകിയ ചക്ക ആടിനു കൊടുത്തു. പക്ഷേ ഒരു ചെറിയ തെറ്റു ചെയ്യേണ്ടിവന്നു. ഒറിജിനൽ ചക്ക പഴുത്തു പാകമായി എന്റെ അടുക്കളയിലുണ്ട്. അത് ആരും സംശയിക്കാത്ത രീതിയിൽ പറിച്ചെടുത്തതു ഞാനാണ്. പകരം ചന്തയിൽ അളിഞ്ഞുപേക്ഷിച്ച നിലയിൽ കണ്ട ഒരു ചക്ക ഞാൻ അവിടെ കൊണ്ടിടുകയും ചെയ്തു. ഔസേപ്പ് പാവപ്പെട്ടവനാണെങ്കിലും നീതിബോധമുള്ളവനാണ്. ആ ഒന്നാന്തരം വരിക്കച്ചക്കയുടെ മുക്കാൽ ഭാഗം മുറിച്ച് ഹോസ്റ്റലിലേക്കും ബാക്കിയുടെ പകുതി എനിക്കും അച്ചനുമായി വീതിക്കുകയും ചെയ്തു. ഒരു കൊച്ചുകള്ളം പറയേണ്ടിവന്നു. ദാനം നൽകിയ ചക്ക മറിയാമ്മയുടെ അപ്പൻ കൊടുത്തയച്ചതാണെന്ന്. ദൈവം പറഞ്ഞു: അല്പം കള്ളത്തരം കയ്യിലുള്ള നല്ലവനും വിശ്വസ്തനുമായ ദാസനേ, ചില്ലറ ഉപാധികളോടെ നീ അല്പത്തിൽ വിശ്വസ്തനായിരുന്നതിനാൽ നിന്നെ ഞാൻ അധികത്തിനു വിചാരകനാക്കും. പിറ്റേ വർഷം വേരുൾപ്പടെ കൊമ്പു മുഴുവൻ ചക്കയായി കായിക്കുകയും, കള്ളനും വെള്ളനും കിളികൾക്കുമെല്ലാം മതിയായവിധം ഫലം പുറപ്പെടുവിച്ച് പ്ലാവ് സായൂജ്യമടയുകയും ചെയ്തു. ഇതൊരു വലിയ നേട്ടമായിരുന്നു. അച്ചൻ പരിസ്ഥിതിയുടെ ശക്തനായ ഒരു വക്താവായി. വിശ്വാസികൾക്ക് പ്ലാവ് ഒരത്താണിയായി. **പ്രതികരിച്ചാൽ വൃക്ഷം പോലും ഫലം പുറപ്പെടുവിക്കുമെന്നു വൈദിക വിദ്യാർത്ഥികൾക്കു പ്രസംഗിക്കാൻ കഴിഞ്ഞു.** ഔസേപ്പിന്റെ ആടുകൾക്കായിരുന്നു പ്രധാന നേട്ടം. ●

***Children's version of Christmas carols***

*"...sleep in heavenly* ***peas****"*

*"Joy to the world, the Saviour* ***rains****"*

*"Angels we have heard on high, sweetly singing o'er the* ***plane****"*

*"While shepherds* ***washed*** *their* ***socks*** *by night"*



# പ്രതികരണങ്ങൾ

I wish to congratulate you for having boldly conveyed your stand on the wrong decision taken by the CSI Madhya Kerala Diocese in regard to the appointments in its schools and colleges. An octogenerian born and brought up in the Diocese, it is painful for me to hear of the unwise decision. It is indeed sad that the church, instead of being a guiding light house, is losing its vision! I hope wise counsels will prevail.

*M. J. Jacob, Tiruchirapalli*

■ ■

It is indeed painful and disgusting that the CSI Madhya Kerala Diocesan Executive has decided to take bribes for the appointment of teachers in its schools and colleges. How very sad our church is controlled by unwanted elements! In the words of the late Prof. T. B. Thomas, "it is deliberately eschewing christian ideals and relying on practical wisdom for the extension of the kingdom of God."

*M. J. Varkey, Ernakulam*

■ ■

രോഗശാന്തി ശുശ്രൂഷകനായ ശ്രീ. ജോസ് ആനത്താനം ഒരു കൂട്ടായ്മ യോഗത്തിൽ വിളിച്ചുപറഞ്ഞു, "ആർക്കെങ്കിലും ഒരു ശവം ഇവിടെയിപ്പോൾ കൊണ്ടുവരാൻ കഴിയുമെങ്കിൽ ഞാൻ പ്രാർത്ഥിച്ച് ആ ശവത്തെ ഉയിർത്തെഴുന്നേൽപ്പിച്ചു തരാം. ധൈര്യമുള്ളവരുണ്ടെങ്കിൽ ഒരു ശവം കൊണ്ടുവരാൻ ഞാൻ വെല്ലുവിളിക്കുന്നു." ചുവടെ ചേർക്കുന്ന കാര്യങ്ങൾ അദ്ദേഹത്തിന് ധൈര്യം പകരുന്നു. കൂട്ടായ്മയോഗത്തിൽ അദ്ദേഹമാവശ്യപ്പെടുമ്പോൾ ശവം കൊണ്ടുവരുന്നത് പ്രായോഗികമല്ല. ഇത്ര കഴിവുണ്ടെങ്കിൽ മരണവീട്ടിൽ ചെന്ന് അവർ സ്വാഗതം ചെയ്യുകയാണെങ്കിൽ ശവത്തെ ഉയിർത്തെഴുന്നേൽപ്പിച്ച് ദൈവനാമം മഹത്വപ്പെടുത്തുവാൻ കൂട്ടായ്മയോഗത്തിൽ എഴുന്നേറ്റു നിന്ന് തിരിച്ച് വെല്ലുവിളിക്കാൻ മനസ്സുള്ളവർ അതിനായി ആ യോഗത്തിനു വന്ന് മിനക്കെടുകയില്ല. ശാരീരിക രോഗം ഒരു ശരീരാവയവത്തിന്റെ കാര്യക്ഷമതയില്ലായ്മാണെന്നും, ആ അവയവം പൂർണ്ണമായി പ്രവർത്തനരഹിതമാകുന്നത് ആ രോഗത്തിന്റെ മൂർദ്ധന്യാവസ്ഥയാണെന്നും, എല്ലാ അവയവങ്ങളും പ്രവർത്തനരഹിതമാകുന്നത് ആകമാന രോഗത്തിന്റെ ഉച്ചകോടിയാണെന്നും അതാണ് മരണമെന്നും അത് എല്ലാവർക്കും വിധിച്ചിരിക്കുന്നുവെന്നും അറിയുന്നവർ അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ വരികയില്ല. അദ്ദേഹത്തിനറിഞ്ഞു കൂടാത്തവയും ധൈര്യം പകരുന്ന ഘടകങ്ങളാണ്. ഉദാഹരണമായി, സങ്കീർത്തനം 103:3-ൽ 'സമാനാർത്ഥമുള്ള സമാന്തരവാക്യങ്ങൾ' എന്ന എബ്രായ ഭാഷാലങ്കാരമുള്ളതിനാൽ അകൃത്യം എന്നതിനു രോഗം എന്നും, മോചനം എന്നതിന് സൗഖ്യം എന്നുമുള്ള വാക്കുകൾ ഉപയോഗിച്ചിരിക്കുന്നുവെന്നേയുള്ളൂ. അതുകൊണ്ട് ആ വാക്യം ആത്മികസൗഖ്യത്തെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്; ശാരീരിക സൗഖ്യത്തെക്കുറിച്ചല്ല. Ignorance is a bliss, but it is not an excuse. അന്ത്യകാലത്ത് കള്ളനാണയങ്ങൾ പെരുകും.

*ഡോ. കെ. ജേക്കബ് കുര്യൻ*
*(ഇൻഡ്യ ബാപ്ടിസ്റ്റ് തിയോളജിക്കൽ സെമിനാരി പ്രിൻസിപ്പൽ)*

■ ■

സെപ്ടംബർ ലക്കത്തിലെ '**വെട്ടുക്കിളികൾ യഹോവയുടെ മഹാസൈന്യങ്ങൾ**' എന്ന ആധികാരിക ലേഖനം സമകാലിക പ്രാധാന്യമുള്ളതാണ്. അവസാന ഖണ്ഡികയിലെ 'യോഹന്നാൻ സ്നാപകന്റെ ആഹാരം വെട്ടുക്കിളിയും കാട്ടുതേനുമായിരുന്നല്ലോ' എന്ന വേദവാക്യത്തിന്റെ ആശയത്തെ സംബന്ധിച്ച് അൽപ്പം അഭിപ്രായവ്യത്യാസമുണ്ട്. വെട്ടുക്കിളി മെഡിറ്ററേനിയൻ പ്രദേശത്തു വളരുന്ന ഒരു വൃക്ഷമായിട്ടാണ് വേദശാസ്ത്ര പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ വൃക്ഷത്തിന്റെ ഫലമാണ് യോഹന്നാൻ സ്നാപകൻ ഭക്ഷിച്ചതെന്നു കരുതപ്പെടുന്നു. അമ്പത് അടിയോളം പൊക്കമുള്ള ഈ വൃക്ഷത്തിന്റെ സസ്യശാസ്ത്ര നാമം Ceratonia siliqua F; Leguminoceae എന്നാണ്. കായ്കൾക്ക് 8" നീളമുണ്ട്. കട്ടിയുള്ള പുറംതോടിനുള്ളിൽ വിത്തുകളെ പൊതിഞ്ഞിരിക്കുന്ന മാംസളമായ ഭാഗം നല്ല സ്വാദും പോഷകമൂല്യവുമുള്ളതാണ്. പലസ്തീൻ നാട്ടിൽ ഈ വൃക്ഷം John's tree എന്നും ഇതിന്റെ കായ്കൾ John's bread എന്നും അറിയപ്പെടുന്നു. വെട്ടുക്കിളി എന്ന സംജ്ഞയുടെ പ്രത്യേകത മൂലം വളരെയധികം തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള ഈ വൃക്ഷം സാധാരണക്കാരുടെ ഭക്ഷണത്തിന്റെ ഉറവിടമാണ്.

*പ്രൊഫ. ഡോ. സൂസൻ ഫിലിപ്പ്,*
*തിരുവനന്തപുരം*

■ ■

പ്രകൃതിയുടെ രണ്ടു വശങ്ങളാണ് മനുഷ്യരും സസ്യജീവജാലങ്ങളും. എന്നാൽ, ഇന്ന് സകലവിധ ജീവകാരുണ്യപ്രവർത്തനങ്ങളും മനുഷ്യനുവേണ്ടി മാത്രമാണുള്ളത്. ഇതൊരു വിരോധാഭാസമാണ്. അതേസമയം, മനുഷ്യന്റെ ക്രൂരത മൃഗങ്ങളെ ലജ്ജിപ്പിക്കുംവിധവുമാണ്! തന്റെ സ്വന്തം ഛായയിൽ സൃഷ്ടിച്ച മനുഷ്യനെ ദൈവത്തിനു വിട്ടുപിരിയാൻ കഴിയുകയില്ല. ദൈവത്തിന്റെ സൃഷ്ടിയിൽ ഒന്നും പാഴായിട്ടില്ല. മനുഷ്യൻ ഈ സത്യം സൗകര്യപൂർവം മറന്ന്, കരുതലില്ലാതെ ഭൂമിയെ ചവിട്ടി മെതിക്കുന്നു! മനുഷ്യനില്ലെങ്കിലും മറ്റു ചരാചരങ്ങൾ നിലനിൽക്കും. എന്നാൽ, അവയില്ലെങ്കിൽ മനുഷ്യന്റെ നിലനില്പ് സങ്കല്പിക്കാൻ തന്നെ പ്രയാസം!

*സി. എസ്. വറുഗീസ്, കോടുകുളഞ്ഞി.*

■ ■

ഓസ്കാർ അവാർഡ് ജേതാവായ മെൽ ഗിബ്സൻ നിർമ്മിച്ച ദ പാഷൻ ഓഫ് ക്രൈസ്റ്റ് എന്ന ചലച്ചിത്രത്തിന് അത്യന്തം ആവേശകരമായ സ്വീകരണമാണ് ലോകമെമ്പാടും ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ ചിത്രത്തിൽ യേശുക്രിസ്തുവിന്റെ പീഡാനുഭവരംഗങ്ങളും ക്രൂശുമരണവും ഹൃദയാവർജ്ജകമായി ചിത്രീകരിച്ചിട്ടുണ്ട്. അനേകരുടെ ആത്മീയ-വിശ്വാസ തലങ്ങളിൽ സ്ഥായിയായ ചലനങ്ങൾ സൃഷ്ടിക്കുന്നതിനും അവരെ മാനസാന്തരത്തിന്റെ അനുഭവത്തിലേക്കു നയിക്കുന്നതിനും ഈ ചിത്രത്തിനു സാധിച്ചത്, പ്രമേയത്തിന്റെ ആവിഷ്കാര മികവിനു സാക്ഷ്യം വഹിക്കുന്നു. ചിത്രത്തിൽ ആമുഖമായി നൽകിയിട്ടുള്ള സഹന ദാസനെപ്പറ്റിയുള്ള ആശയങ്ങൾ ഉൾക്കൊള്ളുന്ന വചനങ്ങൾ (യെശയ്യാവ് 53:4-6) ഇസ്രയേൽ ജനതയെ പൊതുവേ സൂചിപ്പിക്കുന്നതാണെന്നും ഇത് യേശുക്രിസ്തു തന്നെയാണെന്നതിന്റെ സൂചനകൾ സുവിശേഷങ്ങളിൽ നിന്ന് ലഭിക്കുന്നില്ലെന്നുമാണ്, ആമുഖവചനങ്ങളുടെ അപ്രസക്തിക്കു നിദാനമായി ചില ഒറ്റപ്പെട്ട നിരൂപണങ്ങൾ സൂചിപ്പിക്കുന്നത്. യഹൂദപണ്ഡിതന്മാർ കർത്തൃദാസനായി ഇസ്രയേലിനെ മാത്രം കാണുന്നതിൽ അതിശയിക്കാനില്ല. മോശയുടെ പ്രവാചകത്വവും ദാവീദിന്റെ രാജത്വവും തമ്മിൽ സമന്വയിപ്പിക്കുകയും അടിപ്പിണരാലും ക്രൂശുമരണത്താലും അന്തിമവിജയം കൈവരിക്കുകയും ചെയ്ത യേശുക്രിസ്തു തന്നെയാണ് പഴയനിയമത്തിൽ നിഴലായി അവതരിപ്പിച്ചിരിക്കുന്ന സഹനദാസനെന്നത് വിവാദങ്ങൾക്കതീതമായി പരക്കെ സ്വീകരിച്ചിട്ടുള്ളതാണല്ലോ. അബ്രഹാമിനു നൽകിയ അനുഗ്രഹ വാഗ്ദാനവും ദാവീദിനു നൽകിയ രാജകീയ രക്ഷാവാഗ്ദാനങ്ങളും പരിപൂർണ്ണതയിൽ നിറവേറിയത് അഭിഷിക്തനായ യേശുവിലൂടെ മാത്രമായിരുന്നു. ഇസ്രയേലിലെ തിരഞ്ഞെടുക്കപ്പെട്ടവൻ എന്ന മഹദ്ചിത്രം പഴയനിയമത്തിലെ ഒരു വ്യക്തിയിലും ആരോപിക്കാൻ സാധ്യമല്ല. ദാനിയേൽ പ്രവചനത്തിലെ മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ എന്ന ആശയവും സുവിശേഷത്തിലെ യേശുവിന്റെ തിരുവചനങ്ങളും (മർക്കോസ് 8:31, 9:31) സംയോജിപ്പിച്ചു ചിന്തിച്ചാൽ സഹനദാസനെന്ന് യെശയ്യാവ് അവതരിപ്പിച്ച വ്യക്തിയുടെ പൂർണ്ണ സാക്ഷാത്കാരം മനുഷ്യപുത്രനെന്ന് സ്വയം വിശേഷിപ്പിച്ച യേശുവിൽത്തന്നെയായിരുന്നുവെന്ന നിഗൂഢ സത്യം വെളിവാകും. ദൈവനിവേശിതങ്ങളായ ലിഖിതങ്ങൾക്കെല്ലാം ദൈവശാസ്ത്രപരവും ചരിത്രപരവും നിഗൂഢപരവുമായ ത്രിമാന സ്വഭാവമുണ്ട്. ഈ സാഹചര്യത്തിൽ സഹനദാസൻ എന്ന

# പരിസ്ഥിതി സംരക്ഷണം

## 2004 ഒക്ടോബറിൽ നടന്ന പരിസ്ഥിതി ക്യാമ്പിൽ പങ്കെടുത്ത സഭാപ്രതിനിധികൾ പുറപ്പെടുവിച്ച സംയുക്ത പ്രസ്താവന

മനുഷ്യർക്ക് ജീവനുണ്ടാകണമെന്നും അത് സമൃദ്ധിയായി ഉണ്ടാകണമെന്നും, നമ്മളൊക്കെ ജീവിക്കുന്നവരും ജീവിപ്പിക്കു
ന്നവരുമായി തീരണമെന്നുമാണ് ദൈവമാഗ്രഹിക്കുന്നത്. നമ്മുടെ അനുഭവങ്ങൾ സമൃദ്ധിയായ ജീവന്റെ അനുഭവം തരു
ന്നില്ലെങ്കിൽ അതിന്റെ കാരണങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. ഈയൊരു അന്വേഷണത്തിലാണ് പരിസ്ഥിതി പ്രശ്നങ്ങ
ളുടെ ഗൗരവം നമ്മൾ കണ്ടെത്തുന്നത്. ദൈവം മനുഷ്യനോടു പറഞ്ഞു-ദയയുള്ളവനാകുക. മനുഷ്യനോ ദുരയുള്ളവനായി,
അവന്റെ ജീവിതം ദുരിതത്തിലുമായി. മനുഷ്യർ ഇന്നും ഏറെ സ്വാർത്ഥരായിരിക്കുന്നു. ആഡംബരവും ധൂർത്തും ആധുനിക
യുഗത്തിന്റെ മുഖമുദ്രകളായിരിക്കുന്നു. ഇവിടെ ഒരു മരണസംസ്കാരം വളർന്നുവരുന്നു. പരിസ്ഥിതി പ്രശ്നങ്ങൾ അടിയ
ന്തര ശ്രദ്ധയർഹിക്കുന്ന ഒന്നായി നാം മനസ്സിലാക്കുകയാണ്. ചൂഷണത്തിന്റെ ലോകത്തിൽ ശോഷണത്തിന്റെ തീവ്രവേദന
കൾ ശിഥിലമാക്കുന്ന മനുഷ്യരായി നാം തീർന്നുകൊണ്ടിരിക്കുന്നു. മൂല്യശോഷണത്തിന്റെ ലോകത്തിൽ അസന്തുഷ്ടരും
അനാരോഗ്യരുമായി വിറങ്ങലിച്ചുനിൽക്കാതെ, നാം പ്രവർത്തനനിരതരാകേണ്ടിയിരിക്കുന്നു. നമ്മുടെ ക്രൈസ്തവ മനസ്സാക്ഷി
ഉണരണം, പാരിസ്ഥിതികപ്രശ്നങ്ങളോട് ക്രിസ്തീയമായി പ്രതികരിക്കണം. പ്രതികരണം ബൗദ്ധികതയിൽ മാത്രം ഒതു
ങ്ങാതെ പ്രായോഗിക മാനങ്ങൾ തേടി വിടരണം. പരിസ്ഥിതി സംരക്ഷണത്തിന് സർക്കാർ തലത്തിൽ സമ്മർദ്ദം ചെലുത്തു
ക, സഭാതലത്തിൽ നേതൃത്വം കൊടുക്കുക, സഭാജനങ്ങൾ സ്വന്തം ജീവിതശൈലിയിൽ മാറ്റം വരുത്തുക തുടങ്ങിയവ അടി
യന്തര പ്രാധാന്യമർഹിക്കുന്നു. അതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സർക്കാരിന്റെയും സഭയുടേയും സഭാജനങ്ങളുടെയും
പരിഗണനയ്ക്കായി വയ്ക്കുന്നു.

സാഹോദര്യം വളരുവാൻ കുടുംബത്തിൽത്തന്നെ പരിശീലനമാരംഭിക്കണം. സഹജീവികളോട് ആദരവും കരുണയുമുണ്ടാ
കേണ്ടത് ആവശ്യമാണ്. താരതമ്യങ്ങളും മത്സരങ്ങളും കഴിയുന്നിടത്തോളം ഒഴിവാക്കി, ഒന്നാമനാകുക എന്നതല്ല, ഒന്നിക്കുക
എന്നതാണ് മഹത്തരമെന്ന് വരുംതലമുറയെ നമുക്ക് പഠിപ്പിക്കാം. മതപഠനകേന്ദ്രങ്ങളിൽ ഈ അവബോധം സൃഷ്ടിക്കുന്ന
പാഠ്യപദ്ധതികൾ അനിവാര്യമാണ്. ആഘോഷങ്ങളിൽ മിതത്വം പാലിക്കുവാൻ നാം തയാറാകണം. പ്ലാസ്റ്റിക്കിന്റെ ഉപയോഗം
കഴിവതും നിരുത്സാഹപ്പെടുത്തേണ്ടതാണ്. ശബ്ദമലിനീകരണത്തിനിടയാക്കാത്ത സ്പീക്കറുകൾ ഉപയോഗിക്കുവാൻ ശ്രമി
ക്കുക. സഭ ക്രമീകരിക്കുന്ന പരിപാടികളുടെ ഓർമ്മ നിലനിർത്തുവാൻ ചെടികൾ നട്ടു പരിപാലിക്കുന്നത് നന്നായിരിക്കും.
സഭാജനങ്ങളിൽ പാരിസ്ഥിതികാവബോധം വളർത്തുവാൻ പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിശേഷദിനങ്ങളിൽ പ്രത്യേക
ചടങ്ങുകൾ ക്രമീകരിക്കുന്നതും അഭികാമ്യമാണ്. നദികൾ പ്രകൃതിയുടെ വരദാനമാണെന്നു തിരിച്ചറിഞ്ഞ് അവ സംരക്ഷി
ക്കുവാനുള്ള നടപടികൾ എടുക്കേണ്ടിയിരിക്കുന്നു. ജലസ്രോതസ്സുകൾ സംരക്ഷിക്കുകയും ജലമലിനീകരണത്തിനെതിരെ
പ്രതികരിക്കുകയും വേണം. കുളങ്ങളും കാവുകളും നമ്മുടെ സംസ്കാരത്തിന്റെയും തനിമയുടേയും ഭാഗമാണ്. വയലുകളും
ചതുപ്പുനിലങ്ങളും നികത്തുകവഴി വേനൽക്കാലത്തെ ജലശ്രോതസ്സും ജൈവവൈവിദ്ധ്യവും നശിപ്പിക്കുകയാണെന്ന് നാം
മനസ്സിലാക്കണം. ജൈവവൈവിദ്ധ്യം സംരക്ഷിക്കണം. ബഹുവിള കൃഷിസമ്പ്രദായം വ്യാപകമാക്കുന്നതിൽക്കൂടി കീടനാശി
നികളുടെ ഉപയോഗം കുറയ്ക്കുവാൻ സാധിക്കും. ജൈവകൃഷി പ്രചരിപ്പിക്കുവാൻ നാം ശ്രമിക്കണം. ജൈവ ഇന്ധനത്തിന്റെ
ഉപയോഗം കഴിവതും കുറയ്ക്കുക. മോട്ടോർ വാഹനങ്ങൾ മലിനീകരണനിയന്ത്രണനിയമങ്ങൾ കൃത്യമായി പാലിക്കുവാൻ
വേണ്ട ക്രമീകരണങ്ങൾ ചെയ്യണം. കാറ്റിൽ നിന്നും സൂര്യപ്രകാശത്തിൽ നിന്നുമുള്ള വൈദ്യുതിയെ കൂടുതലായി ആശ്രയി
ക്കത്തക്ക സംവിധാനങ്ങൾ ഉണ്ടാകുവാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തുവാൻ സഭകൾക്കു സാധിക്കണം. പുകയില്ലാ അ
ടുപ്പുകൾ, പ്രഷർ കുക്കർ തുടങ്ങി ഊർജ്ജം ലാഭിക്കുവാൻ സഹായിക്കുന്ന ഉപകരണങ്ങൾ വ്യാപകമായി ഉപയോഗിക്കുന്ന
തിലൂടെ ഊർജ്ജപ്രതിസന്ധി കുറയ്ക്കുവാൻ ഒരു പരിധിവരെ സാധിക്കും. പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരമാ
കുന്ന രീതിയിൽ വേദപുസ്തകത്തെ പുനർവ്യാഖ്യാനം ചെയ്യാൻ ശ്രമിക്കുക.

---

യെശയ്യാവിന്റെ ആശയം പഴയനിയമത്തിലെ ചരിത്രപരമായ പശ്ചാത്തലത്തിൽ ഒതുക്കിനിർത്താൻ പാടില്ലാത്തതാകുന്നു. ജീർണ്ണതയുടെ വക്കിലെത്തി നിൽക്കുന്ന പാശ്ചാത്യ സഭകൾക്കു അനുതാപവും ഉണർവും പ്രദാനം ചെയ്യുന്നതിനു ഈ ചിത്രത്തിനു സാധിച്ചിട്ടുണ്ടെന്ന് മിക്കയാളുകളും അഭിപ്രായപ്പെടുന്ന സാഹചര്യത്തിൽ ദൈവശാസ്ത്രപരമായ വിവാദങ്ങൾക്കോ മറ്റു നിരൂപണങ്ങൾക്കോ പ്രാധാന്യമുണ്ടെന്നു കരുതേണ്ടതില്ല.

*പ്രൊഫ. ഡോ. സി. സി. ഏബ്രഹാം*

■ ■

The senior advisor to Bill Clinton had this to say when George Bush managed to retain the Presidency for a second term. "The evangelical churches became instruments of political organisation. Ideology was enforced as theology, turning non-conformity into sin and the faithful, following voter guides with Biblical literalism, were shepherded to the polls as though to the rupture. White Protestants especially in the South gave their souls and votes for flag and the cross. The campaign was one long revival."

Political activism by Christians, backed by the Church, is not the cause for worry here. Here is a President who based his actions on blatant lies leading to horrendous consequences for the rest of the world. The havoc caused in Iraq is several fold what Saddam Hussain could have ever caused to America even if he had the means to do it. The arrogance of George Bush in ignoring its trusted allies and the overwhelming public opinion all over the world stands unmatched in human history. By ignoring the United Nations and taking unilateral action he has destroyed the only institution mankind had in resolving international disputes in a civilized manner. The evangelicals in the U.S. South by not considering the immorality involved in all these actions and giving importance to the questions of abortion and gay marriages has completely put priorities upside down. It is a pity that the two foremost political leaders of the Western world, George Bush and Tony Blair, who claim to be practising Christians, impose so much misery on the rest of the world and still get away with it. Only in a uni-polar world can such excesses go unpunished. But we are more concerned here with the attitude of Christians. Every thinking Christian ought to ponder whether the morals and priorities they uphold are in line with Christ's teachings.

*K. P. Luke Vydhian, Bangalore*

NEW VISION FOR A CHANGING WORLD
Registered with the Registrar of Newspapers for India
under No. KER BIL/2000/1543
Annual subscription: Rs. 75/-
Postal Regn. No KL/CR/KTM/362/2003-0
DECEMBER 200

# Birds & Me





I am not an avid bird watcher
But I appreciate their call, attire and pose
Ornithologists say that there are 800 species of birds in India
They are aquatic and terrestrial birds.
To see them around we need to cultivate patience and passion.
Birding is an inexpensive hobby to be pursued
A pair of binoculars will keep us nearer to the friends of the air.

O birds! your care-free life makes me jealous
You move from place to place
From branch to branch
Your attire and your pose are beyond any word of admiration
Your strength to fly above the sea and the mountains is still a mystery
Your annual visit to my country is indeed a lesson for me
Some call you migratory birds!
Who has given you the navigation skills?
How do you know that you will have a resting place elsewhere?
What prompts you to return home?
You excel the jet engines of our most sophisticated air crafts
You move in flocks
Don't you fight against one another?
Are you pilgrims?
Do you take annual retreats?

O Man! we live on faith
We acquire strength through faith
Our reserved energy is kinetic
We live with the minimum
We live under the care of our creator
We express our gratitude at day-break
We sing praise to our Heavenly Father daily
We don't worry about tomorrow
We search for our food daily
It is wrapped and kept all over the earth
The fruits of the trees are also for us
The waters in the lake and ponds are for us too
But you have possessed them as if they are your own property
Our family members are only pointers to the one who created us
Learn from us the ABC of living.



Rev. Dr. M. J. Joseph
Bangalore



Printed & Published by the Rev. Prof. K.C. Mathew at Manganam, Kottayam
and owned by the Rev. Prof. K.C. Mathew, Chairperson, Nava Darshan Trust, Kottayam.
Editor: Dr. Mathew Koshy Punnackad ■ Printed at Learners' Offset Printers, C.M.S. College Road, Kottayam.